# പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തെട്ടാമത് റിപ്പോർട്ട്

(2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, ഖണ്ഡികകൾ 4.1 മുതൽ 4.9 എന്നിവ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**മുപ്പത്തെട്ടാമത് റിപ്പോർട്ട്**

(2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, ഖണ്ഡികകൾ 4.1 മുതൽ 4.9 എന്നിവ സംബന്ധിച്ച്**

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**

933/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 59 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | .. | 75 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം മുപ്പത്തെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, ഖണ്ഡികകൾ 4.1 മുതൽ 4.9 എന്നിവ സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2004-05 വർഷത്തെ റിപ്പോർട്ട് 2006 ജൂൺ 30-ന് സഭയിൽ സമർപ്പിച്ചു.

2015 ജൂലൈ 15-ാം തീയതിയിൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായം നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

# റിപ്പോർട്ട്

ഓഡിറ്റ് ഖണ്ഡിക

## പത്തനംതിട്ട ജില്ലയിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെ കീഴിൽ വനിതാ വികസനം

### ആമുഖം

3.4.1 1955-ലെ തിരുവിതാംകൂർ കൊച്ചി ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി. ഡി. എസ്.). സ്ത്രീ ശാക്തീകരണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമുള്ള കേന്ദ്രസംസ്ഥാന സർക്കാർ പദ്ധതികൾ സംസ്ഥാനത്തെ നഗരതദ്ദേശ സ്ഥാപനങ്ങളിലെ സി. ഡി. എസുകൾ നടപ്പാക്കുന്നു.


### ഓഡിറ്റിന്റെ വ്യാപ്തി

3.4.2 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നഗര കുടുംബങ്ങളിലെ സ്ത്രീശാക്തീകരണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഈ സംഘങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് അറിയുന്നതിനുവേണ്ടി പത്തനംതിട്ട ജില്ലയിലെ മുനിസിപ്പാലിറ്റികളിലെ സി. ഡി. എസുകൾ (അടൂർ, പത്തനംതിട്ട, തിരുവല്ല) 1995-2005 കാലഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികൾ, 2005 ജൂൺ-ജൂലൈ മാസങ്ങളിൽ അവലോകനം ചെയ്തു.

### സംഘടനാരൂപം

3.4.3 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (എ. ഡി. എസ്.) സംയോജിപ്പിച്ച് ഓരോ മുനിസിപ്പാലിറ്റിയും സി. ഡി. എസ്. രൂപീകരിക്കുന്നു. വാർഡ് തലത്തിലുള്ള എ. ഡി. എസുകൾ പത്ത് മുതൽ പതിനഞ്ച് വരെ അയൽക്കൂട്ടങ്ങൾ (എൻ. എച്ച്. ജി.) ചേർത്ത് രൂപീകരിക്കുന്നതാണ്. പ്രകടമായ ഒൻപത് ദാരിദ്ര്യ സൂചകങ്ങളുപയോഗിച്ച് സമൂഹാടിസ്ഥാനത്തിൽ നടത്തുന്ന സർവ്വേകളിലൂടെ കണ്ടെത്തുന്ന ഇരുപത് മുതൽ നാല്പത് വരെ ദരിദ്ര കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണ് ഓരോ അയൽക്കൂട്ടവും. നാലോ അതിലധികമോ അപായ ഘടകങ്ങളുള്ള ദരിദ്ര കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവയായി കണക്കാക്കുന്നു. രണ്ട് വർഷത്തേക്ക് പൊതുസഭ തെരഞ്ഞെടുക്കുന്ന ഗവേണിംഗ് കൗൺസിലാണ് സി. ഡി. എസിന്റെ ഭരണസമിതി. നഗരതദ്ദേശസ്ഥാപനതലത്തിൽ മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായ, താഴെ കാണിച്ചിരിക്കുന്നതുപോലെ ഒരു നിരീക്ഷണ ഉപദേശക സമിതിയും ഉണ്ട് :

സി. ഡി. എസിന്റെ സംഘടനാരൂപം




## എ. ഡി. എസ്./സി. ഡി. എസ്. ഇവയുടെ പ്രവർത്തനം

3.4.4 പരിശോധന നടത്തിയ മുനിസിപ്പാലിറ്റികളിൽ 1995-ൽ സി. ഡി. എസുകൾ രൂപീകരിച്ചു. സി. ഡി. എസുകളുടെ കീഴിൽ 20 എ. ഡി. എസുകളും 214 അയൽക്കൂട്ടങ്ങളും ഉണ്ടായിരുന്നു. 2004-ഓടെ മിക്കവാറും അയൽക്കൂട്ടങ്ങൾ അവയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനാകാതെ പ്രവർത്തനരഹിതമായി. ത്രിഫ്റ്റ് പിരിവ്, വായ്പാവിതരണം, തിരിച്ചടവ് ഇവയുടെ ശരിയായ കണക്ക് സൂക്ഷിക്കാൻ അവർക്ക് കഴിഞ്ഞില്ല. പത്തനംതിട്ട സി. ഡി. എസിൽ അംഗങ്ങൾക്ക് തിരിച്ചുകൊടുക്കേണ്ട ത്രിഫ്റ്റ് നിക്ഷേപവും തിരിച്ചടയ്ക്കേണ്ട വായ്പയും (1995-2005) യഥാക്രമം 6.5 ലക്ഷം രൂപയും 7.74 ലക്ഷം രൂപയുമായിരുന്നു. തിരുവല്ല സി. ഡി. എസിൽ അവ യഥാക്രമം 6.7 ലക്ഷം രൂപയും 10.37 ലക്ഷം രൂപയുമായിരുന്നു. കണക്ക് സൂക്ഷിക്കാത്തത് കാരണം അടൂർ സി. ഡി. എസിലെ സ്ഥിതി തിട്ടപ്പെടുത്താൻ കഴിയുമായിരുന്നില്ല. 2004 നവംബറിൽ ഈ മുനിസിപ്പാലിറ്റികളിൽ 30 എ. ഡി. എസുകളും 395 അയൽക്കൂട്ടങ്ങളും പുതുതായി രൂപീകരിച്ചു.

3.4.5 സി. ഡി. എസുകൾ നടപ്പിലാക്കിയ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ സ്വർണ്ണജയന്തി ഷഹാരി തൊഴിൽ പദ്ധതി (എസ്. ജെ. എസ്. ആർ. വൈ.), ദേശീയ ചേരി നിർമ്മാർജ്ജന പരിപാടി (എൻ. എസ്. ഡി. പി.), വാല്മീകി അംബേദ്കർ ഭവന പദ്ധതി (വാംബേ) ഇവയായിരുന്നു.

**സി. ഡി. എസ്. /എ. ഡി. എസ്. ഇവയുടെ ധനാഗമനം**

3.4.6 സ്വർണ്ണജയന്തി ഷഹാരി തൊഴിൽ പദ്ധതി, ദേശീയ ചേരി നിർമ്മാർജ്ജന പരിപാടി, വാല്മീകി അംബേദ്കർ ഭവന പദ്ധതി എന്നിവയുടെ കീഴിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന സമിതി (കുടുംബശ്രീ-ഒരു വനിതാധിഷ്ഠിത പ്രസ്ഥാനം) നൽകുന്ന തുകയാണ് സി. ഡി. എസുകളുടെ വരുമാന സ്രോതസ്സ്. അയൽക്കൂട്ടങ്ങൾ സമാഹരിക്കുന്ന ത്രിഫ്റ്റ് നിക്ഷേപങ്ങൾ, സി. ഡി. എസ്. നൽകുന്ന റിവോൾവിങ് ഫണ്ട്, ദേശീയ ചേരിനിർമ്മാർജ്ജന പരിപാടിയിൽ നിന്ന് ലഭിക്കുന്ന പ്രവർത്തന ഫണ്ട് ഇവയാണ് എ. ഡി. എസുകളുടെ വരുമാന സ്രോതസ്സുകൾ. ത്രിഫ്റ്റ് സമാഹരണത്തിൽ നിന്നും അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വായ്പ (സഞ്ചിത മിച്ചത്തിന്റെ നാലിരട്ടി വരെ) നൽകുന്നു. പലിശയുൾപ്പെടെ വായ്പ തിരിച്ചടവും എ. ഡി. എസിന്റെ നിധിയുടെ ഭാഗമാണ്. കൂടാതെ മുനിസിപ്പാലിറ്റിയുടെ വരുമാന അടങ്കലിന്റെ രണ്ട് ശതമാനം മാറ്റിവച്ച് ഒരു നഗര ദാരിദ്ര്യ നിർമ്മാർജ്ജന (യു. പി. എ.) നിധി രൂപീകരിക്കേണ്ടതുണ്ട്. ആ തുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി എസ് ജെ എസ് ആർ വൈ തുകയോട് കൂട്ടിച്ചേർക്കേണ്ടതാണ്.

**ധനവരവും ചെലവും**

3.4.7 മൂന്ന് മുനിസിപ്പാലിറ്റികളിലെ സി. ഡി. എസുകൾക്ക് അവയുടെ 1995-ലെ രൂപീകരണം മുതൽ 2005 മാർച്ച് വരെ ലഭ്യമായ തുകയും അതിൽ നിന്നുള്ള ചെലവും താഴെ കൊടുക്കുന്നു :

| മുനിസിപ്പാലിറ്റിയുടെ പേര് | പദ്ധതിയുടെ പേര് | വരവ് (രൂപ ലക്ഷത്തിൽ) | ചെലവ് (രൂപ ലക്ഷത്തിൽ) | ബാക്കി (രൂപ ലക്ഷത്തിൽ) | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| അടൂർ | എസ്. ജെ. എസ്. ആർ. വൈ. | 20.11 | 20.03 | 0.08 | 99.60 |
| | എൻ. എസ്. ഡി. പി. | 47.67 | 42.19 | 5.48 | 88.50 |
| | വാംബേ | 192.80 | 149.05 | 43.75 | 77.31 |
| | ആകെ | 260.58 | 211.27 | 49.31 | 81.08 |

| | | | | | |
|---|---|---|---|---|---|
| തിരുവല്ല | എസ്. ജെ. എസ്. ആർ. വൈ. | 78.77 | 66.39 | 33.48 | 66.48 |
| | | 21.10 | | | |
| | എൻ. എസ്. ഡി. പി. | 177.73 | 79.83 | 97.90 | 44.92 |
| | വാംബേ | 232.00 | 182.05 | 49.95 | 78.47 |
| | ആകെ | 509.60 | 328.27 | 181.33 | 64.42 |
| പത്തനംതിട്ട | എസ്. ജെ. എസ്. ആർ. വൈ. | 69.00<br>17.44 | 36.87 | 49.57 | 42.65 |
| | എൻ. എസ്. ഡി. പി. | 94.23 | 54.08 | 40.15 | 57.39 |
| | വാംബേ | 6.00 | 4.50 | 1.50 | 75.00 |
| | ആകെ | 186.67 | 95.45 | 91.22 | 51.13 |

3.4.8 തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികളിലെ വളരെ കുറവായ ധനവിനിയോഗം മുനിസിപ്പാലിറ്റികളുടെ തുടർ നിരീക്ഷണക്കുറവുമൂലമായിരുന്നു.

**അനുചിതമായ കണക്ക് സൂക്ഷിക്കൽ**

3.4.9 പദ്ധതി നടപ്പാക്കലിന് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച ശരിയായ കണക്കുകൾ തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികളിലെ സി. ഡി. എസുകളും ബന്ധപ്പെട്ട എ. ഡി. എസുകളും സൂക്ഷിച്ചിരുന്നില്ല. സി. ഡി. എസുകളും, എ. ഡി. എസുകളും ലഭ്യമാക്കിയ 2005 ജൂൺ വരെയുള്ള കണക്കുകളുടെ വിശദാംശങ്ങളിൽ താഴെ പറയും പ്രകാരം സാരമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു:

**പത്തനംതിട്ട മുനിസിപ്പാലിറ്റി**

| ഇടപാടിനം | തുക എ. ഡി. എസ് രേഖപ്രകാരം (രൂപ ലക്ഷത്തിൽ) | തുക സി. ഡി. എസ് രേഖപ്രകാരം (രൂപ ലക്ഷത്തിൽ) | വ്യത്യാസം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| ത്രിഫ്റ്റ് സമാഹരണം | 35.62 | 24.01 | 11.61 |
| പിൻവലിക്കൽ | 28.22 | 17.51 | 10.71 |

| | | | |
|---|---|---|---|
| ബാക്കി | 7.40 | 6.50 | 0.90 |
| വായ്പ | 39.35 | 26.22 | 13.13 |
| തിരിച്ചടവ് | 29.44 | 18.90 | 10.54 |
| ബാക്കി | 9.91 | 7.32 | 2.59 |

**തിരുവല്ല മുനിസിപ്പാലിറ്റി**

| ഇടപാടിനം | തുക എ. ഡി. എസ്. രേഖപ്രകാരം (രൂപ ലക്ഷത്തിൽ) | തുക സി. ഡി. എസ്. രേഖപ്രകാരം (രൂപ ലക്ഷത്തിൽ) | വ്യത്യാസം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| ത്രിഫ്റ്റ് സമാഹരണം | 14.59 | 13.68 | 0.91 |
| പിൻവലിക്കൽ | 5.19 | 6.98 | (-)1.79 |
| ബാക്കി | 9.40 | 6.70 | 2.70 |
| വായ്പ | 18.93 | 22.89 | (-)3.96 |
| തിരിച്ചടവ് | 11.28 | 10.37 | 0.91 |
| ബാക്കി | 7.65 | 12.52 | (-)4.87 |

3.4.10 അടൂർ മുനിസിപ്പാലിറ്റിയിലെ എ. ഡി. എസുകൾക്ക് റിവോൾവിംഗ് ഫണ്ടായും പ്രവർത്തനനിധിയായും കൊടുത്തിട്ടുള്ള തുകകളുടെ കണക്ക് സി. ഡി. എസ്. സൂക്ഷിച്ചിരുന്നില്ല. ത്രിഫ്റ്റ് സമാഹരണം, അതിൽ നിന്നുള്ള വായ്പാ വിതരണം, വായ്പാ തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട കണക്കുകൾ സി. ഡി. എസോ., എ. ഡി. എസുകളോ സൂക്ഷിച്ചിരുന്നില്ല.

3.4.11 സി. ഡി. എസുകളും എ. ഡി. എസുകളും സൂക്ഷിച്ച കണക്കുകളിലെ പൊരുത്തക്കേടുകൾ, പ്രവർത്തനങ്ങളിലും കണക്ക് സൂക്ഷിക്കുന്നതിലും ഇവ തമ്മിൽ ഏകോപനമില്ലെന്ന് വെളിപ്പെടുത്തി. ഭരണ സമിതികൾ സി. ഡി. എസുകളുടെയും എ. ഡി. എസുകളുടെയും പ്രവർത്തനം നിരീക്ഷിച്ചിരുന്നില്ല. വായ്പാ തിരിച്ചടവ്, ത്രിഫ്റ്റ് സമാഹരണം മുതലായവയുടെ ശരിയായ കണക്ക് സൂക്ഷിക്കുന്നത് ഇത്തരം സമിതികളുടെ പ്രവർത്തന വിജയത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. ശരിയായ കണക്കുകൾ സൂക്ഷിക്കാത്തതുകൊണ്ട്, കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

## 12.89 ലക്ഷം രൂപയുടെ ധനാപഹരണം/തിരിമറി

3.4.12 അടൂർ മുനിസിപ്പാലിറ്റിയുടെ സി. ഡി. എസിന്റെ രേഖകൾ പരിശോധിച്ചപ്പോൾ 1997-03 കാലഘട്ടത്തിൽ 11.41 ലക്ഷം രൂപ സി. ഡി. എസ്സിന്റെ നിധിയിൽ നിന്നും താഴെ വിവരിക്കുന്ന പ്രകാരം അപഹരിക്കപ്പെട്ടതായി വെളിപ്പെട്ടു:

(തുക ലക്ഷത്തിൽ)

| നമ്പർ | അവലംബിച്ച മാർഗ്ഗം | അപഹരിച്ച തുക |
|---|---|---|
| 1 | സെൽഫ് ചെക്കുവഴി ക്യാഷ് ബുക്കിൽ കാണിച്ചതിനേക്കാൾ കൂടുതൽ തുക പിൻവലിച്ചത് | 6.03 |
| 2 | ക്യാഷ് ബുക്കിൽ റദ്ദാക്കിയെന്ന് കാണിച്ച് ചെക്കുകൾ ബാങ്കിൽ നിന്നും മാറിയത് | 1.25 |
| 3 | വ്യാജ വൗച്ചർവഴിയോ വൗച്ചർ ഇല്ലാതെയോ പിൻവലിച്ച തുക | 3.57 |
| 4 | ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെ പിൻവലിച്ച തുക | 0.56 |
| | ആകെ | 11.41 |

3.4.13 'ലക്ഷംവീട് പദ്ധതി'യുടെ കീഴിൽ 45 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി 6.75 ലക്ഷം രൂപ 1999-2000-ൽ കെയുഡിഎഫ്സി-യിൽ നിന്നും വായ്പയെടുത്തിരുന്നു. 1999 ഡിസംബർ മുതൽ 2003 ജൂൺ വരെ ഗുണഭോക്താക്കൾ തിരിച്ചടച്ച 2.81 ലക്ഷം രൂപയിൽ 1.14 ലക്ഷം രൂപ മാത്രം 2004 മേയ് വരെ കെയുഡിഎഫ്സി-യിൽ അടയ്ക്കുകയും 0.19 ലക്ഷം രൂപ ഒരു ബാങ്ക് അക്കൗണ്ടിലും സൂക്ഷിച്ചിരുന്നു. ബാക്കി തുകയായ 1.48 ലക്ഷം രൂപ അപഹരിക്കപ്പെട്ടു.

3.4.14 അപഹരിക്കപ്പെട്ട ആകെ തുക 12.89 ലക്ഷം രൂപയായിരുന്നു. ഇത് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയപ്പോൾ, 2004 നവംബറിൽ മുനിസിപ്പാലിറ്റി വിജിലൻസ് വകുപ്പിനെ അറിയിക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. സർക്കാർ ഉത്തരവനുസരിച്ച്, ഗസ്റ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും നഗരകാര്യ ജോയിന്റ് ഡയറക്ടറും (കൊല്ലം) സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന സമിതി അക്കൗണ്ട്സ് ഓഫീസറും ഒരു അന്വേഷണം നടത്തുകയും ഓഡിറ്റിന്റെ കണ്ടെത്തൽ സ്ഥിരീകരിക്കുകയും ചെയ്തു. അന്ന്

സി. ഡി. എസ്. പ്രോജക്ട് ഓഫീസർ ആയിരുന്ന മുനിസിപ്പാലിറ്റിയിലെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറും ദിവസക്കൂലിയിൽ നിയമിച്ചിരുന്ന ഒരു ആർ. ഐ. എസ്. (റീപെയ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സന്നദ്ധപ്രവർത്തകനും ചേർന്നാണ് ധനാപഹരണം നടത്തിയതെന്ന് അന്വേഷണത്തിൽ സ്ഥിരീകരിച്ചു.

3.4.15 മുനിസിപ്പാലിറ്റിയിലെ അപര്യാപ്തമായ മേൽനോട്ടം കൊണ്ടും ക്യാഷ് ബുക്കും മറ്റ് കണക്ക് രേഖകളും ശരിയായി സൂക്ഷിക്കാത്തതുകൊണ്ടുമാണ് ധനാപഹരണം സംഭവിച്ചത്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി നിയമത്തിൽ നിഷ്കർഷിച്ചിരുന്ന പോലെ സി.ഡി.എസ്സിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കുകയും, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിരുന്നമില്ല. പ്രോജക്ട് ഓഫീസറും ദിവസക്കൂലിക്കാരനായ ആർ. ഐ. എസ്സ്. സന്നദ്ധപ്രവർത്തകനും നടത്തിയ സാമ്പത്തിക ഇടപാടുകൾ മുനിസിപ്പൽ സെക്രട്ടറിയോ, മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ചിരുന്നില്ല.

## വാർഡ് സഭയുടെ അംഗീകാരമില്ലാത്ത സി. ഡി. എസിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

3.4.16 1994-ലെ കേരള മുനിസിപ്പൽ നിയമം 45 (സി) വകുപ്പിൽ നിഷ്കർഷിക്കുന്നതുപോലെ സി. ഡി. എസുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ സഹായം ലഭ്യമാക്കുന്നതിന് അയൽക്കൂട്ടങ്ങളും എ. ഡി. എസുകളും തെരഞ്ഞെടുത്ത ഗുണഭോക്തൃപട്ടികയ്ക്ക് വാർഡ് സഭയുടെ അംഗീകാരം ലഭിച്ചിരുന്നില്ല. ശരിയായ ഗുണഭോക്തൃനിർണ്ണയം ഉറപ്പാക്കുന്നതിൽ സി. ഡി. എസ്. മാതൃകാ ഉപനിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ദ്രുതസർവ്വേയും നടത്തിയിരുന്നില്ല. 1995 മാർച്ചിലെ ഒന്നാം സർവ്വേക്ക് ശേഷം 2003-ൽ രണ്ടാമതൊരു ബി. പി. എൽ. സർവ്വേ നടത്തിയിരുന്നുവെങ്കിലും പുതുക്കിയ ബി.പി.എൽ. പട്ടിക തയ്യാറാക്കിയിരുന്നില്ല. (2005 ജൂലൈ) തത്ഫലമായി അനർഹമായ കുടുംബാംഗങ്ങളെ പട്ടികയിൽ നിന്നൊഴിവാക്കാനും അർഹരായ കുടുംബങ്ങളെ പട്ടികയിൽ ഉൾപ്പെടുത്താനും സാധിച്ചില്ല. എന്നാൽ തിരുവല്ല മുനിസിപ്പാലിറ്റിയിൽ വാംബെയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് വാർഡ് സഭയായിരുന്നു. ഗുണഭോക്തൃപട്ടിക വാർഡ് സഭ അംഗീകരിക്കാതിരുന്നത് ഗുണഭോക്തൃ നിർണ്ണയത്തിൽ സുതാര്യത ഇല്ലാതാക്കി.

## മുനിസിപ്പാലിറ്റിയുടെ വിഹിതം കൈമാറാത്തത്

3.4.17 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന് വിരുദ്ധമായി 1994-95 മുതൽ 2004-05 വരെ മൂന്ന് മുനിസിപ്പാലിറ്റികളും അവയുടെ നിർദ്ദിഷ്ടവിഹിതം (വാർഷികവരുമാന അടങ്കലിന്റെ 2 ശതമാനം) സി. ഡി. എസുകൾക്ക് കൈമാറിയിരുന്നില്ല.

താഴെകൊടുത്തിരിക്കുന്നതുപോലെ 78.67 ലക്ഷം രൂപ മുനിസിപ്പാലിറ്റികൾ സി.ഡി.എസുകൾക്ക് കൈമാറിയില്ല. സി. ഡി. എസുകൾ തയ്യാറാക്കിയ പ്രവർത്തന പരിപാടികൾ എസ് ജെ എസ് ആർ വൈ യിലും എൻ എസ് ഡി പി യിലും ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തേണ്ടി വന്നു:

(തുക ലക്ഷത്തിൽ)

| മുനിസിപ്പാലിറ്റിയുടെ പേര് | അർഹമായ തുക | കൈമാറിയ തുക | ബാക്കി |
|---|---|---|---|
| പത്തനംതിട്ട | 35.93 | 17.44 | 18.49 |
| തിരുവല്ല | 57.19 | 21.10 | 36.09 |
| അടൂർ | 24.09 | Nil | 24.09 |
| ആകെ | 117.21 | 38.54 | 78.67 |

## ഡക്വാ (DWCUA) യൂണിറ്റുകളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ

3.4.18 നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, എന്ന പദ്ധതി (ഡക്വാ) നഗരങ്ങളിലെ സി. ഡി. എസിന് കീഴിലുള്ള പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് സംഘടിതമായി സ്വയംതൊഴിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിന് സഹായിക്കുന്ന, എസ് ജെ എസ് ആർ വൈക്ക് കീഴിലുള്ള ഒന്നാണ്. പാവപ്പെട്ട സ്ത്രീകളുടെ കൂട്ടങ്ങൾക്ക് തങ്ങളുടെ കഴിവിനും, അഭിരുചിക്കും, പരിശീലനത്തിനും, പ്രാദേശിക സ്ഥിതിക്കും യോജിച്ച സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാം. വരുമാനം ലഭിക്കുന്നതിന് പുറമേ സ്വയം തൊഴിൽ മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിലൂടെ നഗരങ്ങളിലെ പാവപ്പെട്ട വനിതകളെ സ്വതന്ത്രമാക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനും ഈ കൂട്ടങ്ങൾ ശ്രമിക്കേണ്ടതാണ്.

3.4.19 കുറഞ്ഞത് 10 ദരിദ്രവനിതകളുൾക്കൊള്ളുന്ന ഡക്വാ സംഘങ്ങൾക്ക് പദ്ധതി ചെലവിന്റെ അൻപത് ശതമാനമോ 1.25 ലക്ഷം രൂപയോ, ഏതാണോ കുറവ് ആ തുകയുടെ സഹായധനത്തിന് അർഹതയുണ്ട്. കൂടാതെ ഈ യൂണിറ്റുകൾ സി. ഡി. എസിൽ നിന്ന് റിവോൾവിങ് ഫണ്ടായി 25,000 രൂപവരെ ലഭിക്കാനും അർഹമാണ്. ഡക്വാ യൂണിറ്റുകളുടെ രേഖകൾ പരിശോധിച്ചതിൽ വെളിപ്പെട്ട സംഗതികൾ താഴെ കൊടുക്കുന്നു:

### സി. ഡി. എസ്. പത്തനംതിട്ട മുനിസിപ്പാലിറ്റി

3.4.20 2000 മാർച്ചിനും 2003 ജൂലൈക്കുമിടയിൽ നാല് ഡക്വാ യൂണിറ്റുകൾ പത്തനംതിട്ട സി. ഡി. എസ്. രൂപീകരിച്ചിരുന്നു. അവയിൽ ഒരെണ്ണം (പലവ്യഞ്ജന കട) 2000 ആഗസ്റ്റിൽ 1.25 ലക്ഷം രൂപ സഹായധനവും 2001 മാർച്ചിൽ 25,000 രൂപ

റിവോൾവിങ് ഫണ്ടും നേടിയ ശേഷം 2003 ജൂലൈ മുതൽ നിലവിലില്ലാതായി. പ്രധാനമായും സംഘനേതാവിന്റെ ദുർഭരണവും പിരിഞ്ഞുകിട്ടിയ തുക പൊതുനിധിയിലേക്ക് അടയ്ക്കാതിരുന്നതുകൊണ്ടുമാണ് യൂണിറ്റ് നിലനിൽക്കാതായത്. തങ്ങൾക്ക് 1.50 ലക്ഷം രൂപയുടെ കടബാധ്യതയുണ്ടെന്നും തികഞ്ഞ ദാരിദ്ര്യത്തിലാണെന്നും യൂണിറ്റിലെ അംഗങ്ങൾ അറിയിച്ചു. (ജൂലൈ 2005)

3.4.21 മറ്റൊരു യൂണിറ്റ്(നാടൻ ബേക്കറി) പത്ത് അംഗങ്ങളുമായി തുടങ്ങിയതാണെങ്കിലും ഏഴ് അംഗങ്ങൾ മാത്രമേ അവശേഷിച്ചിരുന്നുള്ളു. യൂണിറ്റ് നഷ്ടത്തിൽ പ്രവർത്തിക്കുകയായിരുന്നു. പിരിഞ്ഞുകിട്ടിയ തുക സംഘനേതാവ് അപഹരിച്ചുവെന്നും ഓംബുഡ്സ്മാനിലും പൊലീസിലും പരാതി തീർപ്പാകാതെ കിടക്കുകയാണെന്നും അംഗങ്ങൾ പരാതിപ്പെട്ടു.

3.4.22 ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു യൂണിറ്റ് ഒരു കമ്പ്യൂട്ടർ കേന്ദ്രമായിരുന്നു. അഞ്ചുപേർ അംഗത്വം അവസാനിപ്പിച്ചെങ്കിലും നിലവിലുള്ള അംഗങ്ങളുടെ എതിർപ്പ് കാരണം പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തിരുന്നില്ല. യൂണിറ്റിന്റെ പ്രയോജനം അഞ്ച് അംഗങ്ങളിലായി പരിമിതപ്പെട്ടു.

### സി. ഡി. എസ്. തിരുവല്ല മുനിസിപ്പാലിറ്റി

3.4.23 തിരുവല്ല മുനിസിപ്പാലിറ്റിയിൽ സി. ഡി. എസിന്റെ കീഴിൽ പതിമൂന്ന് യൂണിറ്റുകൾ ആരംഭിക്കുകയും അവയിൽ അഞ്ചെണ്ണം അടച്ചുപൂട്ടുകയും ചെയ്തു. ഈ യൂണിറ്റുകൾ സഹായധനമായി 5.25 ലക്ഷം രൂപ നേടിയിരുന്നു. ശരിയായ ആസൂത്രണമില്ലാതെ ലാഭകരമല്ലാത്ത പദ്ധതികളിൽ ഏർപ്പെട്ടതുകൊണ്ടാണ് പ്രസ്തുത യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവന്നത്.

3.4.24 ഓരോന്നിലും പത്ത് അംഗങ്ങളുള്ള രണ്ട് ഡെയറി യൂണിറ്റുകൾ 2001-ൽ ആരംഭിച്ചു. ഓരോ ഗുണഭോക്താവും ബാങ്ക് വായ്പയായി 12,500 രൂപയും സി. ഡി. എസിൽ നിന്ന് ധനസഹായമായി 12,500 രൂപയും നേടി. ഈ യൂണിറ്റുകൾ ഒരു സംഘമായിട്ടല്ല പ്രത്യേക വ്യക്തിഗതയൂണിറ്റുകളായി അവരവരുടെ വീടുകളിൽ പ്രവർത്തിക്കുകയായിരുന്നു.

### സി. ഡി. എസ്. അടൂർ മുനിസിപ്പാലിറ്റി

3.4.25 അടൂർ മുനിസിപ്പാലിറ്റിയിലെ സി. ഡി. എസിനു കീഴിൽ രൂപീകരിച്ച നാല് ഡയറി യൂണിറ്റുകളിൽ (രണ്ടെണ്ണം 2001-ലും രണ്ടെണ്ണം 2004-ലും) ഒരെണ്ണം മാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടായിരുന്നുള്ളു. 2001-ൽ ആരംഭിച്ച ഒരു യൂണിറ്റ് വലിയ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ബാങ്ക് വായ്പ തവണയടക്കാൻ അംഗങ്ങൾക്ക് കഴിയുന്നുണ്ടായിരുന്നില്ല. 2005 ജൂലൈയിൽ 2.59 ലക്ഷം രൂപ അടച്ച് തീർക്കേണ്ട വായ്പയുണ്ടായിരുന്നു. വായ്പയടച്ചു തീർക്കാൻ കഴിയുകയില്ലെന്ന് ശേഷിക്കുന്ന അഞ്ച് അംഗങ്ങൾ അറിയിച്ചു.

3.4.26 മറ്റൊരു യൂണിറ്റ് ഒരു സംയുക്ത സംരംഭമായി ആരംഭിച്ചെങ്കിലും വ്യക്തിഗതാടിസ്ഥാനത്തിൽ അവരുടെ വസതികളിൽ പ്രവർത്തിക്കുകയായിരുന്നു. നാലാമത്തെ യൂണിറ്റ് സഹായധനമായി 50,000 രൂപയും റിവോൾവിങ് ഫണ്ടായി 10,000 രൂപയും കൈപ്പറ്റിയെങ്കിലും പ്രതിമാസ വരുമാനം 2,500 രൂപ മാത്രമായിരുന്നു. പ്രസ്തുത യൂണിറ്റിന് 2005 ജൂലൈയിൽ 7,000 രൂപയുടെ ആസ്തിയും 6,000 രൂപയുടെ സ്റ്റോക്കും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

3.4.27 പാവപ്പെട്ട നഗരവനിതകൾക്ക് സ്ഥിരവരുമാനവും തൊഴിലും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഡ്വാക്വാ യൂണിറ്റുകളുടെ പരാജയ കാരണങ്ങൾ താഴെ പറയുന്നവയായിരുന്നു:

- സംഘനേതാക്കളുടെ ധനാപഹരണം.
- ലാഭകരമല്ലാത്ത പദ്ധതികൾ തെരഞ്ഞെടുത്തത്.
- മുനിസിപ്പാലിറ്റികളും സി. ഡി. എസുകളും ഇടപെടാത്തത്.
- വിജയകരമായ യൂണിറ്റുകളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള വൈമുഖ്യം.

മിക്കവാറും യൂണിറ്റുകൾ പാവപ്പെട്ട നഗരവനിതകൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിൽ പരാജയപ്പെടുക മാത്രമല്ല യൂണിറ്റുകൾ തുടങ്ങുന്നതിനെടുത്ത ബാങ്ക് വായ്പകൾ അടച്ചുതീർക്കാൻ കഴിവില്ലാത്ത അവരെ കടക്കെണിയിൽ തള്ളുകയും ചെയ്തു.

**സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായധനവിതരണം**

3.4.28 എസ്. ജെ. എസ്. ആർ. വൈ. യുടെ കീഴിൽ, തൊഴിൽരഹിതരും ഭാഗികമായി തൊഴിലുള്ളവരുമായ നഗരങ്ങളിലെ യുവജനങ്ങൾക്ക് സേവനം, ചെറുവ്യാപാരം തുടങ്ങിയ ചെറു സംരംഭങ്ങൾ സംഘടിപ്പിക്കാനുള്ള സഹായം നൽകാൻ ഉദ്ദേശിച്ചുള്ള ഉപപദ്ധതിയാണ് 'ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ സ്വയം തൊഴിൽ' എന്നത്. വ്യക്തിഗത പദ്ധതി ചെലവ് 50,000 രൂപയായിരുന്നു. പദ്ധതി ചെലവിന്റെ 15 ശതമാന നിരക്കിൽ പരമാവധി 7,500 രൂപ സഹായധനമായി സി. ഡി. എസ്. നൽകേണ്ടതായിരുന്നു. ഓരോ ഗുണഭോക്താവും പദ്ധതി ചെലവിന്റെ അഞ്ച് ശതമാനം മാർജിൻ മണി, പണമായി നൽകേണ്ടതുണ്ടായിരുന്നു. പദ്ധതി ചെലവിന്റെ 95 ശതമാനം ഘടകവായ്പയായി ബാങ്ക് അനുവദിക്കും. സഹായധനം സി. ഡി. എസ്. ബാങ്കിലേക്ക് കൈമാറിയശേഷമേ ബാങ്ക് വായ്പ കടക്കാരന് വിട്ടുകൊടുക്കുകയുള്ളൂ. 1997 മുതൽ 2005 ജൂൺ വരെ തിരുവല്ല സി. ഡി. എസ്. 12.85 ലക്ഷം രൂപയും പത്തനംതിട്ട സി. ഡി. എസ്. 10.70 ലക്ഷം രൂപയും യഥാക്രമം 418-ഉം 392-ഉം ഗുണഭോക്താക്കൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി

ബാങ്കുകളിലേക്ക് കൈമാറി. അടൂർ സി. ഡി. എസ്. കൈമാറിയ സഹായധനത്തിന്റെ വിശദവിവരം ലഭ്യമല്ല. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

- ഗുണഭോക്താക്കളെ അയൽക്കൂട്ടങ്ങൾ തെരഞ്ഞെടുത്തെങ്കിലും മുനിസിപ്പാലിറ്റി നിയമം നിഷ്കർഷിക്കുന്ന പോലെ വാർഡ് സഭയുടെ അംഗീകാരം നേടിയിരുന്നില്ല.
- ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ച എന്ന അറിയിപ്പ് ലഭിക്കുമ്പോൾ സഹായധനം കൈമാറുക എന്നതിലേക്ക് മുനിസിപ്പാലിറ്റി/സി. ഡി. എസിന്റെ ഉത്തരവാദിത്വം പരിമിതപ്പെടുത്തി. ബാങ്കുകൾ ഗുണഭോക്താക്കൾക്ക് വായ്പ കൈമാറിയെന്നും അവർ ഫലവത്തായ ഏതെങ്കിലും സംരംഭം ആരംഭിച്ചുവെന്നും ഉറപ്പുവരുത്താനുള്ള ഒരു സംവിധാനവും ഉണ്ടായിരുന്നില്ല.

**എസ്. ജെ. എസ്. ആർ. വൈ./എൻ. എസ്. ഡി. പി. തുക മുനിസിപ്പാലിറ്റി വകമാറി ചെലവാക്കിയത്**

3.4.29 1997-98 മുതൽ 2004-05 വരെ തിരുവല്ല മുനിസിപ്പാലിറ്റിക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് - എസ്. ജെ. എസ്. ആർ. വൈ. (5.81 ലക്ഷം രൂപ) എൻ. എസ്. ഡി. പി. (52.83 ലക്ഷം രൂപ) വാംബേ (26 ലക്ഷം രൂപ) - ലഭിച്ച 84.64 ലക്ഷം രൂപ സി. ഡി. എസിന് കൈമാറിയില്ല. ആ തുക ദൈനംദിന ചെലവുകൾക്കായി മുനിസിപ്പാലിറ്റി ഉപയോഗിച്ചു.

**എൻ. എസ്. ഡി. പി.യുടെ കീഴിലുള്ള പ്രവർത്തന പദ്ധതി നടപ്പാക്കൽ—വീടുകളുടെ നിലവാരം ഉയർത്തൽ**

3.4.30 എൻ. എസ്. ഡി. പി. യുടെ കീഴിലെ സഹായത്തിന്റെ മൂന്നിലൊരു ഭാഗം അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് പുതിയ വീട് വയ്ക്കുന്നതിനോ നിലവിലുള്ള വീടിന്റെ നിലവാരം ഉയർത്തുന്നതിനോ (വൈദ്യുതീകരണം, മേൽക്കൂര മെച്ചപ്പെടുത്തൽ, കെട്ടിടം ബലപ്പെടുത്തൽ തുടങ്ങിയ) ഉപയോഗിക്കേണ്ടതാണ്. ഒരു വ്യക്തിക്ക് അനുവദനീയമായ സഹായധനം 3,000 രൂപയായിരുന്നു. പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. നിലവാരമുയർത്തുന്നതിന് ലക്ഷ്യമിട്ട യൂണിറ്റുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു:

| വർഷം | യൂണിറ്റിന്റെ എണ്ണം |
| --- | --- |
| 2002-03 | 220 |
| 2004-05 | 371 |
| ആകെ | 591 |

2002-03 വർഷത്തെ പദ്ധതി 2004 ജനുവരിയിലും 2004-05-ലേത് 2005 മാർച്ചിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രവർത്തനപദ്ധതി 591 വീടുകൾ നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ടെങ്കിലും 357 ഗുണഭോക്താക്കളെ കണ്ടെത്താനേ സി. ഡി. എസിനു കഴിഞ്ഞുള്ളൂ. അതിൽ 338 വീടുകൾ 2005 മാർച്ചിൽ പൂർത്തിയാക്കി. ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ/സി. ഡി. എസിന്റെ ഭാഗത്തുള്ള പരാജയത്തിന്റെ ഫലമായി പ്രവർത്തനപദ്ധതിയും പണവും ലഭ്യമായിരുന്നിട്ടും ഈ പദ്ധതിയുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 234 കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരിനിവാസികൾക്കുവേണ്ടി വാംബേ പാർപ്പിട പദ്ധതി നടപ്പാക്കൽ**

3.4.31 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരിനിവാസികൾക്ക് വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വാത്മീകി അംബേദ്കർ ഭവന പദ്ധതി (വാംബേ). കുടുംബത്തിലെ വനിതാംഗത്തിന്റെ പേരിലോ, ജോലിയുടെ ഉടമസ്ഥാവകാശം ഭാര്യാഭർത്താക്കൻമാരുടെ പേരിൽ സംയുക്തമായിട്ടാണെങ്കിൽ ഇരുവരുടേയും പേരിലോ വീട് അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒരു വീടിന്റെ ചെലവ് 40,000 രൂപയായി നിജപ്പെടുത്തിയിരുന്നു. മുനിസിപ്പാലിറ്റിയുടെ വിഹിതമായ പതിനായിരം രൂപ പദ്ധതിയുടെ നോഡൽ ഏജൻസിയായ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന സമിതി (കുടുംബശ്രീ)യിൽ അടയ്ക്കുമെന്നും അത് കേന്ദ്രവിഹിതവും (20,000 രൂപ) സംസ്ഥാനവിഹിതവും (10,000 രൂപ) ചേർത്ത് മുഴുവൻ തുകയും മുനിസിപ്പാലിറ്റിക്ക് കൈമാറുമെന്നമാണ് നിശ്ചയിച്ചിരുന്നത്. മുനിസിപ്പാലിറ്റി പ്രസ്തുത തുക തവണകളായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി സി. ഡി. എസുകളെ ഏൽപ്പിക്കണം. 2002-2004 കാലയളവിൽ 1212 വീടുകൾ നിർമ്മിക്കാനായി പത്തനംതിട്ട ജില്ലയിലെ മൂന്ന് മുനിസിപ്പാലിറ്റികളും ചേർന്ന് തങ്ങളുടെ വിഹിതമായ 1.21 കോടി രൂപ നോഡൽ

ഏജൻസിയെ ഏൽപ്പിച്ചു. 2002-2004 കാലത്തെ പദ്ധതി നടത്തിപ്പിന്റെ ഭൗതിക/ സാമ്പത്തിക ലക്ഷ്യവും നേട്ടവും താഴെ കൊടുത്ത പ്രകാരമായിരുന്നു:

| മുനിസിപ്പാലിറ്റി | വർഷം | ലഭിച്ച തുക (രൂപ ലക്ഷത്തിൽ) | ലക്ഷ്യം വച്ച വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയ വീടുകൾ | ഭാഗികമായി പൂർത്തിയാക്കിയ വീടുകൾ | തുക വിനിയോഗം (രൂപ ലക്ഷത്തിൽ) | വിനിയോഗിക്കാത്ത തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| പത്തനംതിട്ട | 2002-03 | 40.00 | 100 | 100 | 67 | 33 | 34.35 | 5.65 |
| | 2003-04 | 20.00 | 50 | 50 | -- | 50 | 12.20 | 7.80 |
| അടൂർ | 2002-03 | 92.80 | 232 | 226 | 136 | 90 | 82.10 | 10.70 |
| | 2003-04 | 100.00 | 250 | 195 | 48 | 147 | 66.95 | 33.05 |
| തിരുവല്ല | 2002-03 | 140.00 | 350 | 331 | 261 | 70 | 118.55 | 21.45 |
| | 2003-04 | 92.00 | 230 | 173 | 136 | 37 | 63.50 | 28.50 |
| ആകെ | | 484.80 | 1212 | 1075 | 648 | 427 | 377.65 | 107.15 |

3.4.32 2002-2004-ൽ ലക്ഷ്യമിട്ട 1212 വീടുകൾക്കുവേണ്ടി 4.85 കോടി രൂപ നോഡൽ ഏജൻസി സി. ഡി. എസുകൾക്ക് കൈമാറിയെങ്കിലും 1075 ഗുണഭോക്താക്കളെ നിർണ്ണയിക്കാനേ സി. ഡി. എസുകൾക്ക് കഴിഞ്ഞുള്ളൂ. 2005 ജൂലൈയിൽ ഉപയോഗിക്കാത്ത ബാക്കിയായി 1.07 കോടി രൂപയുണ്ടായിരുന്നു. അതിൽ 54.80 ലക്ഷം രൂപ അനുവദിക്കാത്ത 137 വീടുകൾക്ക് വേണ്ടിയുള്ളതായിരുന്നു. ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനു മുമ്പുതന്നെ മുനിസിപ്പാലിറ്റികൾ അവയുടെ വിഹിതമായ പതിനായിരം രൂപവീതം ഓരോരുത്തർക്കുംവേണ്ടി നോഡൽ ഏജൻസിയെ ഏൽപ്പിക്കുകയുണ്ടായി. തത്ഫലമായി 54.80 ലക്ഷം രൂപ ഉപയോഗിക്കപ്പെടാതെ സി. ഡി. എസുകളിൽ ശേഷിച്ചു. മുനിസിപ്പാലിറ്റികളുടെ ഭാഗത്തുണ്ടായ ഈ വീഴ്ചയുടെ ഫലമായി ആവശ്യമില്ലാതെ സി. ഡി. എസുകളിൽ തുക കെട്ടിക്കിടന്നു. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു:

- മാർഗ്ഗനിർദ്ദേശമനുസരിച്ച് ആദ്യഗഡു നൽകുന്നതുമുതൽ കഴിയുന്നതും മൂന്നുമാസത്തിനകം വീടുകൾ പൂർത്തിയാക്കണം. 2002-2004-ൽ 1.18 കോടി അനുവദിച്ച 427 വീടുകൾ പൂർത്തിയാക്കാതെ ശേഷിച്ചു (2005 ജൂലൈ).

- കുടുംബത്തിലെ വനിതാംഗത്തിന്റെ പേരിലോ ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായിട്ടോ മാത്രമേ വീട് അനുവദിക്കാവൂ എന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മൂന്ന് മുനിസിപ്പാലിറ്റികളും ഗണ്യമായ ശതമാനം വീടുകൾ പുരുഷാംഗങ്ങളുടെ പേരിൽ താഴെ കാണിച്ചിരിക്കുന്നപോലെ അനുവദിച്ചിരുന്നു:

| മുനിസിപ്പാലിറ്റിയുടെ പേര് | ആകെ അനുവദിച്ച വീടുകളുടെ എണ്ണം | പുരുഷാംഗങ്ങൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| പത്തനംതിട്ട | 150 | 59 |
| തിരുവല്ല | 504 | 258 |
| അടൂർ | 421 | 143 |
| ആകെ | 1075 | 460 |

ഇത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ ഭൂരേഖകൾ ഭർത്താവിന്റെ പേരിലായതുകൊണ്ടാണ് ഭർത്താവിന്റെ പേരിൽ വീടുകൾ അനുവദിച്ചതെന്ന് അടൂർ മുനിസിപ്പാലിറ്റി അറിയിച്ചു. മറ്റു രണ്ടു മുനിസിപ്പാലിറ്റികളുടെ മറുപടി, ഗുണഭോക്തൃപട്ടിക കുടുംബശ്രീ പ്രോജക്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതായിരുന്നുവെന്നാണ്. പക്ഷെ സ്ത്രീശാക്തീകരണം എന്ന ലക്ഷ്യത്തിൽ നിന്നും മുനിസിപ്പാലിറ്റികൾ വ്യതിചലിച്ചുവെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു.

- മുനിസിപ്പാലിറ്റികളുടെ കാര്യക്ഷമമായ മേൽനോട്ടത്തിൽ അയൽക്കൂട്ടങ്ങളും എ. ഡി. എസുകളും സി. ഡി. എസുകളും ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചിരുന്നു.

എസ്. ജെ. എസ്. ആർ. വൈ.യുടെ കീഴിൽ നടത്തിക്കഴിഞ്ഞതോ നടത്തുന്നതോ ആയ അടിസ്ഥാന സർവ്വേയുടെ അടിസ്ഥാനത്തിൽ വേണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കളെ നിർണ്ണയിക്കാനെന്നും മാർഗ്ഗരേഖ നിഷ്കർഷിച്ചിരുന്നു. മുനിസിപ്പാലിറ്റികൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ബി. പി. എൽ. പട്ടികയിൽപെടാത്തവരും താഴെക്കൊടുത്തിരിക്കുന്നതുപോലെ ഉൾപ്പെട്ടിരുന്നു:

| മുനിസിപ്പാലിറ്റിയുടെ പേര് | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | ബി. പി. എൽ. പട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ എണ്ണം | ശതമാനം |
|---|---|---|---|
| പത്തനംതിട്ട | 150 | 53 | 35 |
| തിരുവല്ല | 504 | 111 | 22 |
| അടൂർ | 421 | 67 | 16 |
| ആകെ | 1075 | 231 | 21 |

- വീടുകളുടെ തറവിസ്തീർണ്ണം മുപ്പത് ചതുരശ്രമീറ്ററായി 2004 ഫെബ്രുവരിയിൽ സർക്കാർ നിജപ്പെടുത്തി. അടൂർ മുനിസിപ്പാലിറ്റിയിൽ അനുവദിച്ച 421 വീടുകളിൽ 155 വീടുകളുടെ (39 ശതമാനം) തറവിസ്തീർണ്ണം 31 ചതുരശ്രമീറ്റർ മുതൽ 80 ചതുരശ്രമീറ്റർ വരെയായിരുന്നുവെന്ന് ഓഡിറ്റിൽ കണ്ടു.

**ഭരണസമിതിയുടെ നിരീക്ഷണമില്ലായ്മ**

3.4.33 സി. ഡി. എസിന്റെ നിയമാവലിയനുസരിച്ച് ഭരണസമിതി കുറഞ്ഞത് മാസത്തിലൊരിക്കലും, ജനറൽ ബോഡി മൂന്നുമാസത്തിലൊരിക്കലും കൂടേണ്ടതുണ്ട്. വാർഡുകളിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്വം സി. ഡി. എസിൽ നിക്ഷിപ്തമാണ്. മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങളും ഉൾക്കൊള്ളുന്നതുമായ ഒരു ടൗൺ ഉപദേശക സമിതിയും നിയമാവലി വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ഉപദേശക സമിതി ആറുമാസത്തിലൊരിക്കൽ കൂടേണ്ടതുണ്ട്.

3.4.34 തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഭരണസമിതിയും ഉപദേശകസമിതിയും നിയമാനുസരണം കൂടുന്നുണ്ടെന്ന് രേഖകൾ പരിശോധിച്ചപ്പോൾ വെളിപ്പെട്ടു. പക്ഷേ രണ്ടു സമിതികളും സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായി ഇടപെടുന്നതിൽ പരാജയപ്പെട്ടു. പത്തനംതിട്ട, അടൂർ മുനിസിപ്പാലിറ്റികളിൽ ഭരണസമിതിയും ഉപദേശകസമിതിയും നിഷ്കർഷിക്കപ്പെട്ടതുപോലെ കൂടാതിരിക്കുകയും എ. ഡി. എസിന്റേയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

**നിഗമനങ്ങൾ**

3.4.35 സ്ത്രീ ശാക്തീകരണ പദ്ധതികൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നതിൽ മുനിസിപ്പാലിറ്റികൾ പരാജയപ്പെട്ടു. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നിയമാനുസൃതം തുക മാറ്റിവച്ചിരുന്നില്ല. മാത്രവുമല്ല കേന്ദ്രസഹായം സി. ഡി. എസുകൾക്ക് കൈമാറുന്നതിൽ വൈമുഖ്യം കാണിക്കുകയും ആ തുക മറ്റു കാര്യങ്ങൾക്കായി മാറ്റുകയും ചെയ്തു. സ്വപ്രേരകവും സ്വപ്രചോദകവുമാകുമെന്ന് വിഭാവന ചെയ്ത വനിതാ സ്വയംതൊഴിൽ സംഘങ്ങൾ അങ്ങനെയായില്ലെന്ന് തെളിഞ്ഞു. സംഘനേതാക്കൾ ധനാപഹരണം നടത്തിയ സംഭവങ്ങൾ അറിവിൽപ്പെട്ടു. അനേകം സ്വയംസഹായ സംഘങ്ങൾ എ. ഡി. എസുകളിൽ നിന്നും സഹായധനവും കുറഞ്ഞ പലിശയ്ക്ക് വായ്പയും നേടിയെടുക്കാനുള്ള ഉപകരണങ്ങളായി മാറുകയും മോശമായ നേതൃത്വത്തിന്റെ ഫലമായി തുക കൈപ്പറ്റിയശേഷം പ്രവർത്തനം നിറുത്തുകയും ചെയ്തു. നിയന്ത്രണ കേന്ദ്രങ്ങളൊന്നും വിഭാവനം ചെയ്യപ്പെടാതിരുന്നതിനാൽ ത്രിഫ്റ്റ് ഡെപ്പോസിറ്റുകൾ നഷ്ടപ്പെടുകയും കടക്കെണിയിലേക്ക് തള്ളിയിടപ്പെടുകയും ചെയ്ത പാവം സ്ത്രീകൾക്ക് വീഴ്ചക്കാരിൽ നിന്നും

കടിശ്ശിക തിരിച്ചുപിടിക്കാൻ ആശ്രയിക്കുന്നതിന് ഒരു കേന്ദ്രവുമില്ലാതായി. മുനിസിപ്പാലിറ്റികളുടെ ഉത്തരവാദിത്വം സഹായധനം ബാങ്കുകളിലേക്ക് വിതരണം ചെയ്യുന്നതിൽ പരിമിതപ്പെട്ടുകയും തുക ഉപയോഗിച്ച് വരുമാനമുണ്ടാകുന്ന തൊഴിൽ ആരംഭിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാതിരിക്കുകയും ചെയ്തു. ബി.പി.എൽ. കുടുംബങ്ങളിൽപെടാത്തവർക്കും പുരുഷന്മാർക്കും വീടുകൾ അനുവദിക്കുകവഴി വാസഗൃഹത്തിന്റെ ഉടമസ്ഥതയിലൂടെ സ്ത്രീ ശാക്തീകരണമെന്നതും അട്ടിമറിക്കപ്പെട്ടു.

### 3.4.36 ശിപാർശകൾ

**മുനിസിപ്പാലിറ്റികൾ**

- എ.ഡി.എസുകളും സി.ഡി.എസുകളും ശരിയായ കണക്കും കണക്ക് രേഖകളും സൂക്ഷിക്കുന്നുണ്ടെന്നും അവ നിയമപ്രകാരം ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം.

- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നിഷ്കർഷിക്കപ്പെട്ട രീതിയിലും സുതാര്യവുമാണെന്ന് ഉറപ്പുവരുത്തുകയും നിയമലംഘനത്തിനെതിരെ കർശന നടപടികളെടുക്കുകയും വേണം.

- ഗുണഭോക്തൃ സ്ഥായിയായ പദ്ധതികൾ നടപ്പാക്കുന്നതിൽ ക്രിയാത്മകമായ പങ്ക് വഹിക്കുകയും സഹായകരമായ ഇടപെടലിലൂടെ ലക്ഷ്യവിഭാഗങ്ങൾക്ക് ഗുണം എത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

- മുനിസിപ്പാലിറ്റിയുടെ വരുമാനത്തിന്റെ രണ്ടു ശതമാനം നഗര ദാരിദ്ര്യ നിർമ്മാർജ്ജന നിധിയിലേക്ക് മാറ്റുന്നുവെന്ന് ഉറപ്പുവരുത്തണം.

(സി. ആന്റ് എ. ജി.യുടെ 2004-05 വർഷത്തെ റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികളിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിൽ ത്രിഫ്റ്റ് പിരിവ്, വായ്പാ വിതരണം, തിരിച്ചടവ് എന്നിവയുടെ ശരിയായ കണക്ക് അയൽക്കൂട്ടങ്ങൾ സൂക്ഷിക്കുന്നുണ്ടോ എന്ന നിരീക്ഷിക്കുന്നതിൽ മുനിസിപ്പാലിറ്റികളിലെ ഭരണസമിതിയും ഉപദേശക സമിതിയും പരാജയപ്പെട്ടു എന്ന ഓഡിറ്റ് പരാമർശം ചൂണ്ടിക്കാട്ടിക്കൊണ്ട് സി.ഡി.എസ്. രൂപീകൃതമായ 1995 മുതൽ 2005 വരെയുള്ള കാലയളവിൽ പ്രസ്തുത മുനിസിപ്പാലിറ്റികളിലെ ഭരണസമിതിയും ഉപദേശക സമിതിയും അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ പരാജയപ്പെടാനുണ്ടായ കാരണമെന്താണെന്ന സമിതി ആരാഞ്ഞു. പ്രസ്തുത കാലഘട്ടത്തിൽ അടൂർ നഗരസഭയിലെ പ്രോജക്ട് ഓഫീസറും

കമ്മ്യൂണിറ്റി ഓർഗനൈസറും, ക്യാഷ് ബുക്കുകളും രജിസ്റ്ററുകളും ശരിയായ രീതിയിൽ സൂക്ഷിച്ചിരുന്നില്ലെന്നും അവർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസർ റിട്ടയർ ചെയ്തെന്നും ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന കമ്മ്യൂണിറ്റി ഓർഗനൈസറെ സസ്പെൻഡ് ചെയ്തെങ്കിലും പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും സസ്പെൻഷൻ കാലാവധി ക്രമീകരിക്കുകയും ചെയ്തെന്നും ആർ.ഐ.എസ്. വോളണ്ടിയേഴ്സിനെയും സി.ഡി.എസ്. പ്രസിഡന്റിനെയും പിരിച്ചുവിടുകയുണ്ടായെന്നും അടൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. പ്രസ്തുത വിഷയം സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെ വിശദീകരണം സമിതി ആരാഞ്ഞതിന് പ്രോജക്ട് ഓഫീസറുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണെന്നും പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണം നടക്കുകയാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രോജക്ട് ഓഫീസറായിരുന്ന ശ്രീ. കെ. കെ. വർഗീസിനെതിരെയും കമ്മ്യൂണിറ്റി ഓർഗനൈസറായിരുന്ന ശ്രീ. രഞ്ജിത്തിനെതിരെയും കോട്ടയം വിജിലൻസ് കോടതിയിൽ കേസ് നടക്കുകയാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. ധനാപഹരണം നടത്തിയവരിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അവരുടെ ബാധ്യത നിശ്ചയിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് തുടർനടപടികൾ സ്വീകരിച്ചു വരികയാണെന്നും റിട്ടയർ ചെയ്തയാളിന്റെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസറുടെയും താല്ക്കാലികമായി നിയമിക്കപ്പെട്ട ആർ.ഐ.എസ്. വോളന്റിയറായിരുന്ന രഞ്ജിത്ത് എന്നയാളിന്റെയും പേരിൽ 12 ലക്ഷം രൂപയും 18 ശതമാനം പലിശയും ഉൾപ്പെടെ 17 ലക്ഷം രൂപ ബാധ്യത നിശ്ചയിച്ചിട്ടുണ്ടെന്നും അടൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. സി.ഡി.എസിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ എങ്ങനെയാണു നടക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് സി.ഡി.എസ്സിന്റെ പ്രവർത്തനത്തിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നും അവ പരിഹരിക്കുന്നതിന് കുടുംബശ്രീ നടപടി എടുത്തിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു. ഏകദേശം രണ്ടുലക്ഷത്തിലേറെ വരുന്ന അക്കൗണ്ടുകളുടെ പരിശോധനയ്ക്കും നാളതീകരണത്തിനുമായി ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും യഥാക്രമം 2007-2008, 2008-2009 വർഷങ്ങളിൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നുമുള്ള ജീവനക്കാരുടെയും സഹകരണത്തോടുകൂടി ഒരു പ്രചരണം ആരംഭിച്ചെന്നും അതിന്റെ തുടർച്ചയായി കുടുംബശ്രീ ബൈലാ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്തുവെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. സി.ഡി.എസിന് ഓഡിറ്റ് നിർബന്ധമാക്കുകയും ഓഡിറ്റ് ചെയ്യാനുള്ള സംവിധാനം ശാക്തീകരിക്കുന്നതിനായി കുടുംബശ്രീ അക്കൗണ്ട്സ്

ആന്റ് ഓഡിറ്റ് സർവ്വീസ് സൊസൈറ്റി (കെ.എ.എ.എസ്.എസ്.-കാസ്) എന്ന പേരിൽ സംവിധാനം ഏർപ്പെടുത്തുകയും 400-ൽ കൂടുതൽ അംഗങ്ങളെ ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും അവർ പ്രൊഫഷണലായിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരുമായിട്ടാണ് ബന്ധപ്പെടുന്നതെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികളിൽ 2008-2009 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും 2009-2010-ലെ ഓഡിറ്റ് ഉടൻ പൂർത്തീകരിക്കുന്നതാണെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു.

5. സി.ഡി.എസിന്റെ ചെയർപേഴ്സണെ തെരഞ്ഞെടുക്കുന്നതെങ്ങനെയാണെന്നും ചെയർപേഴ്സണെതിരെ നടപടിയെടുക്കാൻ സാധിക്കില്ലേയെന്നും സമിതി ആരാഞ്ഞതിന് സി.ഡി.എസ്. എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ സംവിധാനത്തിനകത്ത് തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വരുന്ന ഉദ്യോഗസ്ഥയല്ലാത്ത വനിതയാണ് ചെയർപേഴ്സണെന്ന് കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

6. കുടുംബശ്രീയുടെ കണക്കുകളുടെ ചുമതല മെമ്പർ സെക്രട്ടറിയായി നഗരസഭ തീരുമാനിക്കുന്ന ഉദ്യോഗസ്ഥനാണെന്നും മുമ്പുണ്ടായിരുന്ന RIS വോളണ്ടിയർ സംവിധാനം നിർത്തലാക്കുകയും പകരം ഗവൺമെന്റ് എല്ലാ സി.ഡി.എസുകളിലും അക്കൗണ്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം അവർക്കാണെന്നും എന്നാൽ അതിന്റെ പരിശോധന നടത്തുന്നതുൾപ്പെടെയുള്ള ആത്യന്തികമായ ഉത്തരവാദിത്വം മെമ്പർ സെക്രട്ടറിക്ക് തന്നെയാണെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു. സി.ഡി.എസിൽ മെമ്പർ സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും ഉത്തരവാദിത്വങ്ങളും ചുമതലകളും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും കൂടാതെ അവശ്യമായ പരിശീലനം നൽകിയിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ കൂട്ടിച്ചേർത്തു.

7. ത്രിഫ്റ്റ് ആന്റ് ക്രെഡിറ്റ് വേണ്ടവിധത്തിൽ ഉണ്ടായില്ലെന്നുള്ള സമിതിയുടെ പരാമർശത്തിന് പ്രസ്തുത സംവിധാനത്തിന് പോരായ്മകളുണ്ടായിരുന്നെന്നും ശരിയായ രീതിയിൽ കണക്കുസൂക്ഷിക്കാതിരുന്നത് ഇതിനൊരു കാരണമായിരുന്നെന്നും ഡയറക്ടർ അറിയിച്ചു. കൂടാതെ സ്വയംസഹായസംഘമായ അയൽക്കൂട്ടം സ്വരൂപിക്കുന്ന പണത്തിന്റെ അക്കൗണ്ട് അയൽക്കൂട്ടത്തിന്റെ പേരിൽ ആയിരിക്കേണ്ടതിന് പകരം നഗരപ്രദേശങ്ങളിലും നഗരസഭകളിലും ഇത് എ.ഡി.എസ്. തലത്തിൽ സൂക്ഷിക്കുകയും ടി തുക എ.ഡി.എസ്. സെക്രട്ടറി കൈകാര്യം ചെയ്യുകയുമായിരുന്ന രീതിയെന്നും ഇത് അയൽക്കൂട്ടമെന്ന ആശയത്തിന് വിരുദ്ധമായിരുന്നെന്നും കുടുംബശ്രീ ഡയറക്ടർ അറിയിച്ചു. ഇത് കാരണം പണം സ്വരൂപിക്കുന്നതിൽ പ്രശ്നമുണ്ടാവുകയും അക്കൗണ്ടബിലിറ്റിയില്ലാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തെങ്കിലും ഇപ്പോൾ ഇത് പരിഹരിച്ചിട്ടുണ്ടെന്നും എല്ലാ അക്കൗണ്ടുകളും

അയൽക്കൂട്ടങ്ങളിൽ തന്നെ പ്രത്യേകം നൽകണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ത്രിഫ്റ്റും ക്രെഡിറ്റും മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും കുറച്ച് അക്കൗണ്ടുകളുടെ കാര്യത്തിൽ അവ്യക്തതയുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

8. എ.ഡി.എസും സി.ഡി.എസും പ്രത്യേകം കണക്കുസൂക്ഷിക്കേണ്ടതാണെന്നും അതിനുവേണ്ടി ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് ചെയ്യുമ്പോൾ അതതു വർഷത്തെ കണക്കുകൾ ഒത്തുനോക്കി വ്യത്യാസമുള്ളത് പരിശോധിച്ച് കണക്ക് പിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ കൂട്ടിച്ചേർത്തു.

9. എ.ഡി.എസും സി.ഡി.എസും ത്രിഫ്റ്റ് സ്വീകരിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് ത്രിഫ്റ്റ് സ്വീകരിക്കേണ്ടത് അയൽക്കൂട്ടമാണെന്നും മുമ്പ് എ.ഡി.എസ്. തലത്തിൽ ത്രിഫ്റ്റ് സ്വീകരിക്കുന്ന രീതിയുണ്ടായിരുന്നെന്നും അതിന് മാറ്റം വരുത്തിയിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു. ബാങ്കുമായി ലിങ്ക് ചെയ്യേണ്ടത് അയൽക്കൂട്ടമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും അങ്ങനെ വരുമ്പോൾ അതിന്റെ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിന് അയൽക്കൂട്ടങ്ങൾക്ക് ഉത്തരവാദിത്വമുണ്ടാകുമെന്നും ഡയറക്ടർ വിശദീകരിച്ചു.

10. മൂന്നു മുനിസിപ്പാലിറ്റികളിലും ഇപ്പോൾ സി.ഡി.എസിന്റെ പ്രവർത്തനവും കണക്കു സൂക്ഷിപ്പും എങ്ങനെ നടക്കുന്നുവെന്ന് സമിതി ആരാഞ്ഞതിന് പത്തനംതിട്ടയിലും തിരുവല്ലയിലും ഓഡിറ്റ് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിഹാര നിർദ്ദേശങ്ങളും അതനുസരിച്ചുള്ള പ്രവർത്തനവും ക്രമീകരിച്ചു വരുന്നുണ്ടെന്നും കണക്കുകൾ ഒത്തുനോക്കിയിട്ടുണ്ടെന്നും എന്നാൽ അടൂരിൽ വിജിലൻസ് കേസ് ഉള്ളതുകൊണ്ട് രേഖകൾ ലഭ്യമല്ലെന്നും അവിടെ സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു.

11. അടൂർ, പത്തനംതിട്ട, തിരുവല്ല മുനിസിപ്പാലിറ്റികളിൽ 1995-2005 കാലഘട്ടങ്ങളിൽ സി.ഡി.എസിന്റെ ധനവിനിയോഗം കുറയാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. അടൂർ മുനിസിപ്പാലിറ്റിയിലെ ഫയലുകൾ പരിശോധനയ്ക്കായി വിജിലൻസ് ഏറ്റെടുത്തിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച് കൃത്യമായി അറിയില്ലെന്ന് അടൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പത്തനംതിട്ട ജില്ലയിൽ പ്രസ്തുത കാലഘട്ടത്തിൽ തുടർ പരിശോധന ഇല്ലാതിരുന്നതുകൊണ്ടാണ് ഇപ്രകാരം വീഴ്ച സംഭവിച്ചതെന്നും ഇപ്പോൾ തുടർ പരിശോധന നടക്കുന്നുണ്ടെന്നും തിരുവല്ലയിൽ എൻ.എസ്.ഡി.പി.യുടെ ജോലി യഥാസമയം തീരാതിരുന്നതും വാംബേ പദ്ധതിയിലെ വീടുകൾക്കുള്ള ഗഡുക്കൾ കൃത്യമായി കൊടുക്കാൻ കഴിയാതിരുന്നതുകൊണ്ടുമാണ് ധനവിനിയോഗത്തിൽ കുറവുണ്ടായതെന്നും പത്തനംതിട്ട ജില്ലാ അസിസ്റ്റന്റ് ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

12. മുനിസിപ്പാലിറ്റികൾ തുടർ നിരീക്ഷണം നടത്തി കാലാകാലങ്ങളിൽ ധനവിനിയോഗത്തിലെ കുറവ് പരിഹരിക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് തുടർ നിരീക്ഷണം നടത്തിയെങ്കിലും സാധനസാമഗ്രികളുടെ വിലവർദ്ധന കാരണം പണിപൂർത്തിയാക്കാൻ കഴിയുന്നില്ല എന്ന കാരണത്താൽ വാംബേ പദ്ധതിയുടെ ഗുണഭോക്താക്കൾ അവസാന ഗഡു വാങ്ങിയിട്ടില്ലെന്നും എ.ഡി.എം.സി. അറിയിച്ചു.

13. ഗുണഭോക്തൃ നിർണ്ണയത്തിൽ സുതാര്യത നിലനിർത്തുന്നതിന് വേണ്ടിയുള്ള കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് നേരത്തെ സി.ഡി.എസുകൾ നടപ്പിലാക്കിയ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കുടുംബശ്രീ-സി.ഡി.എസ്. മുഖേന കണ്ടെത്തുകയായിരുന്നെന്നും ഇപ്പോൾ ആയത് പുനഃക്രമീകരിച്ച് സി.ഡി.എസ്. പ്രാഥമിക തെരഞ്ഞെടുപ്പ് നടത്തി നൽകുന്ന ലിസ്റ്റിന് നഗരസഭയുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നടപടികളെടുക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. കൂടാതെ തെരഞ്ഞെടുക്കുന്ന രീതി സുതാര്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ചെയ്തിട്ടുണ്ടെന്നും അതിൽ ബൈലാ പ്രകാരം സി.ഡി.എസ്. ആക്ഷൻ പ്ലാൻ എന്ന ആശയം കൊണ്ടുവന്നിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു.

14. അയൽക്കൂട്ടങ്ങൾ തന്നെ അവർ എന്തുചെയ്യാൻ ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ കണക്കെടുത്ത് എ.ഡി.എസ്., സി.ഡി.എസ്. തലത്തിൽ സമാഹരിച്ച് തയ്യാറാക്കുന്ന ഡിമാന്റ് പ്ലാൻ നഗരസഭയും വിലയിരുത്തൽ സമിതിയും കൂടിയാലോചിച്ച് നടപ്പിലാക്കണമെന്നാണ് ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ളതെന്ന് ഡയറക്ടർ കൂട്ടിച്ചേർത്തു.

15. മുനിസിപ്പാലിറ്റികൾ വാർഷിക വരുമാനത്തിന്റെ നിർദ്ദിഷ്ട വിഹിതം സി.ഡി.എസുകൾക്ക് കൈമാറാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് തിരുവല്ല നഗരസഭ 19 ലക്ഷം രൂപ കൈമാറിയിട്ടുണ്ടെന്നും ഇനിയും തുക കൊടുക്കാനുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. മൂന്ന് മുനിസിപ്പാലിറ്റികളും സി.ഡി.എസിന് മുനിസിപ്പാലിറ്റിയുടെ വിഹിതം കൈമാറണമെന്ന് സമിതി നിർദ്ദേശിച്ചു.

16. നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിയുള്ള ഡക്വാ (DWCUA) പദ്ധതിയുടെ പോരായ്മകൾ സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞു. SJSRY-യുടെ ഉപപദ്ധതിയായ ഡക്വാ വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനു വേണ്ടിയുള്ള സപ്പോർട്ട് പ്രോഗ്രാമാണെന്ന് കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. പ്രോജക്ടിന്റെ തുക കൂടുന്നതനുസരിച്ച് സബ്സിഡി തുക വർദ്ധിപ്പിക്കാതിരുന്നതും ഒരു ഗ്രൂപ്പ് സംരംഭം ആരംഭിക്കാൻ കുറഞ്ഞത് 10 പേർ വേണമെന്ന് നിബന്ധനയുണ്ടായിരുന്നതും പത്ത് പേരുടെ ഗ്രൂപ്പ് രൂപീകരിച്ച് നിലനിർത്തുക

ബുദ്ധിമുട്ടായിരുന്നതും ആദ്യകാലത്ത് ഇതിന്റെ പ്രവർത്തനത്തിൽ പ്രശ്നങ്ങളുണ്ടാക്കിയെന്ന് ഡയറക്ടർ അറിയിച്ചു. ഇപ്പോൾ കുടുംബശ്രീയെയും നിലവിലുള്ള പദ്ധതികളെയും അടിസ്ഥാനപ്പെടുത്തി SJSRY യുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് സബ്സിഡി തുക കൂട്ടുകയും ഗ്രൂപ്പ് സംരംഭങ്ങൾക്കാവേണ്ട അംഗങ്ങളുടെ എണ്ണം കുറയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

17. ശരിയായ സംരംഭകരെ കണ്ടെത്താൻ കഴിയാതിരുന്നതാണ് പല സംരംഭങ്ങളും പരാജയപ്പെടാൻ കാരണമെന്നും ഇത് പരിഹരിക്കുന്നതിനായി സി.ഡി.എസിന്റെ ആക്ഷൻ പ്ലാൻ പ്രകാരം സംരംഭകരാകുന്നതിന് തയ്യാറാകുന്നവർക്ക് രണ്ട് തലങ്ങളിലായി പരിശീലനം നൽകിയതിനുശേഷം സംരംഭകത്വം തെളിയിക്കുന്നവരെ മാത്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന സംവിധാനം കഴിഞ്ഞ വർഷം ആരംഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ഓറിയന്റേഷൻ പരിശീലനവും augmented development പരിശീലനവും നൽകിയതിനുശേഷം മാത്രം സംരംഭക പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരുന്നുള്ളുവെന്നും ഡയറക്ടർ അറിയിച്ചു. പിന്നീട് സ്കിൽഡ് പരിശീലനം നിർബന്ധമായും നേടിയാൽ മാത്രമേ സബ്സിഡി തുക ബാങ്കിൽ നിന്നും നൽകാൻ പാടുള്ളുവെന്ന് നിബന്ധന വച്ചിട്ടുണ്ടെന്നും അപ്രകാരം ഗ്രൂപ്പ് സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നും ഡയറക്ടർ വിശദീകരിച്ചു.

18. പത്തനംതിട്ട, തിരുവല്ല, അടൂർ മുനിസിപ്പാലിറ്റികളിൽ ആരംഭിച്ച ഡക്വാ (DWCUA) യൂണിറ്റുകളുടെ പ്രവർത്തനവും മേൽനോട്ടവും നിരീക്ഷണവും ശരിയായി നടത്തുന്നതിന് മുനിസിപ്പാലിറ്റി അധികൃതർ ശ്രമിക്കാതിരുന്നതിനാലാണ് പ്രസ്തുത യൂണിറ്റുകൾ പരാജയപ്പെടാനിടയായതെന്നും സമിതി അഭിപ്രായപ്പെട്ടു.

19. പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് നൽകിയ സഹായധനം തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി പത്തനംതിട്ട എഡിഎം.സി സമിതിയെ അറിയിച്ചു. പരാജയപ്പെട്ട യൂണിറ്റുകൾക്ക് നൽകിയ സഹായധനം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്ന മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഇത്തരം യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിച്ചില്ലെങ്കിൽ യൂണിറ്റുകൾ തുടരുന്നതിന് പകരം അടച്ചുപൂട്ടുന്നതിനുള്ള പ്രവണതയുണ്ടാകുമെന്നും സമിതി വിലയിരുത്തി.

20. ലോൺ കാലാവധി കഴിയുമ്പോൾ യൂണിറ്റുകൾ അടച്ചുപൂട്ടുന്ന പ്രവണതയുണ്ടെന്നും അത് പരിഹരിക്കുന്നതിനായി പ്രോജക്ടിന് ശാസ്ത്രീയമായ പരിജ്ഞാനം നൽകുന്നതിനും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്ന് കുടുംബശ്രീ ഡയറക്ടർ സമിതിയെ അറിയിച്ചു.

21. മുനിസിപ്പൽ തലത്തിൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പ്രായോഗികമായി ഒരു ഉദ്യോഗസ്ഥതല സംവിധാനം ഉണ്ടാകേണ്ടതായിരുന്നെന്ന് സമിതി അഭിപ്രായപ്പെട്ടതിന് സി.ഡി.എസ്. ബൈലാ പ്രകാരം ഓരോ സി.ഡി.എസിലും സൂക്ഷ്മസംരംഭങ്ങളെ നിരീക്ഷിക്കുന്നതിനുവേണ്ടി ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ സംരംഭങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൺവീനർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത സമിതികൾക്ക് പുറമേ നഗരസഭാധ്യക്ഷൻ ചെയർമാനായുള്ള സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ബാങ്ക് ഉദ്യോഗസ്ഥരടക്കമുള്ളവരെ ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുമായി ബന്ധിപ്പിച്ച് കൊണ്ടുള്ള സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഈ ഉപസമിതികൾ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് നൽകുന്ന റിപ്പോർട്ടുകൾ അവലോകനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടം കൊണ്ടു വരുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

22. പല യൂണിറ്റുകളും നിന്നുപോകുന്നതിന്റെ കാരണം ശരിയായ വിപണി കണ്ടെത്താൻ കഴിയാത്തത് കൊണ്ടാണെന്നും ആയതിനാൽ കുടുംബശ്രീ സംരംഭകർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഒരു പൊതു സംവിധാനം ഉണ്ടാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

23. ഒരു പൊതു സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിർദ്ദേശമുണ്ടെന്നും എന്നാൽ ചെറിയ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെ ഒരുമിച്ച് കൊണ്ടുവന്ന് നിലവാരഏകീകരണം ചെയ്യുക ബുദ്ധിമുട്ടാണെന്നും അതിന് ചെലവേറെറുമെന്നും ആയതിനാൽ പ്രാദേശിക വിപണി കണ്ടെത്തുന്ന രീതിയാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതെന്നും മാർക്കറ്റിംഗിന് വേണ്ടി ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളെ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടെന്നും ഡയറക്ടർ വിശദീകരിച്ചു. കൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

24. തിരുവല്ല മുനിസിപ്പാലിറ്റിയിൽ എസ്.ജെ.എസ്.ആർ.വൈ./എൻ.എസ്.ഡി.പി./വാംബേ പദ്ധതികൾക്കായി ലഭിച്ച 84.64 ലക്ഷം രൂപ സി.ഡി.എസിന് കൈമാറാതെ മുനിസിപ്പാലിറ്റിയിലെ ദൈനംദിന ആവശ്യങ്ങൾക്ക് വിനിയോഗിച്ചത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ വിശദീകരണം സമിതി ആരാഞ്ഞതിന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ മുനിസിപ്പൽ സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇത്തരം കേസുകളിൽ ഗവൺമെന്റ് കർശന നടപടിയാണ് സ്വീകരിക്കുന്നതെന്നും ഡയറക്ടർ മറുപടി പറഞ്ഞു. വകമാറ്റി ചെലവഴിച്ചതിൽ 4 ലക്ഷം രൂപയൊഴികെ ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

25. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് പണാപഹരണമായി കണക്കാക്കേണ്ടതാണെന്നും ഇതിനുത്തരവാദിയായ മുനിസിപ്പൽ കൗൺസിലിന്റെയും സെക്രട്ടറിയുടെയും പേരിൽ നടപടി സ്വീകരിക്കേണ്ടതാണെന്നും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക കൂടി തിരിച്ചടയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു. പത്തനംതിട്ട ജില്ലയിൽ ദേശീയ ചേരി നിർമാർജ്ജന പരിപാടി (NSDP)യുടെ കീഴിൽ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ വീടിന്റെ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തന പദ്ധതിയിൽ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 591 വീടുകളിൽ ഗുണഭോക്താക്കളെ കണ്ടെത്തിയ 357 വീടുകളിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന 19 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടിയിരുന്ന 234 വീടുകളുടേയും പണി പൂർത്തിയായിട്ടുണ്ടെന്നും പത്തനംതിട്ട എഡി.എം.സി. സമിതിയെ അറിയിച്ചു.

26. ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി കൃത്യമായി നൽകാൻ ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

27. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരി നിവാസികൾക്ക് വേണ്ടി നടപ്പാക്കിയ വാംബേ (Valmiki Ambedkar Awaz Yojana) പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവരിൽ ബി.പി.എൽ. പട്ടികയിൽപ്പെടാത്തവരെ ഉൾപ്പെടുത്തിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഒരു ദരിദ്ര കുടുംബത്തെ കണ്ടെത്തുന്നതിന് കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള 9 ക്ലേശഘടകങ്ങളിൽ 4 ഘടകങ്ങൾ ഒരു കുടുംബത്തിന് അനുകൂലമായി വരികയാണെങ്കിൽ അത് ഒരു ദരിദ്രകുടുംബമായി കണക്കാക്കി വാംബേ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമുണ്ടായിരുന്നുവെന്ന് കുടുംബശ്രീ ഡയറക്ടർ വെളിപ്പെടുത്തി.

28. വാംബേ പദ്ധതി അവസാനിപ്പിച്ചത് എന്നാണെന്ന സമിതിയുടെ ചോദ്യത്തിന് 2006-ൽ പദ്ധതി അവസാനിപ്പിച്ചുവെങ്കിലും ചില നഗരസഭകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് അധിക തുക ആവശ്യപ്പെടുകയും 3108 വീടുകൾക്കുള്ള അധിക തുക 2006-2007 വർഷാവസാനം ലഭിക്കുകയും ചെയ്തെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതി പ്രകാരം പലിശ ഇളവ് ഉൾപ്പെടെ 1.5 ലക്ഷം രൂപ വരെ ബാങ്ക് ലോൺ ലഭ്യമാണെന്ന് ഡയറക്ടർ കൂട്ടിച്ചേർത്തു.

29. ലക്ഷ്യമിട്ട 1075 വീടുകളിൽ 427 വീടുകൾ മാത്രമേ പൂർത്തീകരിക്കാനുള്ളുവെന്നും ഇവ പൂർത്തിയാക്കുന്നതിന് ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിച്ചു. പല പദ്ധതികളിൻകീഴിൽ പല

ഘട്ടങ്ങളായി മുടങ്ങിക്കിടക്കുന്ന വീടുകൾ എല്ലാം ഇ.എം.എസ്. ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് കൃത്യമായ ലിസ്റ്റ് എടുക്കുന്നതിന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എസ്. പി. എ. ഒ . സമിതിയെ അറിയിച്ചു.

30. പത്തനംതിട്ട, അടൂർ മുനിസിപ്പാലിറ്റികളിൽ സി.ഡി.എസിന്റെ നിയമാവലി പ്രകാരം ഭരണസമിതി കൂടാതിരുന്നതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് അടൂർ നഗരസഭയിൽ ടി കാലയളവിൽ ഭരണസമിതി വിളിച്ചുകൂട്ടേണ്ടിയിരുന്ന ഉദ്യോഗസ്ഥനായ പ്രോജക്ട് ഓഫീസർക്കെതിരെ അന്വേഷണം നടക്കുകയാണെന്നും ടിയാൻ 2004-ൽ റിട്ടയർ ചെയ്തെന്നും എന്നാൽ ഇപ്പോൾ ഭരണ സമിതി കൃത്യമായി ചേരുന്നുണ്ടെന്നും അടൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

31. തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഭരണസമിതിയും ഉപദേശക സമിതിയും നിയമാനുസൃതം കൂടിയിരുന്നെങ്കിലും സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത കാലയളവിലുണ്ടായിരുന്ന പ്രോജക്ട് ഓഫീസറും മെമ്പർ സെക്രട്ടറിയും കൃത്യമായി ശ്രദ്ധിക്കാതിരുന്നതും അന്നത്തെ ഭരണ സമിതിയുടെ താല്പര്യക്കുറവുമാണ് ഇതിന് കാരണമെന്ന് തിരുവല്ല മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

32. കൂടാതെ SJSRY, VAMBAY, NSDP മുതലായ കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുകളുടെ ഒരു യൂണിറ്റായി നഗരപ്രദേശങ്ങളിൽ സി.ഡി.എസ്. മാറുകയും ഈ പ്രോജക്ടുകൾക്ക് ഔപചാരിക തലത്തിൽ മാത്രമേ നഗരസഭയിൽ നിന്നുള്ള അനുവാദം വേണ്ടിയിരുന്നുള്ളൂ എന്നതിനാൽ നഗരസഭ യാന്ത്രികമായി അനുവാദം നൽകുകയുമാണ് ചെയ്തിരുന്നതെന്നും നഗരസഭയുമായി ബന്ധപ്പെട്ട പദ്ധതികളായി ഇവയെ കാണാതിരുന്നതിനാൽ ഇവയുടെ നടത്തിപ്പിൽ നഗരസഭയുടെ പങ്ക് എന്താണെന്നുള്ളത് സംബന്ധിച്ച കൃത്യമായ ബോധം നഗരസഭകൾക്ക് അന്ന് ഉണ്ടായിരുന്നില്ലെന്നും കുടുംബശ്രീ ഡയറക്ടർ വിശദീകരിച്ചു. എന്നാൽ പ്രസ്തുത പ്രോജക്ടുകളെ നഗരസഭയുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് അവരുടെ മാത്രം ഒരു പ്രത്യേക യോഗം വിളിക്കണമെന്ന നിർദ്ദേശം വയ്ക്കുകയും നഗരസഭകൾക്ക് ഇതിന്റെ അംഗീകാരം കുടുംബശ്രീ മിഷനിൽ നിന്നും കൊടുത്തിരുന്ന രീതിക്കുപകരം ഡി.പി.സി.യിൽ നിന്നും അംഗീകാരം നേടണമെന്ന് വ്യവസ്ഥ ചെയ്യുകയുംവഴി പ്രസ്തുത പദ്ധതികളിൽ ഇടപെടുന്നതിന് നഗരസഭകൾക്ക് അവസരം ലഭ്യമാക്കിയെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ഇതു സംബന്ധിച്ച നിർദ്ദേശം നഗരകാര്യ ഡയറക്ടർ മുഖേന നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ഇപ്രകാരമൊരു നിർദ്ദേശം സർക്കാരിൽ നിന്നും നല്കിയിട്ടുണ്ടെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിച്ചു.

33. മാസംതോറും ചേരുന്ന മുനിസിപ്പൽ സെക്രട്ടറിമാരുടെ യോഗത്തിൽ കുടുംബശ്രീയുടെ പ്രതിനിധികൾ പങ്കെടുക്കാറുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ നഗരസഭകൾക്ക് ഉടമസ്ഥതാബോധം ഇപ്പോൾ വരുന്നുണ്ടെന്നും മുനിസിപ്പൽ ഡയറക്ടർ സമിതിയെ അറിയിച്ചു. വിലയിരുത്തൽ സമിതികൾ കൂടാത്ത നഗരസഭകളിൽ സംസ്ഥാനമിഷൻ തലത്തിൽ ഇടപ്പെട്ട് ഇതിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ടെന്നും നഗരസഭകളിൽ വിദഗ്ധ സമിതി കൂടുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്നും ഇതിന്റെയെല്ലാം ഫലമായി നല്ലരീതിയിൽ കാര്യങ്ങൾ പുരോഗമിച്ചിട്ടുണ്ടെന്നും കുടുംബശ്രീ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

34. ഡക്വാ യൂണിറ്റുകൾക്ക് നൽകിയ സഹായധനം ഈടാക്കണമെന്നും ഇത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്ത മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 19-5-2014-ലെ 52084/എസി1/10/തസ്വഭവ. നമ്പർ കത്ത് പ്രകാരം എ.ജി. മുഖാന്തിരമല്ലാതെ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"പത്തനംതിട്ട—പത്തനംതിട്ട നഗരസഭയിൽ ടി കാലയളവിൽ നാല് ഡക്വാ യൂണിറ്റുകളാണ് പ്രവർത്തിച്ചിരുന്നത്. അതിൽ മൂന്ന് യൂണിറ്റുകൾക്കായി 3.75 ലക്ഷം രൂപ സഹായധനം നൽകിയിട്ടുള്ളതും ടി യൂണിറ്റുകളുടെ പ്രവർത്തന കാലയളവിൽ തന്നെ ബാങ്ക് വായ്പ തിരിച്ചടച്ച് സഹായധനം പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതുമാണ്.

പഴയ XI-ാം വാർഡിൽ സ്വപ്ന കാറ്ററിംഗ് യൂണിറ്റ് എന്ന പേരിൽ 27-3-2001-ന് ആരംഭിച്ച നാലാമത് ഡക്വാ യൂണിറ്റിന് 30-3-2001-ൽ 1.25 ലക്ഷം രൂപ സബ്സിഡി ഇനത്തിലും 25,000 രൂപ റിവോൾവിംഗ് ഫണ്ടിനത്തിലും നൽകിയിരുന്നതാണ്. ടി യൂണിറ്റ് ഒൻപത് വർഷത്തോളം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ടി കാറ്ററിംഗ് യൂണിറ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഉടമ മരണമടഞ്ഞതിനെ തുടർന്ന് ടി സംരംഭം കെട്ടിടത്തിൽ നിന്നും മാറ്റേണ്ടി വരികയും ആയത് യൂണിറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്തിരുന്നു. ടി യൂണിറ്റ് കാനറാ ബാങ്ക് പത്തനംതിട്ട ശാഖയിൽ നിന്നും 31-3-2001-ൽ എടുത്ത വായ്പ 30-7-2005-ൽ അടച്ചുതീർത്തിട്ടുള്ളതാണ്.

നാല് ഡക്വാ യൂണിറ്റുകളുടെ പേരിലും നഗരസഭയ്ക്ക് യാതൊരു സാമ്പത്തിക ബാദ്ധ്യതയും നിലവിലില്ലാത്തതാകുന്നു.

അടൂർ:—അടൂർ നഗരസഭയിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി. ക്യാന്റീൻ ഒഴികെയുള്ള 7 ഡക്വാ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ പുനഃനിർമ്മാണം നടത്തിയ സമയത്ത് കെ.എസ്.ആർ.ടി.സി. ക്യാന്റീൻ പൊളിച്ചു കളഞ്ഞിട്ടുള്ളതുമാണ്. സ്റ്റാന്റിന്റെ പുനഃനിർമ്മാണം പൂർത്തീകരിച്ച സമയത്ത്

ക്യാന്റീൻ നടത്തുന്നതിന് സ്ഥലം കെ.എസ്.ആർ.ടി.സി അധികൃതർ വിട്ടു നൽകിയില്ല. ആയതിനാൽ ക്യാന്റീനിന്റെ തുടർപ്രവർത്തനം നിലച്ചുപോയി. അംഗങ്ങളുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കൊണ്ടല്ല ഇത് സംഭവിച്ചത്. കെ.എസ്.ആർ.ടി.സി. അധികൃതർ ആവശ്യപ്പെട്ട ഭീമമായ ഡെപ്പോസിറ്റ് തുക നൽകുന്നതിന് യൂണിറ്റിന് സാധിച്ചില്ല. ഈ ഡ്വാക്ര യൂണിറ്റിന്റെ കൺവീനറായ ശ്രീമതി എസ്ഥർ റേദമണി മരണപ്പെട്ട് പോയിട്ടുള്ളതും ടി യൂണിറ്റിലെ 4 അംഗങ്ങൾ മാരകരോഗങ്ങളാൽ ബുദ്ധിമുട്ടുന്നവരുമാണ്. ടി യൂണിറ്റിന് നടത്തുന്ന അംഗങ്ങൾ പട്ടികജാതി കോളനി നിവാസികളും കേവലം അരസെന്റ്, ഒരു സെന്റ് വസ്തു മാത്രം സ്വന്തമായുള്ളവരും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ഡ്വാക്രാ യൂണിറ്റുകൾക്ക് നൽകുന്ന സബ്സിഡി തിരിച്ച് പിടിക്കുന്നതിന് വ്യവസ്ഥകൾ ഇല്ല എന്നുള്ള വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു.

തിരുവല്ല 1. അഗ്രികൾച്ചർ യൂണിറ്റ്—എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം 2002-2003 വർഷത്തിൽ ആരംഭിച്ച അഗ്രികൾച്ചർ യൂണിറ്റ് മാർക്കറ്റ് ചെയ്യുന്നതിനുള്ള പരിചയക്കുറവുമൂലം ടി സംരംഭം പരാജയപ്പെടുകയും തുടർന്ന് യൂണിറ്റ് പ്രവർത്തനം നിലച്ചിട്ടുള്ളതുമാണ്.

2. സോപ്പ് നിർമ്മാണ യൂണിറ്റ്—2001-2002 വർഷത്തിൽ എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള സ്റ്റാർ സോപ്പ് നിർമ്മാണ യൂണിറ്റിൽ 10 വനിതാംഗങ്ങളാണ് ഉണ്ടായിരുന്നത്. യൂണിറ്റ് അംഗങ്ങൾക്ക് വേണ്ടത്ര പരിശീലനം ലഭിക്കാതിരുന്നതിനാൽ സംരംഭം വിജയകരമായി തീർന്നില്ല. ആയതിനാൽ അംഗങ്ങളിൽ പലരും യൂണിറ്റുമായി സഹകരിക്കാതെ വരികയും ടി യൂണിറ്റ് പ്രവർത്തനം നിറുത്തുകയും ചെയ്തിട്ടുള്ളതാണ്.

3. ചൈതന്യ പ്രൊവിഷൻ സ്റ്റോർ—2001-2002 വർഷത്തിൽ എസ്.ജെ.എസ്.ആർ. വൈ. പദ്ധതി പ്രകാരം ആരംഭിച്ച ചൈതന്യ പ്രൊവിഷൻ സ്റ്റോർ 10 വനിതകളുടെ ഒരു യൂണിറ്റ് ആയിരുന്നു. മാർജിൻ ഫ്രീ മാർക്കറ്റുകളും ടി പ്രൊവിഷൻ സ്റ്റോറിന്റെ സമീപപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടതിനാൽ ടി സ്റ്റോറിന്റെ പ്രവർത്തനം സമ്പൂർണ്ണ പരാജയമായി തീർന്നു.

4. പൗർണ്ണമി പവർ ലോൺട്രി യൂണിറ്റ്—കുടുംബശ്രീ എസ്.ജെ.എസ്സ്.ആർ.വൈ. പദ്ധതി പ്രകാരം 10 വനിതകളുടെ ഗ്രൂപ്പ് സംരംഭമായ 2004-2005 വർഷത്തിൽ ആരംഭിച്ച പൗർണ്ണമി പവർ ലോൺട്രി യൂണിറ്റ് ശരിയായ പരിശീലനത്തിന്റെ അഭാവംമൂലം പരാജയപ്പെടുകയുണ്ടായി.

5. കുടുംബശ്രീ വനിതാ ക്യാന്റീൻ യൂണിറ്റ്—2000-2001 വർഷത്തിൽ 10 വനിതാ അംഗങ്ങളുമായി തുടങ്ങിയ ക്യാന്റീനിൽ നിന്ന് വായ്പാ തുക അടയ്ക്കുന്നതിനും ജീവിതച്ചെലവിന് ആവശ്യമായ തുകയും ലഭിക്കാത്തതിനാൽ പകുതിയോളം അംഗങ്ങൾ യൂണിറ്റിൽ നിന്ന് പിന്മാറുകയും ആയതിനാൽ തുടർന്ന് പ്രവർത്തിക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുള്ളതാണ്. ടി ക്യാന്റീൻ ജപ്തി ചെയ്ത് സാധനങ്ങൾ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണ്. എസ്.ജെ.എസ്സ്.ആർ.വൈ. പദ്ധതി പ്രകാരം ആകെ 5.25 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ബാങ്കിലേക്ക് നൽകിയിരുന്നു. ടി 5 യൂണിറ്റുകളും പ്രവർത്തന പരാജയത്തിലാകുകയും വായ്പാ തിരിച്ചടവ് പൂർത്തീകരിക്കാതെ സംരംഭങ്ങൾ പ്രവർത്തനരഹിതമാവുകയും ചെയ്തു.

പത്തനംതിട്ട, അടൂർ, തിരുവല്ല നഗരസഭകളിൽ സി.ഡി.എസ്.-ന് കീഴിൽ നടപ്പിലാക്കിയ സൂക്ഷ്മ സംരംഭങ്ങൾക്ക് ധനസഹായവിതരണം എന്ന പദ്ധതിയിൽ പദ്ധതി പരാജയപ്പെട്ടാൽ അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കുന്നതിനോ ഒരു നിശ്ചിത കാലയളവ് യൂണിറ്റുകൾ പ്രവർത്തിച്ചിരിക്കണമെന്നോ ഉള്ള വ്യവസ്ഥയുണ്ടായിരുന്നില്ല. ആകയാൽ ടി യൂണിറ്റുകൾക്ക് നൽകിയ സഹായധനം തിരികെ ഈടാക്കുവാൻ സാധിക്കുകയില്ല.''

35. സി.ഡി.എസിന് കൈമാറാതെ വകമാറ്റി ചെലവഴിച്ച 84.14 ലക്ഷം രൂപയിൽ അവശേഷിച്ച 4 ലക്ഷം രൂപ തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും തുക വകമാറ്റി ചെലവഴിച്ച സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശത്തിന്മേൽ 19-5-2014-ലെ 52084/എസി1/10/തസ്വഭവ. നമ്പർ കത്ത് പ്രകാരം സർക്കാർ എ.ജി. മുഖാന്തിരമല്ലാതെ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു:

"പത്തനംതിട്ട—നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട അവസരത്തിൽ ശമ്പളം നൽകാൻ തുക വകമാറ്റുകയും രണ്ട് ലക്ഷം രൂപ തിരികെ നൽകുകയും ചെയ്തിട്ടുള്ളതാണ്. ബാക്കി നാല് ലക്ഷം രൂപ 25-7-2013-ലെ 000354-ാം നമ്പർ ചെക്ക് പ്രകാരം എസ്.ജെ.എസ്.ആർ. വൈ.ഫണ്ടിലേക്ക് തിരികെ അടച്ചിട്ടുള്ളതാണ്.

അടൂർ—അടൂർ നഗരസഭയിൽ ഗവൺമെന്റിൽ നിന്നും സി.ഡി.എസ്.-ന് അനുവദിച്ച തുകകൾ ഒന്നും തന്നെ വകമാറ്റി ചെലവഴിച്ചിട്ടില്ല.

തിരുവല്ല—സി.ഡി.എസ്.-ന് കൈമാറാനുണ്ടായിരുന്ന 4 ലക്ഷം രൂപ 1-10-2010-ലെ 545465 നമ്പർ ചെക്ക് മുഖേന മുനിസിപ്പൽ ഫണ്ടിൽ നിന്നും സി.ഡി.എസ്. അക്കൗണ്ടിലേക്ക് കൈമാറി നൽകിയിട്ടുള്ളതാണ്. സി.ഡി.എസ്.-ന് ലഭിക്കുന്ന ഫണ്ടുകൾ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ വരുന്നതാകയാൽ ആദ്യം മുനിസിപ്പൽ ഫണ്ടിലാണ്

വകകൊള്ളിക്കുന്നത്. അതിന് ശേഷമാണ് സി.ഡി.എസ്.-ൽ നിന്നും ആവശ്യപ്പെടുന്ന തുറസ്സ് കൈമാറി നൽകുന്നത്. സി.ഡി.എസ്.-ന്റെ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ലാത്തതാണ്. സി.ഡി.എസ്.-ന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യത്തിനുള്ള ഫണ്ട് അക്കൗണ്ടിൽ ഉണ്ടായിരുന്നതിനാലാണ് മുനിസിപ്പൽ ഫണ്ടിൽ നിന്ന് സി.ഡി.എസ്-ലേക്ക് ടി 4 ലക്ഷം രൂപ നേരത്തെ മാറ്റി നൽകാതിരുന്നത് എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു. സി.ഡി.എസിന്റെ ആവശ്യത്തിനുള്ള തുക പല ഘട്ടങ്ങളിലായി സി.ഡി.എസ്.-ന് നൽകിയിട്ടുണ്ട്. "

**നിഗമനങ്ങൾ/ശിപാർശകൾ**

36. **തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികളിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ ത്രിഫ്റ്റ് സമാഹരണം, വായ്പാവിതരണം, വായ്പാതിരിച്ചടവ് എന്നിവ സംബന്ധിച്ച കണക്കുകളിലെ പ്രകടമായ വ്യത്യാസത്തിൽ നിന്നും പ്രസ്തുത പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ മുനിസിപ്പാലിറ്റികളിലെ ഭരണസമിതികളും ഉപദേശക സമിതികളും പരാജയപ്പെടുകയായിരുന്നുവെന്ന് വ്യക്തമാകുന്നു. സി.ഡി.എസ്. രൂപീകൃതമായ 1995 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ അടൂർ നഗരസഭയിലെ സി.ഡി.എസ്. പ്രോജക്ട് ഓഫീസറും ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന കമ്മ്യൂണിറ്റി ഓർഗനൈസറും ചേർന്ന് 12.89 ലക്ഷം രൂപ അപഹരിച്ചത് മുനിസിപ്പാലിറ്റിയുടെ മേൽനോട്ടത്തിലെ അപാകത കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. ടിയാളുകൾക്കുമേൽ നിശ്ചയിച്ചിട്ടുള്ള പിഴപ്പലിശ ഉൾപ്പെടെയുള്ള ബാധ്യതയായ 17 ലക്ഷം രൂപ ഈടാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

37. **പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോട്ടയം വിജിലൻസ് കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38. **1994-ലെ കേരള മുനിസിപ്പൽ നിയമം 45 (സി) വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിരുദ്ധമായി വാർഡ് സഭയുടെ അംഗീകാരമില്ലാതെ സി.ഡി.എസ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് കാരണം ഗുണഭോക്തൃ നിർണ്ണയത്തിൽ സുതാര്യത ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് സമിതി മനസ്സിലാക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ 1994-1995 മുതൽ 2004-2005 വരെ മൂന്ന് മുനിസിപ്പാലിറ്റികളും അവയുടെ വാർഷികവരുമാന അടങ്കലിന്റെ 2 ശതമാനം നഗരദാരിദ്ര്യ**

നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സി.ഡി.എസുകൾക്ക് കൈമാറാതിരുന്നതിനാൽ പ്രവർത്തന പരിപാടികൾ എസ്.ജെ.എസ്.ആർ.വൈ.യിലും എൻ.എസ്.ഡി.പി.യിലും ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തേണ്ടി വന്നതിന്റെ ഫലമായി പ്രവർത്തനോദ്ദേശ്യം പൂർത്തീകരിക്കാൻ സാധിക്കാതെ പോയതായി സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ജനസംഖ്യകൂടിയ നഗരസഭകളിലെ വാർഡ് സഭ ചേർന്ന് ഗുണഭോക്തൃ നിർണ്ണയം നടത്തുക എന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

39. നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം (DWCUA) എന്ന പദ്ധതി പ്രകാരം അടൂർ, തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികളിൽ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾ ലക്ഷ്യബോധമുള്ള സംരംഭകരെ കണ്ടെത്താൻ കഴിയാതിരുന്നതിന്റെയും സംരംഭകർക്ക് മതിയായ പരിശീലനം നൽകാത്തതിന്റെയും തുടർനിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തതയുടെയും ഫലമായി പരാജയപ്പെട്ടുവെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം ഗ്രൂപ്പ് സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിലിനാവശ്യമായ വൈദഗ്ധ്യം നേടിയവർക്ക് പ്രാമുഖ്യം നൽകണമെന്നും അല്ലെങ്കിൽ അതിനനുയോജ്യമായ പരിശീലന പരിപാടി സംഘടിപ്പിച്ച് അതിൽ വിജയിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഇത്തരം പദ്ധതികളിൽ ഫലപ്രാപ്തിക്ക് തുടർനിരീക്ഷണ സംവിധാനം ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. സ്വാശ്രയസംഘങ്ങൾ എ.ഡി.എസിൽ നിന്നും ധനസഹായവും കുറഞ്ഞ പലിശയിനത്തിൽ വായ്പയും നേടിയെടുത്ത ശേഷം യൂണിറ്റ് അടച്ച് പൂട്ടുന്ന പ്രവണത ഒഴിവാക്കുന്നതിനായി പ്രോജക്ടിന് ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് നൽകുന്നതടക്കമുള്ള സഹായങ്ങളും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള പൊതു സംവിധാനവും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുടുംബശ്രീ ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതും അവയുടെ വിപണനത്തിനായി ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതും ലക്ഷ്യപ്രാപ്തിക്ക് സഹായകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

41. 1997-1998 മുതൽ 2004-2005 വരെ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി (എസ്.ജെ.എസ്.ആർ.വൈ./എൻ.എസ്.ഡി.പി.) കൾക്കായി അനുവദിച്ച 84.64 ലക്ഷം രൂപ സി.ഡി.എസിന് കൈമാറുന്നതിന് പകരം വകമാറ്റി ചെലവഴിച്ചത് പണാപഹരണമായി കണക്കാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇതിനുത്തരവാദിയായ മുനിസിപ്പൽ

**കൗൺസിലിന്റെയും സെക്രട്ടറിയുടെയും പേരിൽ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത തുകയിൽ തിരിച്ചടയ്ക്കാനുള്ള ബാക്കി തുക കൂടി തിരിച്ചടപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

42. **പത്തനംതിട്ട ജില്ലയിൽ ദേശീയ ചേരി നിർമ്മാർജ്ജന പരിപാടിയുടെ കീഴിൽ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ വീടിന്റെ നിലവാരം ഉയർത്തുന്നതിന് പ്രവർത്തന പരിപാടിയും പണവും ലഭ്യമായിരുന്നിട്ടും അതിന്റെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 234 കുടുംബങ്ങൾക്ക് യഥാസമയം ലഭിക്കാതിരുന്നത് മുനിസിപ്പാലിറ്റികളുടേയും എ.ഡി.എസിന്റെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ആനുകൂല്യം ലഭിക്കാത്ത 234 ഗുണഭോക്താക്കൾക്ക് തുടർന്നുള്ള പദ്ധതികൾ പ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയത് സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരി നിവാസികൾക്ക് വേണ്ടിയുള്ള വാംബേ പാർപ്പിട പദ്ധതിയിൽ 2002-2004-ൽ അനുവദിച്ച 1075 വീടുകളിൽ പൂർത്തീകരിക്കുവാൻ അവശേഷിച്ച 427 വീടുകൾ പൂർത്തിയാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

43. **സി.ഡി.എസിന്റെ നിയമാവലിയിൽ നിന്നും വ്യതിചലിച്ച്, ഭരണസമിതിയും ഉപദേശകസമിതിയും യോഗം ചേരാതിരുന്നതും എ.ഡി.എസിന്റെയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനപുരോഗതി നിരീക്ഷിക്കാതിരുന്നതും ഇത്തരം പദ്ധതികളിലൂടെ സ്ത്രീശാക്തീകരണം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനെ തടസ്സപ്പെടുത്തിയെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തിക്കുതകുംവിധം ജാഗ്രത പുലർത്തുന്നതിന് മുനിസിപ്പാലിറ്റികളെ പ്രത്യേകം ചുമതലപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കോട്ടയം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### കോട്ടയം ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിനുവേണ്ടി നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ

**4.1.1 ആമുഖം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്തൃസഹായിയായ വ്യക്തിഗത പദ്ധതികളും (സ്വയം തൊഴിൽ, മെച്ചപ്പെട്ട വിദ്യാഭ്യാസം തുടങ്ങിയവ) കുടുംബത്തിനുള്ള പദ്ധതികളും (വീട്, ഭൂമി തുടങ്ങിയവ) ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, റോഡ് നന്നാക്കൽ,

പൊതുഹാളുകൾ നിർമ്മിക്കൽ തുടങ്ങിയ പശ്ചാത്തല വികസന പദ്ധതികൾ, 51 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാരായ ഗുണഭോക്താക്കളുള്ള പ്രദേശങ്ങളിൽ ഏറ്റെടുത്തിരുന്നു.

കേരളത്തിലെ ജനസംഖ്യയുടെ 9.81 ശതമാനം മാത്രമേ പട്ടികജാതിക്കാരുള്ളുവെങ്കിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യയിൽ 19 ശതമാനം പട്ടികജാതിക്കാരാണ്. ഇത് സൂചിപ്പിക്കുന്നത് പട്ടികജാതിക്കാരുടെ ഇടയിൽ ദാരിദ്ര്യം ആകെ ജനസംഖ്യയുടെ ഏകദേശം ഇരട്ടിയാണെന്നാണ്. കോട്ടയം ജില്ലയിലെ ജനസംഖ്യ 1952901 (2001 സെൻസസ്) ആയിരുന്നു. അതിൽ പട്ടികജാതിക്കാരുടെ എണ്ണം 124813 ആയിരുന്നു. (6.39 ശതമാനം)

വികേന്ദ്രീകൃതാസൂത്രണം നിലവിൽ വന്നതോടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. പത്താം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ (2002-2005) പ്രത്യേക ഘടക പദ്ധതിയിൽപ്പെടുന്ന 762.10 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സഹായമായി അനുവദിച്ചു.

### 4.1.2 തുക വകയിരുത്തലും ചെലവും

2002-05 കാലയളവിൽ കോട്ടയം ജില്ലാ പഞ്ചായത്തിന് അനുവദിച്ച പദ്ധതി തുകയായ 31.62 കോടി രൂപയിൽ പട്ടികജാതി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് 7.91 കോടി രൂപ ലഭ്യമായിരുന്നെങ്കിലും 2.01 കോടി രൂപ മാത്രമേ ആ വകയിൽ ചെലവ് ചെയ്തിട്ടുള്ളൂ. വളരെ താഴ്ന്ന ഈ വിനിയോഗം (25.41 ശതമാനം) ഗുണഭോക്തൃസ്ഥായിയായ പദ്ധതികൾക്ക് ഗുണഭോക്താക്കളെ നിർണ്ണയിക്കാതിരുന്നതുകൊണ്ടും കുറഞ്ഞത് 51 ശതമാനം പട്ടികജാതി സാന്നിധ്യം ഉറപ്പാക്കാതെ പശ്ചാത്തല വികസന പദ്ധതികൾ ആവിഷ്കരിച്ചതുമൂലവുമായിരുന്നു.

### 4.1.3 2002-2005 കാലയളവിൽ ആവിഷ്കരിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ

2002-2005 കാലത്ത് പട്ടികജാതിക്കാർക്ക് പ്രയോജനപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചതും നടപ്പിലാക്കിയതും താഴെ കൊടുത്തിരിക്കും പ്രകാരമായിരുന്നു:

| വർഷം | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | നടപ്പിലാക്കൽ ശതമാനത്തിൽ |
|---|---|---|---|
| 2002-03 | 27 | 13 | 48.15 |
| 2003-04 | 36 | 13 | 36.11 |
| 2004-05 | 23 | 9 | 39.13 |
| ആകെ | 86 | 35 | 40.70 |

കോട്ടയം ജില്ലാ പഞ്ചായത്ത് 2002-03 മുതൽ 2004-05 വരെ പട്ടികജാതി ക്ഷേമത്തിനായി 86 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 35 പദ്ധതികൾ നടപ്പിലാക്കാനേ കഴിഞ്ഞുള്ളു. പദ്ധതി നടപ്പിലാക്കലിലെ ഈ ശുഷ്കമായ പ്രകടനം (40.70 ശതമാനം) അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുണ്ടായ ജില്ലാ പഞ്ചായത്തിന്റെ പരാജയം കാരണമാണ്.

## 4.1.4 മിടുക്കരായ പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി നടപ്പാക്കാത്തത്

നാലാം സ്റ്റാൻഡേർഡിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി 1989-ൽ കേരള സർക്കാർ നടപ്പാക്കി. ഓരോ വർഷവും 50 വിദ്യാർത്ഥികളെ അഞ്ചാം സ്റ്റാൻഡേർഡിൽ ചേർക്കാനും അവരുടെ മുഴുവൻ വിദ്യാഭ്യാസ ചെലവും സർക്കാർ വഹിക്കാനും പദ്ധതി വിഭാവനം ചെയ്തു.

വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1999-2000 മുതൽ ഈ പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയിലേക്ക് മാറ്റി. ഈ പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് ഓരോ വർഷവും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും റെസിഡൻഷ്യൽ സ്കൂളുകളിൽ അഞ്ചാം സ്റ്റാൻഡേർഡിൽ പ്രവേശിപ്പിക്കുകയും അവരുടെ വിദ്യാഭ്യാസ പുരോഗതി നിരീക്ഷിക്കുകയും ചെയ്യണം. പത്തോ പന്ത്രണ്ടോ സ്റ്റാൻഡേർഡ് (സ്കൂൾ പന്ത്രണ്ടാം സ്റ്റാൻഡേർഡ് വരെ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നുണ്ടെങ്കിൽ) വരെയുള്ള മുഴുവൻ ചെലവും പ്രത്യേക ഘടക പദ്ധതിക്ക് (എസ്സ്സിപി) മാറ്റിവച്ചിട്ടുള്ള പദ്ധതി തുകയിൽ നിന്നും തദ്ദേശ സ്ഥാപനം വഹിക്കും. 1999-2000 മുതൽ 2001-02 വരെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ടി 23 വിദ്യാർത്ഥികളെ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ തെരഞ്ഞെടുത്തു. എന്നാൽ ഈ പട്ടിക കോട്ടയം ജില്ലാ പഞ്ചായത്ത് അംഗീകരിക്കുകയോ പദ്ധതി നടപ്പാക്കുന്നതിന് പണം നീക്കിവയ്ക്കുകയോ ചെയ്തില്ല. 2002-03 മുതൽ 2004-05 വരെ ഈ പദ്ധതി നടപ്പിലാക്കാൻ വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ടി ഒരു പരിപാടിയും തയ്യാറാക്കിയിരുന്നില്ല. ഈ പദ്ധതി നടപ്പാക്കാത്തത് കാരണം തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സൗജന്യ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു.

### 4.1.5 കോട്ടയത്തെ സോഷ്യോ എക്കണോമിക് യൂണിറ്റിൽ നിക്ഷേപിച്ച പദ്ധതി വിഹിതമായ 51.97 ലക്ഷം രൂപ ഉപയോഗിക്കാത്തത്

2002 മാർച്ചിൽ "പട്ടികജാതി വനിതകളെ കല്ലണി പരിശീലിപ്പിക്കുന്നതിനും ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും" എന്ന പദ്ധതിക്കുവേണ്ടി 51.97 ലക്ഷം രൂപ കോട്ടയത്തെ സോഷ്യോ എക്കണോമിക് യൂണിറ്റ് എന്ന സർക്കാരിതര സംഘടനയ്ക്ക് നൽകി. ജില്ലാ പഞ്ചായത്തിലെ 21 ഡിവിഷനുകളിൽ നിന്നും 210 പട്ടികജാതി വനിതകൾക്ക് കല്ലണിയിൽ പരിശീലനം നല്കുക, ഹോളോ ബ്രിക്സ് നിർമ്മിക്കുന്നതിവേണ്ടി ഓരോ ഡിവിഷനും യന്ത്രസാമഗ്രികൾ വാങ്ങി സഹായിക്കുക, 25,000 രൂപ വീതം ഓരോ ഡിവിഷനിലും പ്രവർത്തനമൂലധനം നൽകുക ഇവയാണ് പദ്ധതി വിഭാവനം ചെയ്തത്.

ജൂൺ 2005 വരെ ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ പഞ്ചായത്ത് നല്കാതിരുന്നത് കൊണ്ട് നിർവ്വഹണ സമിതിക്ക് ആ തുക ഉപയോഗിക്കാൻ കഴിഞ്ഞില്ല. 2002 മാർച്ചിൽ നിർവ്വഹണ സമിതി 51.97 ലക്ഷം രൂപ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 2005 ജൂണിൽ പലിശ ഉൾപ്പെടെ സമിതിയുടെ പക്കൽ 56.88 ലക്ഷം രൂപ ഉണ്ടായിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളുടെ പട്ടിക നല്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണം പദ്ധതി തുകയായ 51.97 ലക്ഷം രൂപ 2002-05 കാലത്ത് സർക്കാരിന്റെ കണക്കിന് വെളിയിൽ സൂക്ഷിച്ചു.

### 4.1.6 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണം— 3.10 ലക്ഷം രൂപ വിലയുള്ള നിഘണ്ടുകൾ വിതരണം ചെയ്യാതെ കെട്ടികിടന്നത്

1997-98-ൽ കോട്ടയം ജില്ലാ പഞ്ചായത്ത് 245 രൂപ മുഖവിലയുള്ള 'എൻ ഇ ആർ സി മലയാളം സംസാരിക്കുന്നവർക്കുവേണ്ടിയുള്ള ഇംഗ്ലീഷ് നിഘണ്ടു' കിഴിവ് കഴിച്ച് പ്രതി ഒന്നിന് 176 രൂപ വച്ച് പതിനായിരം എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങി. ജില്ലാ പഞ്ചായത്ത് ഇതിനായി 1998 ജൂണിൽ 17.60 ലക്ഷം രൂപ വിതരണക്കാർക്ക് നൽകി.

1997-98 വിദ്യാഭ്യാസ വർഷത്തിൽ ജില്ലയിലെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ, പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം 10120 ആണെന്ന് കോട്ടയം, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുകയുണ്ടായി. 1998-99 മുതൽ 2003-04 വരെ ജില്ലാ പഞ്ചായത്ത് 8240 നിഘണ്ടുകൾ സ്കൂളുകളിൽ വിതരണം ചെയ്തു. 2005 ജൂൺ അവസാനം 3.10 ലക്ഷം രൂപ വിലയുള്ള 1760 നിഘണ്ടുകൾ വിതരണം ചെയ്യാതെ ശേഷിക്കുന്നുണ്ടായിരുന്നു.

വിതരണം ചെയ്യാത്ത നിഘണ്ടുകൾ പാമ്പാടിയിലെ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടിൽ (ഡി ഐ ഇ റ്റി) ആണ് സൂക്ഷിച്ചിരിക്കുന്നത്. ആഗസ്റ്റ് 2003-ലെ ഒടുവിലത്തെ വിതരണത്തിനുശേഷം നിഘണ്ടുവിന്റെ സ്റ്റോക്ക് പരിശോധന 2005 ജൂൺ അവസാനംവരെ നടത്തിയിരുന്നില്ല.

### 4.1.7 അൻപത് പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങി നൽകുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചത്

മുണ്ടക്കയം ഡിവിഷനിൽപ്പെട്ട മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ 25 പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിന് അഞ്ച് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ജില്ലാ ആസൂത്രണ സമിതി 2003 ജനുവരിയിൽ അംഗീകരിച്ചു. പദ്ധതിയുടെ അംഗീകാരം 2003 മെയ് മാസത്തിൽ മാത്രമേ ജില്ലാ ആസൂത്രണ സമിതി ജില്ലാ പഞ്ചായത്തിനെ അറിയിച്ചുള്ളൂ എന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചില്ല. 2003-04-ൽ ഇരുപത്തിയഞ്ച് പട്ടികജാതി കുടുംബങ്ങൾക്ക്കൂടി വീട് വയ്ക്കാൻ ഭൂമി നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി അഞ്ചുലക്ഷം രൂപ മതിപ്പ് ചെലവിൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു. ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ (ഒക്ടോബർ 2003) ദർഘാസുകൾ ക്ഷണിക്കുകയും ഏക്കറിന് അഞ്ച് ലക്ഷം രൂപ എന്ന കുറഞ്ഞ നിരക്കിൽ ലഭിച്ച ദർഘാസ് സ്വീകരിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് (മാർച്ച് 2004) ജില്ലാ കളക്ടറോട് ഭൂവില സാക്ഷ്യപത്രം നൽകണമെന്ന് അപേക്ഷിച്ചുവെങ്കിലും സാക്ഷ്യപത്രം 2004 മാർച്ച് 31 നകം കിട്ടുന്നതിൽ പരാജയപ്പെട്ടു. തത്ഫലമായി ഭൂമി വാങ്ങാൻ കഴിയാതെ വരികയും തുക ലാപ്സാകുകയും ചെയ്തു. അതിനുശേഷം അത്തരം പദ്ധതികളൊന്നും ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായില്ല. ആവശ്യമുള്ള അംഗീകാരം നേടിയെടുക്കുന്നതിലുള്ള കാലതാമസം കാരണം അൻപത് പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമി സ്വന്തമാക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു.

<u>ഗുണഭോക്താക്കളെ ക്രമവിരുദ്ധമായി തെരഞ്ഞെടുത്തത്</u>

### 4.1.8 അംഗവൈകല്യമുള്ള പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം

വികലാംഗരായ 400 പട്ടികജാതി വനിതകൾക്ക് വരുമാനമുള്ള തൊഴിൽ നേടാൻ സഹായിക്കുന്നതിന് മെഴുകുതിരി, ചന്ദനത്തിരി, മൃദുകളിപ്പാട്ടങ്ങൾ ഇവയുടെ നിർമ്മാണത്തിൽ പരിശീലനം കൊടുക്കുന്നതിനായി പതിനാല് ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതി ജില്ലാ പഞ്ചായത്ത് 2004-05-ൽ ആവിഷ്കരിച്ചു. പരിശീലനപരിപാടി നടപ്പാക്കിയത് 'സയൻസ് ആന്റ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോജക്ട്' (എസ്.റ്റി. ഇ. ഡി.) ആയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പതിനേഴ് പേരിൽ ഏഴ്പേരെ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ നിന്നും കിട്ടിയ പട്ടികകളിൽ നിന്നും ബാക്കിയുള്ളവരെ ഐസിഡിഎസ് ഉദ്യോഗസ്ഥന്മാർ നല്കിയ പട്ടികകളിൽ നിന്നുമാണ് തെരഞ്ഞെടുത്തത്. ഈ പദ്ധതിയുടെ ആകെ ചെലവ് 59.50 ലക്ഷം രൂപയായിരുന്നു.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 3 എ വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നത് ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കണമെന്നാണ്. ആയതിനാൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിലൂടെയും ഐസിഡിഎസ്. ഉദ്യോഗസ്ഥൻമാർവഴിയും നടത്തിയ തെരഞ്ഞെടുപ്പ് ക്രമവിരുദ്ധമായിരുന്നു. വികലാംഗരായ നാനൂറ് പട്ടികജാതി വനിതകൾക്ക് പരിശീലനം നല്കാൻ വിഭാവനം ചെയ്തിരുന്നെങ്കിലും പതിനേഴ് ഗുണഭോക്താക്കളെ കണ്ടെത്താനേ ജില്ലാ പഞ്ചായത്തിന് കഴിഞ്ഞുള്ളൂ. ലക്ഷ്യമിട്ടത്രയും ഗുണഭോക്താക്കളെ കണ്ടുപിടിക്കാൻ കഴിയാത്തത് പദ്ധതി രൂപീകരണത്തിലെ ആസൂത്രണ വൈകല്യത്തെ സൂചിപ്പിക്കുന്നു.

സമയക്കുറവുകാരണമാണ് ഗുണഭോക്താക്കളെ കണ്ടെത്താൻ ഗ്രാമസഭയ്ക്ക് സാധിക്കാത്തതെന്ന് ജില്ലാതല ഐസിഡിഎസ്സ് സെല്ലിലെ പ്രോഗ്രാം ഓഫീസർ അറിയിച്ചു. (ജൂൺ 2005)

### 4.1.9 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം

റക്സിൻ ബാഗ്, സോപ്പുപൊടി, സോപ്പ് ഇവ നിർമ്മിക്കുന്നതിലും, ബുക്ക് ബൈൻഡിംഗ്, സാരി പോളിഷിംഗ് മുതലായവയിലും നാനൂറ് പട്ടികജാതി വനിതകൾക്ക് പരിശീലനം നല്കുന്നതിന് 17 ലക്ഷം രൂപ അടങ്കലിൽ ഒരു പദ്ധതി 2004-05-ൽ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇരുനൂറ്റി നാല്പത്തിയെട്ട് വനിതകളെ ഒരു മലയാളം പത്രത്തിലെ പരസ്യംവഴിയും ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഉദ്യോഗസ്ഥന്മാർവഴിയും തെരഞ്ഞെടുത്ത് എസ്സ്.റ്റി.ഇഡി.വഴി 2005 മാർച്ചിൽ പല ബാച്ചുകളിലായി 9.46 ലക്ഷം രൂപ ചെലവിൽ പരിശീലനം നല്കുകയും ചെയ്തു.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കണമായിരുന്നു. പരസ്യത്തിലൂടെയും ഉദ്യോഗസ്ഥൻമാർ മുഖേനയും നടത്തിയ തെരഞ്ഞെടുപ്പ് ക്രമവിരുദ്ധവും വികേന്ദ്രീകരണത്തിന്റെ സത്തക്ക് നിരക്കാത്തതുമാണ്.

ഗ്രാമസഭവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാത്തത് സമയക്കുറവ് കൊണ്ടാണെന്ന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ വിശദീകരിച്ചു. (ജൂൺ 2005).

### 4.1.10 ജില്ലാ പഞ്ചായത്ത് അംഗങ്ങൾ തെരഞ്ഞെടുത്ത പട്ടികജാതി സ്വയംസഹായ സംഘങ്ങൾക്ക് ക്രമവിരുദ്ധമായ സാമ്പത്തിക സഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നല്കുന്നതിനുള്ള രണ്ട് പദ്ധതികൾ 2004-05-ൽ നടപ്പാക്കുകയുണ്ടായി. 2004-05-ലേക്കുള്ള പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച്

സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) മാനദണ്ഡങ്ങൾ പാലിച്ച് വേണമായിരുന്നു സ്വയംസഹായ സംഘങ്ങൾക്ക് സഹായം നൽകേണ്ടിയിരുന്നത്. എസ്സ്. ജി. എസ്സ്. വൈ. മാനദണ്ഡമനുസരിച്ച് സംഘങ്ങളെ വിലയിരുത്തേണ്ടത്, ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു ഗ്രേഡിംഗ് കമ്മിറ്റിയായിരിക്കണം.

സ്വയംസഹായ സംഘങ്ങളെ തെരഞ്ഞെടുത്തപ്പോൾ എസ്. ജി. എസ്. വൈ. മാനദണ്ഡങ്ങൾ പാലിച്ചില്ല. കങ്ങഴ ഡിവിഷനിലെ രണ്ട് സംഘങ്ങളെയും മുണ്ടക്കയം ഡിവിഷനിലെ ഒൻപത് സംഘങ്ങളെയും അതത് ജില്ലാ പഞ്ചായത്ത് ഡിവിഷൻ അംഗങ്ങളാണ് തെരഞ്ഞെടുത്തത്. അവയ്ക്ക് സഹായധനമായി 1.10 ലക്ഷം രൂപ നല്കുകയും ചെയ്തു.

1997-98 മുതൽ ഇതേ നടപടിക്രമം തന്നെയാണ് പിൻതുടരുന്നതെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചു.

## 4.1.11 ഉപയോഗിക്കാത്ത 4.61 ലക്ഷം രൂപ നിർവ്വഹണ ഏജൻസി സ്വന്തം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നത്

"വീട് നന്നാക്കലും കക്കൂസ് നിർമ്മാണവും" എന്ന എസ്. സി. പി. പദ്ധതി നടപ്പാക്കുന്നതിന് 1997-98-ൽ പദ്ധതിതുകയായ 38.13 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സോഷ്യോ എക്കണോമിക് യൂണിറ്റിനെ (എസ് ഇ യു) ഏല്പിച്ചിരുന്നു. 2003 മാർച്ച് വരെ പ്രസ്തുത ഏജൻസി 34.63 ലക്ഷം രൂപ ചെലവഴിച്ചു. ഗുണഭോക്താക്കളുടെ പട്ടിക പഞ്ചായത്ത് നല്കാത്തതുകൊണ്ട് 2003-04, 2004-05 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം തുക ചെലവാക്കാൻ നിർവ്വഹണ ഏജൻസിക്ക് കഴിഞ്ഞില്ല. 2005 മാർച്ച് 31-ന് ഉപയോഗിക്കാത്ത ബാക്കി തുകയായ 3.50 ലക്ഷം രൂപ സോഷ്യോ എക്കണോമിക് യൂണിറ്റ് വശം ഉണ്ടായിരുന്നു. പലിശയുൾപ്പെടെ ഏജൻസിയുടെ കൈവശം വച്ചിരുന്ന നീക്കിയിരുപ്പ് 4.61 ലക്ഷം രൂപയായിരുന്നു. പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ നടപടിയെടുക്കുമെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചു. (ജൂൺ 2005)

## 4.1.12 പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ മേൽനോട്ടം ജില്ലാ പഞ്ചായത്തിനെ ഏല്പിക്കാത്തത്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അഞ്ചാംപട്ടിക പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ മേൽനോട്ടം ജില്ലാ പഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്. നിയമത്തിന്റെ 173(1) വകുപ്പുപ്രകാരം അഞ്ചാം പട്ടികയിൽപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ജില്ലാ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. ഈ ജില്ലയിലെ നാട്ടകത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ചുമതല ജില്ലാ പഞ്ചായത്തിന് കൈമാറാതെ പട്ടികജാതി വകുപ്പ് തുടർന്നും ഹോസ്റ്റൽ നടത്തിക്കൊണ്ടിരിക്കുന്നതായി ഓഡിറ്റിൽ കണ്ടു. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാത്തത് കാരണമാണ് ജില്ലാ പഞ്ചായത്തിന് പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ചുമതല ഏറ്റെടുക്കാൻ കഴിയാത്തത്.

### 4.1.13 കൺവീനർമാർക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിക്കാത്തത്

2000 ഡിസംബർ മുതൽ 2002 മാർച്ച് വരെ എസ്. സി. പി-ക്ക് കീഴിലുള്ള നാല് പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 3.99 ലക്ഷം രൂപ 2005 ജൂൺവരെ തിരിച്ച് പിടിക്കാതെ ശേഷിച്ചിരുന്നു. കൺവീനർമാർ പ്രസ്തുത ജോലി ചെയ്യുമില്ല.

ജോലികൾ അടിയന്തരമായി പൂർത്തിയാക്കാൻ കൺവീനർമാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് (പൊതുമരാമത്ത് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

### 4.1.14 ശിപാർശകൾ

- ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയശേഷമേ പട്ടികജാതി കുടുംബങ്ങൾക്കും വ്യക്തികൾക്കുമുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ പാടുള്ളൂ.
- 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ 3 എ വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കണം.
- ശേഷിക്കുന്ന നിഘണ്ടുകൾ തുടർന്നുള്ള വർഷങ്ങളിലോ മറ്റ് ജില്ലകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കോ വിതരണം ചെയ്യുന്ന കാര്യം കോട്ടയം ജില്ലാ പഞ്ചായത്ത് പരിഗണിക്കണം.
- പദ്ധതി സഹായം നിർവ്വഹണ ഏജൻസികളെ ഏറ്റിക്കുന്നത് മുൻ ഗഡുക്കളുടെ ഉപയോഗസാക്ഷ്യപത്രം ലഭിച്ചതിന് ശേഷവും യഥാർത്ഥ ആവശ്യത്തിനനുസരിച്ചും ആയിരിക്കണം.

(സി. ആന്റ് എ.ജി.-യുടെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

44. കോട്ടയം ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിനുവേണ്ടി നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ പരിശോധിക്കവെ 2002-03 മുതൽ 2004-05 വരെ കോട്ടയം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച 86 പദ്ധതികളിൽ 35 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളുവെന്നത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് മുൻപേ പദ്ധതി തയ്യാറാക്കിയതിന്റെ തെളിവാണെന്ന്

സമിതി അഭിപ്രായപ്പെട്ടു. പദ്ധതി നടത്തിപ്പിലെ ശ്രദ്ധേയമായ പ്രകടനം അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുണ്ടായ ജില്ലാ പഞ്ചായത്തിന്റെ പരാജയം കാരണമാണെന്നുള്ള എ.ജി. യുടെ ഓഡിറ്റ് നിരീക്ഷണത്തിന്മേൽ ജില്ലാ പഞ്ചായത്തിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കാലതാമസം വന്നതുകൊണ്ടാണ് പ്രസ്തുത കാലയളവിൽ ഇത് നടപ്പാക്കാൻ കഴിയാതിരുന്നതെന്നും എന്നിരുന്നാലും സ്പിൽ ഓവറായി അടുത്ത വർഷങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ ഇവ നടപ്പാക്കിയിട്ടുണ്ടെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു.

45. സ്പിൽ ഓവറായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട സെക്ടറിൽ പണം നഷ്ടപ്പെട്ടിട്ടില്ലെങ്കിലും ജനറൽ സെക്ടറിൽ നിന്നും തുക മാറ്റിവയ്ക്കേണ്ടിവരുന്നത് നഷ്ടം തന്നെയാണെന്നും ഇത്തരത്തിൽ ജില്ലാ പഞ്ചായത്തിന്റെ പണം നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കാണെന്നും കൃത്യമായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാതിരുന്ന സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പല പദ്ധതികളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കൊടുത്താൽത്തന്നെ പദ്ധതി പൂർത്തീകരിച്ച് വരുമ്പോൾ ആ വർഷത്തെ കണക്കിൽ വരാത്ത അവസ്ഥ ഉണ്ടെന്ന് സെക്രട്ടറി ഇൻ-ചാർജ്ജ് മറുപടി നൽകി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജില്ലാ പഞ്ചായത്തല്ലെന്നും സമിതിയുടെ ചോദ്യത്തിന് ഫിനാൻസ് ഓഫീസർ മറുപടി നൽകി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമപഞ്ചായത്താണെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും ലിസ്റ്റ് കിട്ടാതെ വന്നപ്പോൾ ആയത് മോണിട്ടർ ചെയ്യുകയും പ്രസ്തുത വിവരം പഞ്ചായത്ത് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. ഗുണഭോക്താക്കളെ ലഭിക്കാത്തത് ഇതിനൊരു കാരണമാകാമെങ്കിലും ഒരു പദ്ധതി തയ്യാറാക്കുമ്പോൾ അതിന്റെ ആവശ്യമെന്താണെന്ന് ആദ്യം പരിശോധിക്കേണ്ടതായിരുന്നെന്നും ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടത് പഞ്ചായത്ത് സമിതിയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

46. 2000 ഡിസംബർ മുതൽ 2002 മാർച്ച് വരെ എസ്.സി.പി.ക്ക് കീഴിലുള്ള നാല് പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 3.99 ലക്ഷം രൂപ തിരിച്ച് പിടിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആദ്യത്തെ രണ്ട് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം തുക തിരിച്ചുപിടിക്കാൻ 2008 സെപ്റ്റംബർ ഒന്നിന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടെന്നും ആയത് 17-11-2008-ൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട തഹസിൽദാർക്ക് കൈമാറിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. ബാക്കിയുള്ള രണ്ട് പ്രവൃത്തികൾ ബന്ധപ്പെട്ട കക്ഷികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുക കഴിച്ചിട്ടാണ് അവർക്ക് ഫൈനൽ ബിൽ

കൊടുത്തതെന്നും ഇത് സംബന്ധിച്ച് എ.ജി.ക്കും ഗവൺമെന്റിനും മറുപടി നൽകിയിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു. പ്രസ്തുത വിവരം റിപ്പോർട്ടായി സമിതിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**47. കോട്ടയം ജില്ലാ പഞ്ചായത്ത് 2002-2005 കാലയളവിൽ പട്ടികജാതി വിഭാഗത്തിനുവേണ്ടി ആവിഷ്കരിച്ച ക്ഷേമ പദ്ധതികളിൽ പലതും തൽവർഷം നടപ്പിലാക്കാൻ കഴിയാതിരുന്നതിന് കാരണം പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ദീർഘവീക്ഷണമില്ലായ്മയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ പദ്ധതിയുടേയും അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ച് പഠനമോ ആവശ്യകതയെയും സാധ്യതകളെയും സംബന്ധിച്ച വിശകലനമോ നടത്താതെയും പദ്ധതിയുടെ പ്രാരംഭദശയിൽ വേണ്ടത്ര മുൻകരുതൽ എടുക്കാതെയും പദ്ധതികൾ ആവിഷ്കരിച്ചതുകൊണ്ടാണ് പലതും ഫലപ്രാപ്തി കൈവരിക്കാത്തതെന്ന് സമിതി വിലയിരുത്തുന്നു. കോട്ടയം ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 6.39 ശതമാനം പട്ടികജാതിക്കാരായിരിക്കെ ഗുണഭോക്താക്കളുടെ അഭാവംമൂലം പല പദ്ധതികൾക്കും സാങ്കേതികാനുമതി കിട്ടിയില്ലെന്ന അവസ്ഥവന്നുവെന്നത് അർഹരായ ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിലുണ്ടായ വീഴ്ചകൊണ്ടാണെന്ന് സമിതി മനസിലാക്കുന്നു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികളുടെ 2005-06 മുതലുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്ന് സർക്കാർ സമർപ്പിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടിക്കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് ഉൾപ്പെടുത്തിയിരുന്നില്ലെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഓഡിറ്റ് പരാമർശങ്ങൾക്കുശേഷവും ഇത്തരം അപാകതകൾ നിലനിൽക്കുന്നുവെന്ന് സമിതി സംശയിക്കുന്നു. ടി പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിൽ നടപ്പിലാക്കിയപ്പോൾ ബന്ധപ്പെട്ട സെക്ടറിൽ പണം നഷ്ടമായില്ലെങ്കിലും ജനറൽ സെക്ടറിൽ നിന്നും ടി തുക മാറ്റി വയ്ക്കേണ്ടിവന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പരാജയപ്പെട്ടുവെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ മോണിട്ടർ ചെയ്ത് യുക്തമായ നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതിനാൽ സെക്രട്ടറിയുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**48. 2000 ഡിസംബർ മുതൽ 2002 മാർച്ചുവരെ എസ്.സി.പിക്ക് കീഴിൽ നടത്തിയ നാല് പ്രവൃത്തികളിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക തിരിച്ചുപിടിച്ചത് സംബന്ധിച്ചും പൂർത്തിയാക്കാത്ത രണ്ട് പ്രവൃത്തികളിൽ റവന്യൂ റിക്കവറി നടപടി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ**

**ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കാതിരുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശത്തോടുള്ള ഈ അലംഭാവവും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും സമിതി ഗൗരവമായി വീക്ഷിക്കുന്നു. സമിതിയുടെ നിർദ്ദേശം പാലിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത നാല് പ്രവൃത്തികളിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ് തുക തിരിച്ച് പിടിച്ചത് സംബന്ധിച്ചും മറ്റ് രണ്ട് പ്രവൃത്തികളുടെ റവന്യൂ റിക്കവറി നടപടി സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## പാലക്കാട് ജില്ലാ പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

### ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഉൽപ്പാദനക്ഷമമല്ലാത്ത മുതൽമുടക്ക്

4.2 പാലക്കാട്ടെ വൈദ്യുതി ആവശ്യം പരിഹരിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ കരിമ്പ പഞ്ചായത്തിൽ 3 മെഗാവാട്ട് മീൻവല്ലം ജലവൈദ്യുത പദ്ധതി സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്, അഞ്ചുകോടി രൂപ അംഗീകൃതമൂലധനമുള്ള പാലക്കാട് ജില്ലാ ജലവൈദ്യുത കമ്പനി ജില്ലാ പഞ്ചായത്ത് രൂപീകരിച്ചു (ജനുവരി 1999) ജില്ലാ പഞ്ചായത്തും പതിനാറ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും ചേർന്ന് 2 കോടി രൂപ കമ്പനിയുടെ ഇക്വിറ്റി ഓഹരികളിൽ നിക്ഷേപിച്ചു. 2000 ഫെബ്രുവരിയിൽ പദ്ധതിയുടെ ടെക്നിക്കൽ കൺസൾട്ടന്റായ ഇൻറർഗ്രേറ്റഡ് ടെക്നോളജി സെന്റർ, പദ്ധതിയുടെ മതിപ്പുചെലവ് 9.12 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കി. ഇക്വിറ്റി മൂലധനത്തിലൂടെയും 7.12 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തും പദ്ധതിക്ക് പണം സ്വരൂപിക്കാമെന്ന് കമ്പനി ഉദ്ദേശിച്ചു.

പദ്ധതി നിർവ്വഹണം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്) എന്ന സർക്കാർ സ്ഥാപനത്തെ, 18 മാസത്തിനകം പണി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ 2000 മാർച്ചിൽ ഭരമേൽപിച്ചു. വനം വകുപ്പ് ഭൂമി കൈമാറാത്തത് കൊണ്ട് 2004 ജനുവരിയിൽ പോലും സിൽക്ക് ഒരു ജോലിയും ആരംഭിച്ചിരുന്നില്ല. 2000 സെപ്റ്റംബറിനും 2001 സെപ്റ്റംബറിനുമിടയ്ക്ക് മുൻകൂറായി നൽകിയ 0.91 കോടി രൂപക്ക് പകരമായി 3.11 കോടി രൂപ വിലയുള്ള ഇലക്ട്രിക്കൽ-മെക്കാനിക്കൽ ഉപകരണങ്ങൾ സിൽക്ക് നൽകുകയുണ്ടായി. പ്രവർത്തന പൂർവ്വചെലവായി 2004 മാർച്ച് വരെ 0.63 കോടി രൂപ കമ്പനി ചെലവാക്കി. സിവിൽ ജോലികൾ പൂർത്തിയാക്കുന്നതിന് മുമ്പ് വാങ്ങിയ യന്ത്രോപകരണങ്ങൾ അവയുടെ ഗുണം നശിച്ചേക്കാവുന്ന രീതിയിൽ

ഉറപ്പായ സ്ഥലങ്ങളിലും ഭാഗികമായി ഒറച്ച ഷെഡ്ഡുകളിലും സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ ജാമ്യം നൽകാത്തതുകാരണം ഉദ്ദേശിച്ചപോലെ വായ്പ നേടിയെടുക്കാൻ കമ്പനിക്ക് കഴിഞ്ഞില്ല. ആവശ്യത്തിന് ധനം സമാഹരിക്കുന്നതിലും വസ്തുത വ്യക്തമാക്കുന്നതിലുമുള്ള പരാജയം തെളിയിക്കുന്നതുപോലെ, പ്രയോജകർ (പഞ്ചായത്തുകൾ) ശുഷ്കാന്തിയോടെ പദ്ധതി മുന്നോട്ട് കൊണ്ടുപോയില്ല.

പദ്ധതി തുടങ്ങുന്നതിന് മുമ്പ് ആവശ്യമായ സൗകര്യപ്പെടുത്തൽ ഉറപ്പാക്കുന്നതിലും വിഭവ സമാഹരണം നടത്തുന്നതിലുമുള്ള ജില്ലാ പഞ്ചായത്തിന്റെ പരാജയം രണ്ടുകോടി രൂപയുടെ പ്രത്യുൽപ്പാദനപരമല്ലാത്ത നിക്ഷേപത്തിൽ കലാശിച്ചു. സിവിൽ ജോലികൾ തീരുന്നതിനുമുമ്പ് യന്ത്രസാമഗ്രികൾ വാങ്ങിയത് 1.74* കോടി രൂപയുടെ അധിക ബാധ്യത സൃഷ്ടിക്കുകയും ചെയ്തു.

വൈദ്യുതി ഉൽപ്പാദകനാകാനുള്ള ഒരു ജില്ലാ പഞ്ചായത്തിന്റെ ആദ്യ ഉദ്യമമായിരുന്നുവെന്നും അതുകൊണ്ട് ധാരാളം അപകട സാധ്യതകളും മുൻകൂട്ടി കാണാൻ കഴിയാത്ത സംഭവങ്ങളും ഉണ്ടായിരുന്നുവെന്ന് സർക്കാർ അറിയിച്ചു (2005 മേയ്).

(സി & എ.ജി യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. പാലക്കാട് ജില്ലയിലെ മീൻവല്ലം ജലവൈദ്യുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി പുനരാരംഭിച്ചിട്ടുണ്ടെന്നും ഇതിന്റെ പ്രവർത്തനോദ്ഘാടനം നടന്നെന്നും സിൽക്കുമായി വീണ്ടും കരാർ ഉണ്ടാക്കിയിട്ടുണ്ടെന്നും ഇതിനാവശ്യമായ ടർബൈൻ കൊണ്ടുവരികയും മൂന്ന് കിലോ മീറ്റർ റോഡ് പണി നടത്തുകയും ചെയ്തിട്ടുണ്ടെന്നും ഇതിന്റെ പണി പുരോഗമിച്ചുവരികയാണെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്ക് വനം വകുപ്പിന്റെ അനുവാദം കിട്ടിയിട്ടുണ്ടെന്നും 2011 മാർച്ചിൽ പൂർത്തീകരിക്കാനാവുമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങളെന്നും ഇതിന് നബാർഡിന്റെ ലോൺ അനുവദിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പാലക്കാട്ടെ ജില്ലാ പഞ്ചായത്തിന്റെ ആശയമായ 3 മെഗാ വാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി 15 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

50. ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉപഭോക്താവായ ഇലക്ട്രിസിറ്റി ബോർഡുമായി Power Purchase Agreement വെച്ചിട്ടുണ്ടെന്നും ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടില്ലെന്നും പഴയ കരാറിലെ എസ്റ്റിമേറ്റ് തുക കൊണ്ട് പദ്ധതി പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

---

* യന്ത്രസാമഗ്രികൾ 3.11 കോടി രൂപ + പ്രവർത്തനപൂർവ്വ ചെലവ് 0.63 കോടി രൂപ (-) 2 കോടി ഓഹരികളിലെ നിക്ഷേപം.

**നിഗമനം/ശിപാർശ**

**51. ഉല്പാദനപരമായ പദ്ധതി എന്ന നിലയിൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ഉദ്യമം ശ്ലാഘനീയമാണെങ്കിലും മികച്ച ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനത്തിന്റെയും അഭാവത്തിൽ പദ്ധതി പൂർത്തീകരിക്കാനായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി ആസൂത്രണം ചെയ്ത സമയത്ത് പദ്ധതിക്കാവശ്യമായ ഭൂമിയുടെ ലഭ്യതയെപ്പറ്റി ആരാഞ്ഞിരുന്നില്ലെന്നും ധനസമാഹരണത്തിന്റെ മാർഗ്ഗങ്ങൾ പഠനവിധേയമാക്കിയിരുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. പദ്ധതിക്കാവശ്യമായ 1.15 ഹെക്ടർ ഭൂമി കൈമാറുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 1999 സെപ്റ്റംബർ-2000 മാർച്ചിൽ ഉത്തരവായെങ്കിലും പ്രസ്തുത ഭൂമി പദ്ധതിക്ക് വിട്ടുകിട്ടാൻ 10 വർഷമായി ശ്രമിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വലിയ അനാസ്ഥയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) നൽകിയ 3.11 കോടി രൂപ വിലയുള്ള ഇലക്ട്രിക്കൽ/മെക്കാനിക്കൽ ഉപകരണങ്ങളുടെ വിനിയോഗം പദ്ധതിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച് വിശദമായ വിവരങ്ങൾ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കൊല്ലം കോർപ്പറേഷൻ

<u>ഓഡിറ്റ് ഖണ്ഡിക</u>

### വൈദ്യുതി ശ്മശാനത്തിനുവേണ്ടി 30.58 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്

4.3 പോളയത്തോട് ശ്മശാനത്തിൽ 23.5 ലക്ഷം രൂപ ചെലവിൽ ഒരു വൈദ്യുത ശ്മശാനം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് കൽക്കട്ടയിലെ ട്രൂറോൾട്ട് എഞ്ചിനീയറിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൊല്ലം മുനിസിപ്പാലിറ്റി (പിന്നീട് കോർപ്പറേഷനായി ഉയർത്തപ്പെട്ടു) 1997 മാർച്ചിൽ ഓർഡർ നൽകി. എട്ട് മാസത്തിനകം പണി പൂർത്തിയാക്കണമെന്ന വ്യവസ്ഥയോടെ 1997 മേയ് മാസത്തിൽ നഗരസഭയും കമ്പനിയും കരാറിലേർപ്പെട്ടു. 1998 ജൂലൈ 31 വരെ കാലാവധിയുള്ള ബാങ്ക് ഗ്യാരന്റിയുടെ ബലത്തിൽ 9.80 ലക്ഷം രൂപ പലിശരഹിത മുൻകൂറായി നഗരസഭ, കമ്പനിക്ക് 1997 മേയ് മാസത്തിൽ നൽകി. 1998 ആഗസ്റ്റിൽ കമ്പനി വൈദ്യുത-യാന്ത്രിക ഘടകങ്ങൾ നൽകി. കമ്പനിയുടെ പ്രതിനിധികളും നഗരസഭാ എഞ്ചിനീയർമാരും ഉൾപ്പെട്ട പരിശോധക സമിതി 1998 സെപ്റ്റംബറിൽ ചില ഘടകങ്ങൾ കേടുള്ളവയാണെന്ന് കാണുകയും അവ മാറ്റി നൽകണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

അതോടൊപ്പം വൈദ്യുത ശ്മശാനത്തിന്റെ സിവിൽ ജോലികൾ നിർമ്മിതി കേന്ദ്രത്തെ (ഒരു സർക്കാർ സ്വയംഭരണ സ്ഥാപനം) 20.19 ലക്ഷം രൂപ ചെലവിൽ 1997 ജൂലൈയിൽ ഭരമേൽപ്പിച്ചു. നിർമ്മിതി കേന്ദ്രത്തിന് കോർപ്പറേഷൻ 14.31 ലക്ഷം രൂപ നൽകിയെങ്കിലും ദാതാവ് ചൂള സ്ഥാപിക്കാത്തതുകൊണ്ട് സിവിൽ ജോലികൾ അപൂർണ്ണമായി ശേഷിച്ചു (ആഗസ്റ്റ് 2005).

കേടായ ഘടകങ്ങൾ മാറ്റിക്കൊടുക്കാമെന്നും 1999 മാർച്ചോടെ ചൂള പ്രവർത്തനക്ഷമമാക്കാമെന്നുമുള്ള കമ്പനിയുടെ ഉറപ്പിന്മേൽ ബാങ്ക് ഗ്യാരന്റി നീട്ടാതെ തന്നെ വീണ്ടും 6.47 ലക്ഷം രൂപ 1999 ജനുവരിയിൽ നഗരസഭ മുൻകൂറായി കൊടുത്തു. പക്ഷെ കമ്പനി 16.27 ലക്ഷം രൂപ മുൻകൂറായി വാങ്ങിയെങ്കിലും കേടായ ഘടകങ്ങൾ മാറ്റിക്കൊടുക്കുകയുണ്ടായില്ല. വൈദ്യുതശ്മശാനം പ്രവർത്തിപ്പിക്കാനാകാതെ കമ്പനി നൽകിയ കേടായ ഘടകങ്ങൾ നിരർത്ഥകമായി 1998 ആഗസ്റ്റ് മുതൽ സൂക്ഷിച്ചിരിക്കുന്നു.

കമ്പനിക്കെതിരെ നിയമ നടപടികൾ 2004 ആഗസ്റ്റിൽ മാത്രമാണ് നഗരസഭ ആരംഭിച്ചത്. വക്കീൽ നോട്ടീസിന് മറുപടിയായി, കോർപ്പറേഷൻ ശ്മശാനകെട്ടിടം എല്ലാ രീതിയിലും പൂർത്തിയാക്കി നൽകാത്തതുകൊണ്ടാണ് ചൂള സ്ഥാപിക്കാൻ കഴിയാത്തതെന്ന് കമ്പനി അറിയിച്ചു. അങ്ങനെ കരാർ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലെ കൊല്ലം നഗരസഭയുടെ പരാജയം, ബാങ്ക് ഗ്യാരന്റിയില്ലാതെ മുൻകൂർ പണം നൽകൽ, ജോലിയിലേർപ്പെട്ട കക്ഷികളെ ഏകോപിപ്പിക്കുന്നതിലുള്ള വീഴ്ച എന്നിവ 30.58 ലക്ഷം രൂപയുടെ നിഷ്ഫലമായ ചെലവിൽ കലാശിച്ചു.

ഈ വിവരങ്ങൾ 2005 മേയ്-ൽ സർക്കാരിനെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭിച്ചില്ല (2006 ഏപ്രിൽ).

(സി.ആന്റ് എ.ജി.യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. കൊല്ലം കോർപ്പറേഷനിൽ വൈദ്യുതശ്മശാനത്തിനു വേണ്ടി 30.58 ലക്ഷം രൂപയുടെ പാഴ്ച്ചെലവ് വരാനുള്ള കാരണം സമിതി ആരാഞ്ഞതിന് വൈദ്യുതിശ്മശാനം നിർമ്മിക്കുന്നതിന് കൽക്കത്തയിലെ ട്രൈവോൾട്ട് എന്ന കമ്പനിക്ക് ഓർഡർ കൊടുക്കുകയും എഗ്രിമെന്റ് പ്രകാരം ഫർണസ് ഇടങ്ങിയ ഉപകരണങ്ങൾ അവർ നൽകുകയും ചെയ്തെന്നും എന്നാൽ കമ്പനി നൽകിയ ഉപകരണങ്ങളിൽ ഉപയോഗയോഗ്യമല്ലാത്തവ ഉണ്ടായിരുന്നെന്നും കൊല്ലം കോർപ്പറേഷൻ എ.ഇ.ഇ. സമിതിയെ അറിയിച്ചു. കൂടാതെ കിഴക്ക്-പടിഞ്ഞാറായി പണിത ശ്മശാനത്തിനു വേണ്ടിയുള്ള കെട്ടിടത്തിന്റെ ദിശ മാറിപ്പോയി എന്ന എതിർപ്പിനെ തുടർന്ന് തെക്കുവടക്കായി ദിശ മാറ്റിപ്പണിയണമെന്ന നിർദ്ദേശമുണ്ടായപ്പോൾ അതിനുവേണ്ടി കമ്പനി കൂടുതൽ തുക ആവശ്യപ്പെട്ടെന്നും ഇപ്പോഴും അത് പൂർത്തിയാകാത്ത സ്ഥിതിയിൽ തന്നെയാണെന്നും ഇതിന് 30.58 ലക്ഷം

രൂപയുടെ നഷ്ടമുണ്ടായെന്നും എ.ഇ.ഇ. സമിതിയെ അറിയിച്ചു. കോർപ്പറേഷൻ പ്രസ്തുത പ്രോജക്ട് ഉപേക്ഷിച്ചോയെന്ന സമിതി ആരാഞ്ഞതിന് ഇതിനുവേണ്ടി തയ്യാറാക്കിയ സംവിധാനങ്ങളെല്ലാം അതുപോലെ തന്നെ ഉണ്ടെന്നും യന്ത്രസാമഗ്രികൾ തുരുമ്പെടുത്തെന്നും വൈദ്യുതിയുടെ നിരക്ക് വച്ചുനോക്കുമ്പോൾ ഈ പ്രോജക്ട് നടപ്പാക്കുന്നത് പ്രായോഗികമല്ലെന്നും എ.ഇ.ഇ. സമിതിയെ ധരിപ്പിച്ചു. പ്രസ്തുത കെട്ടിടത്തിൽ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചിട്ടുണ്ടെന്നും എ.ഇ.ഇ. കൂട്ടിച്ചേർത്തു.

53. കമ്പനി കൊടുത്ത യന്ത്രസാമഗ്രികൾ ശരിയായി പരിശോധിക്കാതെയാണ് ഏറ്റെടുത്തതെന്നും കമ്പനിയുമായി തർക്കമുണ്ടായിരുന്നെന്നും ശരിയായ മേൽനോട്ടമോ കോ-ഓർഡിനേഷനോ ആദ്യം ഉണ്ടായിരുന്നില്ലെന്നും കൂടാതെ കമ്പനിയിൽ നിന്നും പണം ഈടാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചില്ലെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

54. ഈ വിഷയത്തിൽ, കേസ് കാലഹരണപ്പെട്ടു എന്ന നിയമോപദേശം കിട്ടിയിട്ടുണ്ടെന്ന് എ.ഇ.ഇ. സമിതിയെ അറിയിച്ചു.

55. ബാങ്ക് ഗ്യാരന്റിയില്ലാതെ കമ്പനിക്ക് 6.46 ലക്ഷം രൂപ കൊടുക്കാനുള്ള കാരണം സമിതി ആരാഞ്ഞതിന് ആദ്യം 9.80 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റിയോടു കൂടിയും പിന്നീട് കമ്പനി ആവശ്യപ്പെട്ട പ്രകാരം 6.46 ലക്ഷം രൂപ, പദ്ധതിയുടെ മേൽനോട്ടത്തിനായി മുനിസിപ്പൽ ചെയർമാൻ, ജില്ലാ കളക്ടർ, ഫിനാൻസ് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ, കെ.എസ്.ഇ.ബി. എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം ബാങ്ക് ഗ്യാരന്റിയില്ലാതെയും നൽകിയതായി കോർപ്പറേഷൻ എ.ഇ.ഇ. സമിതിയെ അറിയിച്ചു.

56. യന്ത്രസാമഗ്രികളിൽ പ്രവർത്തനക്ഷമമല്ലാത്തവയുണ്ടെന്ന് കമ്പനിയുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ പരിശോധിച്ച് ബോധ്യപ്പെടുകയും പ്രവർത്തന ക്ഷമമല്ലാത്ത സ്പെയർ പാർട്സുകൾ മാറ്റിക്കൊടുക്കാമെന്ന പറഞ്ഞിട്ടും പ്രസ്തുത വാഗ്ദാനം പാലിക്കുന്നതിനുമുമ്പ് വീണ്ടും കമ്പനിക്ക് ബാങ്ക് ഗ്യാരന്റിയില്ലാതെ പണം കൊടുക്കുകയാണ് ചെയ്തിട്ടുള്ളതെന്നും എസ്.പി.എ.ഒ. സമിതിയെ ബോധ്യപ്പെടുത്തി.

57. ബാങ്ക് ഗ്യാരന്റിയില്ലാതെ പണം കൊടുക്കുന്നതിന് കൗൺസിൽ തീരുമാനമില്ലെന്നും 9.80 ലക്ഷം രൂപ എം. പി. ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളതെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി എ.ഇ.ഇ. അറിയിച്ചു. കമ്പനിക്ക് ബാങ്ക് ഗ്യാരന്റിയില്ലാതെ പണം കൊടുത്ത സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്ന സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത തുക കൊടുക്കാൻ പാടില്ലെന്ന് അന്നത്തെ സെക്രട്ടറി എഴുതിയിട്ടുണ്ടെന്നും 6-1-1999-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ കൂടിയ യോഗതീരുമാന പ്രകാരം കമ്പനിയുടെ എം.ഡി. ഹാജരാക്കിയിട്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പണം കൊടുക്കാൻ തീരുമാനിച്ചുവെന്നാണ് പറഞ്ഞിട്ടുള്ളതെന്നും എ.ഇ.ഇ. കൂട്ടിച്ചേർത്തു.

58. എന്നാൽ മുനിസിപ്പൽ ഫണ്ട് വിനിയോഗിക്കാൻ കൗൺസിൽ തീരുമാനമുണ്ടായോയെന്ന് സമിതി ആരാഞ്ഞതിന് ഇതിന്റെ മുഴുവൻ തുകയും എം.പി. ഫണ്ടിൽ നിന്നുമാണ് കൊടുത്തിട്ടുള്ളതെന്നും മുനിസിപ്പൽ ഫണ്ടിൽ നിന്നല്ലെന്നും പദ്ധതിക്കുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം ജില്ലാ കളക്ടറാണ് തുക കൊടുത്തിട്ടുള്ളതെന്നും എ.ഇ.ഇ. സമിതിയെ അറിയിച്ചു.

59. എന്നാൽ കമ്പനിക്ക് നൽകിയ മുഴുവൻ തുകയും എം.പി. ഫണ്ടിൽ നിന്നാണോയെന്ന കാര്യത്തിൽ അവ്യക്തതയുള്ളതിനാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗം എങ്ങനെയാണ് നടത്തിയിട്ടുള്ളതെന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും ആയത് അടുത്ത കമ്മിറ്റി പരിശോധിച്ച് അനന്തര നടപടികൾ തീരുമാനിക്കുമെന്നും സമിതി വ്യക്തമാക്കി.

## നിഗമനങ്ങൾ/ശിപാർശകൾ

60. **കൊല്ലം കോർപ്പറേഷൻ, വൈദ്യുതശ്മശാനം സ്ഥാപിക്കുവാൻ ചെലവാക്കിയ തുക നിഷ്ഫലമായി എന്ന ഓഡിറ്റ് നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. വൈദ്യുതശ്മശാനം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് കരാറിലേർപ്പെട്ട കമ്പനി നല്കിയ വൈദ്യുത-യാന്ത്രിക ഘടകങ്ങൾ കേടുള്ളവയാണെന്ന് പരിശോധക സമിതി കാണുകയും അവ മാറ്റിനൽകണമെന്ന് ശിപാർശ നല്കുകയും ചെയ്തിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, അവ മാറ്റിവാങ്ങുന്നതിനു പകരം മാറ്റിനല്കാമെന്ന കേവല ഉറപ്പിന്മേൽ, ആദ്യം നല്കിയ 9.80 ലക്ഷം രൂപയ്ക്കു പുറമെ, ബാങ്ക് ഗ്യാരന്റി പോലുമില്ലാതെ വീണ്ടും 6.46 ലക്ഷം രൂപ കൂടി നല്കിയത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത തുക നല്കിയത് എം. പി. ഫണ്ടിൽ നിന്നുമായതിനാൽ മുനിസിപ്പൽ കൗൺസിലല്ല തുക നല്കാൻ തീരുമാനമെടുത്തതെന്നും പ്രത്യുത മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനും ജില്ലാ കളക്ടർ, ഫിനാൻസ് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ, കെ.എസ്.ഇ.ബി. എഞ്ചിനീയർ ഇടങ്ങിയ വിദഗ്ദ്ധരടങ്ങുന്ന ഒരു സമിതിയാണ് തീരുമാനമെടുത്തതെന്നും തെളിവെടുപ്പു വേളയിൽ കോർപ്പറേഷൻ എ.ഇ.ഇ. അറിയിക്കുകയുണ്ടായി. തുക ഏതു ഫണ്ടിൽ നിന്നും ആരുടെ തീരുമാനപ്രകാരം ഏത് ഉദ്യോഗസ്ഥനാണ് നല്കിയത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതി ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ ശിപാർശ നല്കുകയും ചെയ്യുന്നു. വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും നഷ്ടത്തിനുത്തരവാദിയായ കമ്പനിക്കെതിരെയുള്ള നിയമപരമായ നടപടി എത്രയുംവേഗം**

**പൂർത്തിയാക്കി നഷ്ടത്തുക പലിശസഹിതം ഈടാക്കുവാനും അല്ലാത്തപക്ഷം ഉത്തരവാദികളായവരിൽ നിന്നും ആയത് ഈടാക്കുവാനും അവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ചൂള സ്ഥാപിക്കാത്തതിനാലാണ് സിവിൽ ജോലികൾ പൂർത്തിയാക്കാനാകാത്തതെന്ന് നിർമ്മിതി കേന്ദ്രവും മറിച്ചാണെന്ന് കമ്പനിയും വാദിക്കുന്നതിൽ നിന്നും, ദിശ മാറിപ്പോയതിനാൽ ശ്മശാനം ഇനി യാഥാർത്ഥ്യമാക്കുവാൻ കഴിയില്ല എന്ന കോർപ്പറേഷന്റെ നിലപാടിൽ നിന്നും ആസൂത്രണത്തിലെയും ഏകോപനത്തിലെയും മേൽനോട്ടത്തിലെയും പോരായ്മയും വീഴ്ചയുമാണ് വ്യക്തമാകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഇത്തരം വീഴ്ചയിലൂടെ എം.പി. ഫണ്ടിൽ നിന്നായാലും മറ്റേതു സ്രോതസ്സിൽ നിന്നായാലും പൊതുപ്പണം ദുർവിനിയോഗം ചെയ്യപ്പെടുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും വീഴ്ചകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## തൃശ്ശൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

### കശാപ്പുശാല ആധുനികവൽക്കരിക്കാൻ നിഷ്ഫലമായ മുതൽമുടക്ക്

4.4 തൃശ്ശൂർ ജില്ലയിലെ കുരിയച്ചിറയിലുള്ള കശാപ്പുശാല 1.10 കോടി രൂപ ആകെ ചെലവിൽ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി 1987-88-ൽ കേന്ദ്രസർക്കാർ അംഗീകരിക്കുകയും പദ്ധതിക്കുള്ള കേന്ദ്രസഹായമായി 30 ലക്ഷം രൂപ 1989-ൽ നൽകുകയും ചെയ്തു. കേന്ദ്രസഹായം 1989 മാർച്ചിൽ തന്നെ കിട്ടിയെങ്കിലും, ജോളി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനത്തെ, 1993 മാർച്ച് പൂർത്തീകരണ തീയതിയായി നിഷ്കർഷിച്ചുകൊണ്ട് 1991 നവംബറിൽ ഭരമേൽപ്പിച്ചു. സിൽക്ക് 1.02 കോടി രൂപ ചെലവിൽ 1997 ഡിസംബറിൽ പണി പൂർത്തിയാക്കുകയും അതേമാസം പദ്ധതി ഉദ്ഘാടനം നടത്തുകയും ചെയ്തു. പരിശീലനം കിട്ടിയ തൊഴിലാളികളുടെ അഭാവവും അറവുകാരുടെ നിസ്സഹകരണവും കാരണം കശാപ്പുശാല പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ലെന്ന് തൃശ്ശൂർ മുനിസിപ്പാലിറ്റി 1998 ജൂണിലും 2004 ജൂണിലും സർക്കാരിനെ അറിയിച്ചു. മൃഗങ്ങളെ കൊല്ലുന്നതിന് കൂടുതൽ സമയമെടുക്കുന്നത് തൃശ്ശൂർ കോർപ്പറേഷനുള്ളിലും പരിസരത്തും മാംസവ്യാപാരത്തെ ബാധിക്കുമെന്നതിനാൽ അറവുകാർ ആധുനിക മാർഗ്ഗങ്ങൾ അവലംബിക്കാൻ തയ്യാറായിരുന്നില്ല. മൃഗങ്ങളെ കശാപ്പ ചെയ്യുന്നത് അശാസ്ത്രീയമായ പ്രക്രിയയിലൂടെ ആയിരുന്നതിനാലും മാലിന്യ സംസ്കരണ പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതിനാലും സമ്മതപത്രം നൽകാൻ മലിനീകരണനിയന്ത്രണ ബോർഡും വിസമ്മതിച്ചു. യന്ത്രങ്ങളും അനുബന്ധ സാമഗ്രികളും തുരുമ്പെടുത്തിരിക്കുന്നതായും മലിനീകരണ സംസ്കരണ പ്ലാന്റ് കേട്

പിടിച്ചിരിക്കുന്നതായും ഓഡിറ്റിന്റെ (ഫെബ്രുവരി 2005) ശ്രദ്ധയിൽപ്പെട്ടു. പദ്ധതിക്ക് തുടക്കമിട്ടിട്ട് പതിനേഴ് വർഷങ്ങൾ കഴിഞ്ഞെങ്കിലും കശാപ്പുശാല പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതിക സമ്മതപത്രം ലഭ്യമാക്കുന്നതിലും അറവുകാരെ കശാപ്പുശാലയുടെ ആവശ്യകതയും ഉപയോഗവും ബോധ്യപ്പെടുത്തുന്നതിലും ഉള്ള പരാജയം 1.02 കോടി രൂപയുടെ നിഷ്ഫലമായ മുതൽമുടക്കിൽ കലാശിച്ചു.

ഈ വിവരങ്ങൾ 2005 ഏപ്രിലിൽ സർക്കാരിനെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല (2006 ഏപ്രിൽ ).

(സി. & എ. ജി.യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.4)

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. കശാപ്പുശാലയുടെ ആധുനികവൽക്കരണത്തിനായി ആരംഭിച്ച പദ്ധതി പരാജയപ്പെടാൻ കാരണമെന്താണെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവായെന്നും സമിതി ആരാഞ്ഞതിന് സ്ഥലത്തിന് 36 ലക്ഷം രൂപയും സിവിൽ വർക്കിന് 28,62,711 രൂപയും പുറമതിലിന് 90,000 രൂപയും യന്ത്രസാമഗ്രികൾക്ക് 21,14,328 രൂപയും ചെലവായിട്ടുണ്ടെന്നും ഇതു സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു നോക്കിയിട്ടുണ്ടെന്നും എന്നാൽ ആധുനിക രീതിയിലുള്ള കശാപ്പ് നടത്താൻ ബന്ധപ്പെട്ട തൊഴിലാളികൾ തയ്യാറായില്ലെന്നും ഈ പ്രോജക്ട് വിഭാവനം ചെയ്ത സമയത്ത് (1987) ഇതുമായി ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തിയിട്ടില്ലെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത മെഷിനറി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോയെന്ന സമിതി ആരാഞ്ഞതിന് ഉപയോഗിക്കുന്നുണ്ടെന്നും അതിൽ കൊല്ലത്തിട്ടാണ് മാംസം ഉലക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

62. **തൃശ്ശൂർ ജില്ലയിൽ കശാപ്പുശാലയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പദ്ധതിക്കായി 1989 മാർച്ചിൽ കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചെങ്കിലും 1997-ൽ മാത്രമാണ് പണി പൂർത്തീകരിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. കശാപ്പുശാലയുടെ ആധുനികവൽക്കരണത്തിന് 21.14 ലക്ഷം രൂപയുടെ മെഷിനറി ഉൾപ്പെടെ ആകെ 1.02 കോടി രൂപ ചെലവഴിച്ചെങ്കിലും കശാപ്പുശാല തുടർന്നും പരമ്പരാഗതമായ മാർഗ്ഗം തന്നെയാണ് കശാപ്പിനായി അവലംബിച്ചതെന്ന് സമിതിക്ക് ബോധ്യമാകുന്നു. ശാസ്ത്രീയമായ പ്രവർത്തനത്തിന് വിഘാതമായി ഉയർന്ന പ്രശ്നങ്ങൾ ഉപഭോക്താക്കൾ, വെറ്ററിനറി സർജൻ, മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചചെയ്ത് പരിഹരിക്കാത്തതിനാലാണ് പദ്ധതി പരാജയപ്പെടാൻ ഇടയായതെന്ന് സമിതി വിലയിരുത്തുന്നു.**

**കോർപ്പറേഷൻ പരിധിയിൽ അമ്പതോളം കശാപ്പ് ലൈസൻസുകളും കശാപ്പ് തൊഴിലാളികളും ഉണ്ടായിട്ടും പ്രസ്തുത ഉപഭോക്താക്കളുടെ കച്ചവട താല്പര്യങ്ങളെ ഒരു പരിധിവരെയെങ്കിലും സംരക്ഷിക്കുകയും ആധുനിക അറവുശാലകളുടെ മേന്മയും ആവശ്യകതയും ബോധ്യപ്പെടുത്തുകയും ചെയ്യുവാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതേ കെട്ടിടവും ഉപയോഗപ്പെടുത്താവുന്ന നിലവിലുള്ള യന്ത്രസാമഗ്രികളും വിനിയോഗിച്ച് ആധുനികരീതിയിൽത്തന്നെ അറവുശാല സജ്ജമാക്കുവാൻ വെറ്ററിനറി കോളേജ് മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കിയ പദ്ധതിരേഖയ്ക്ക് കൗൺസിലിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളും നിലവിൽ അറവുശാലയുടെ പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇരുമ്പെടുത്ത നിലയിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ കൂടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കൊല്ലം കോർപ്പറേഷൻ

ഓഡിറ്റ് ഖണ്ഡിക

### കൊല്ലം കോർപ്പറേഷൻ വികസന പദ്ധതി നടപ്പാക്കാത്തതുകൊണ്ട് 2.24 കോടി രൂപ മുടങ്ങിക്കിടക്കുന്നു

4.5 കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് സ്മാൾ ആന്റ് മീഡിയം ടൗൺസ് (ഐ. ഡി. എസ്സ്. എം. റ്റി.) എന്ന പദ്ധതിയിൻ കീഴിൽ കൊല്ലം പട്ടണത്തിൽ ബസ് ടെർമിനലും വ്യാപാര സമുച്ചയവും പണിയാനുള്ള പദ്ധതി ഭാരത സർക്കാർ 1994 മാർച്ചിൽ അംഗീകരിച്ചു. അടങ്കൽ ചെലവായ 2.32 കോടി രൂപ കേന്ദ്രസംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ വഹിക്കേണ്ടതായിരുന്നു.

1994 മാർച്ചിനും 1998 മാർച്ചിനും ഇടയിൽ കേന്ദ്രസർക്കാർ 1.10 കോടി രൂപയും സംസ്ഥാന സർക്കാർ 0.73 കോടി രൂപയും (ആകെ 1.83 കോടി രൂപ) കൊല്ലം മുനിസിപ്പാലിറ്റിക്ക് കൈമാറി. ബസ് ടെർമിനൽ നിർമ്മാണത്തിന് കോർപ്പറേഷൻ കണ്ടെത്തിയത് റെയിൽവേ ക്വാർട്ടേഴ്സുകൾ നിർമ്മിച്ചിരിക്കുന്ന റെയിൽവേയുടെ ഭൂമി (3.20 ഏക്കർ) യായിരുന്നു.

തുല്യഭൂമിയും നഷ്ടപരിഹാരവും പുനരധിവാസത്തിനായി 40 ലക്ഷം രൂപയും നൽകാമെന്ന മുനിസിപ്പാലിറ്റിയുടെ നിർദ്ദേശത്തോട് റെയിൽവേയും യോജിച്ചു. പൊന്നുംവിലയ്ക്കെടുക്കാൻ പോകുന്ന ഭൂമിയിൽ ക്വാർട്ടേഴ്സുകളുടെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും മുൻകൂറായി 46.44 ലക്ഷം രൂപ 1996 മാർച്ചിൽ

കൊല്ലം മുനിസിപ്പാലിറ്റി റെയിൽവേക്ക് നൽകി. കൊല്ലം കോർപ്പറേഷൻ (പിന്നീട് അപ്ഗ്രേഡ് ചെയ്തത്) 1.78 കോടി രൂപ ചെലവിൽ 2002 ഒക്ടോബറിൽ 1.49 ഏക്കർ ഭൂമി പൊന്നുംവിലയ്ക്കെടുക്കാനേ കഴിഞ്ഞുള്ളൂ. ബാക്കി ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറുമായി എഴുത്തുകുത്തുകൾ നടന്നുവരുന്നതേയുള്ളൂ (ജൂലൈ 2005).

തദ്ദേശീയമായി നിർണ്ണയിക്കുന്ന, നടപ്പാക്കാനാവുന്ന പദ്ധതികളിൽ മെച്ചപ്പെട്ട വിഭവ വിനിയോഗത്തിലൂടെ സാമ്പത്തിക സാമൂഹ്യ പുരോഗതി നേടുക എന്നുള്ളതായിരുന്നു വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാതലായ തത്വം. ഭൂമിലഭ്യത ഉറപ്പാക്കാതെ പദ്ധതി വിഭാവനം ചെയ്യുകയും ഏറ്റെടുത്ത് കൈമാറാത്ത ഭൂമിയിൽ പുനരധിവാസത്തിന് 46.44 ലക്ഷം രൂപ റെയിൽവേയിൽ നിക്ഷേപിക്കുകയും ചെയ്തു. ഇത് മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്നു. 2.24 കോടി രൂപ മുടങ്ങിക്കിടക്കുന്നതിൽ കലാശിച്ചു.

ഈ വിവരം 2005 ഏപ്രിലിൽ സർക്കാരിനെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല. (2006 ഏപ്രിൽ).

(സി. ആന്റ് എ.ജി. യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. കൊല്ലം കോർപ്പറേഷൻ വികസന പദ്ധതി നടപ്പാക്കാത്തതുകൊണ്ട് 2.24 കോടി രൂപ മുടങ്ങിക്കിടക്കുന്നുവെന്ന ഓഡിറ്റ് തടസ്സത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന്, ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് സ്മോൾ ആന്റ് മീഡിയം ടൗൺസ് (IDSMT) പദ്ധതിയിൻ കീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ള പ്രോജക്ടാണിതെന്നും റെയിൽവേ ക്വാർട്ടേഴ്സ് ഇരിക്കുന്ന സ്ഥലം കോർപ്പറേഷന് കൈമാറുകയും പകരം സ്ഥലം കൊടുത്ത് അവിടെ ക്വാർട്ടേഴ്സ് നിർമ്മിക്കാൻ പണം മുനിസിപ്പാലിറ്റി നൽകണമെന്നുമായിരുന്നു പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നതെന്നും റെയിൽവേയുടെ കൈവശമുണ്ടായിരുന്ന 3.2 ഏക്കർ സ്ഥലം കോർപ്പറേഷന് നൽകാൻ തീരുമാനമാവുകയും അതുപ്രകാരം കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും വിഹിതം ലഭിച്ചതിൽ നിന്നും 46 ലക്ഷം രൂപ കൊല്ലം കോർപ്പറേഷൻ റെയിൽവേക്ക് കൈമാറുകയും ചെയ്തുവെന്നും എ.ഇ.ഇ. സമിതിയെ അറിയിച്ചു. എന്നാൽ റെയിൽവേക്ക് നൽകാൻ പകരം സ്ഥലം കണ്ടെത്താൻ കോർപ്പറേഷന് കഴിയാതെ വരികയും 46 ലക്ഷം രൂപ റെയിൽവേയുടെ കൈവശമാകുകയും ചെയ്തുവെന്നും എ.ഇ.ഇ. കൂട്ടിച്ചേർത്തു. ഇപ്പോൾ സ്ഥലം കൈവശം വന്നിട്ടുണ്ടെന്നും സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് റെയിൽവേ എഞ്ചിനീയർ പരിശോധന നടത്തിയിട്ടുണ്ടെന്നും എ.ഇ.ഇ. സമിതിയെ അറിയിച്ചു.

64. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ 15 ദിവസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

65. പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ മറുപടി സമർപ്പിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

66. **ഐ.ഡി.എസ്.എം.ടി. പദ്ധതിയുടെ കീഴിൽ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിൽ റെയിൽവേയുമായുള്ള കരാർ പ്രകാരമുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിവരങ്ങൾ നാളിതുവരെ സമർപ്പിക്കുകയുണ്ടായില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാത്തതിന്റെ ഫലമായി ഓഡിറ്റ് പരാമർശ വിഷയം വിശദമായി പരിശോധിക്കുവാനോ യഥാസമയം സമിതിയുടെ ശിപാർശകൾ നല്കുന്നതിനോ കഴിയാത്ത സാഹചര്യം സംജാതമാകുന്നു. ഇത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. റെയിൽവേയുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഭൂമി വിലയ്ക്കെടുത്തു കൈമാറിയതു സംബന്ധിച്ച വിശദാംശങ്ങളും ബസ് ടെർമിനൽ നിർമ്മാണത്തിന്റെയും പൂർത്തീകരണത്തിന്റെയും ഇതിനായി ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിനിയോഗത്തിന്റെയും വിവരങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പട്ടാഴി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### മണൽ വാരാത്തതുകൊണ്ടും ഭാഗികമായി വാരിയതുകൊണ്ടുമുണ്ടായ 1.14 കോടി രൂപയുടെ വരുമാന നഷ്ടം

4.6 നദികളിൽനിന്ന് മണൽ വാരുന്നതും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും നിയന്ത്രിച്ചിരുന്നത് കേരള പ്രൊട്ടക്ഷൻ ഓഫ് റിവർ ബെഡ്സ് ആന്റ് റെഗുലേഷൻ ഓഫ് റിമൂവൽ ഓഫ് സാൻഡ് ആക്ട് 2001 (2001-ലെ ആക്ട് 18) ആണ്. മണൽ വിറ്റുകിട്ടുന്ന വരുമാനത്തിന്റെ അൻപതു ശതമാനം റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കണമെന്നും പിറ്റേമാസം പത്താം തീയതിക്കുമുമ്പായി അടയ്ക്കാനുള്ള തുക അടച്ച് കണക്ക് ശരിയാക്കണമെന്നും പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പ് നിഷ്കർഷിക്കുന്നു.

കല്ലട നദി ഏകദേശം പന്ത്രണ്ട് കിലോമീറ്റർ ദൂരം പട്ടാഴി ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്നു. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്-ഒരു സർക്കാർ സ്വയംഭരണ സ്ഥാപനം) മണൽ വാരലിനെക്കുറിച്ച് ഒരു സാദ്ധ്യതാ റിപ്പോർട്ട് 2002 മേയ്-ൽ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്തിലെ അഞ്ച് കടവുകളിൽനിന്ന് പ്രതിദിനം 22 ട്രക്ക് ലോഡ് മണൽ വാരാമെന്ന് സെസ് ശിപാർശ ചെയ്തു. 2001 ഒക്ടോബറിൽ ഒരു ലോഡ് (4 ക്യൂബിക് മീറ്റർ) മണലിന്റെ വില 1280 രൂപയായി ജില്ലാ കളക്ടർ നിശ്ചയിച്ചു. [600 രൂപ കൂലി ചെലവ്, 600 രൂപ പഞ്ചായത്തും റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ജില്ലാ കളക്ടറും കൂടി തുല്യമായി (50:50) പങ്കിട്ടെടുക്കണം, 80 രൂപ റോയൽറ്റിയായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്].

1998-99 മുതൽ 2002-03 വരെ കിട്ടിയ വരുമാനമായ 26.31 ലക്ഷം രൂപയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതമായ 8.20 ലക്ഷം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതു കൊണ്ട് മണൽ വാരലിനുള്ള അനുവാദം 2002 മേയ് മാസത്തിൽ കൊല്ലം ജില്ലാ കളക്ടർ പിൻവലിച്ചു. 2002 ജൂൺ 30 മുതൽ പഞ്ചായത്ത് മണൽ വാരൽ നിറുത്തിവച്ചു. പഞ്ചായത്തിനും സർക്കാരിനുമുണ്ടാകുന്ന ഭീമമായ നഷ്ടവും അനധികൃത മണൽ വാരലും കണക്കിലെടുത്ത് 2004 ഡിസംബർ 27-ാം തീയതി മുതൽ മണൽ വാരൽ പുനരാരംഭിക്കാൻ 2004 ഒക്ടോബറിൽ ജില്ലാ കളക്ടർ അനുവാദം കൊടുത്തു. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കുടിശ്ശികയായ 8.20 ലക്ഷം രൂപ അടച്ചു തീരുന്നതുവരെ ഒരു ലോഡിന്റെ വരുമാനമായ 600 രൂപ പങ്കിടുന്ന അനുപാതം 50:50-ൽ നിന്നും പഞ്ചായത്തും റിവർ മാനേജ്മെന്റ് ഫണ്ടും തമ്മിൽ 20:80 എന്ന് ജില്ലാ കളക്ടർ പുതുക്കി നിശ്ചയിച്ചു.

ഒക്ടോബർ 2002 മുതൽ ഡിസംബർ 2004 വരെ ഗ്രാമപഞ്ചായത്തിനും സർക്കാരിനുമുള്ള വരുമാന നഷ്ടം 93.89 ലക്ഷം രൂപയായിരുന്നു. 2005 ജനുവരി മുതൽ 2005 ജൂൺ വരെ, അനുവദനീയമായ 3960 ട്രക്ക് ലോഡിന്റെ സ്ഥാനത്ത് 1076 ട്രക്ക് ലോഡ് മണൽ മാത്രമേ പഞ്ചായത്ത് വാരിയുള്ളൂ. ഭാഗികമായ മണൽവാരൽ കൊണ്ടുള്ള നഷ്ടം 19.61 ലക്ഷം രൂപയായിരുന്നു. ഗ്രാമപഞ്ചായത്തിനും സർക്കാരിനും കൂടി ആകെ നഷ്ടം 1.14 കോടി രൂപയായിരുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് കൃത്യമായി അടയ്ക്കാത്തതും പിറ്റേമാസം പത്താം തീയതിക്ക് മുമ്പ് കണക്ക് ശരിയാക്കണമെന്നുള്ള നിയമ വ്യവസ്ഥ പാലിക്കുന്നതിലുള്ള വീഴ്ചയും അനുവദനീയമായ അളവിൽ മണൽ വാരാത്തതും 1.14 കോടി രൂപയുടെ വരുമാന നഷ്ടത്തിൽ കലാശിച്ചു.

സാമ്പത്തിക പരാധീനതകാരണം റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം തനത് ഫണ്ടിൽ നിന്നുള്ള ചെലവിനായി പഞ്ചായത്ത് ഉപയോഗിച്ചുവെന്ന് സർക്കാർ (ജനുവരി 2006) അറിയിച്ചു.

(സി. ആന്റ് എ. ജി.യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

67. പട്ടാഴി ഗ്രാമപഞ്ചായത്തിൽ മണൽ വാരാത്തതു കൊണ്ടും ഭാഗികമായി വാരിയതു കൊണ്ടും നഷ്ടം ഉണ്ടായതു സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് 1998-99 മുതൽ 2003 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ട തുകയായ 8,20,000 രൂപ ധനസ്ഥിതി മോശമായതിനാൽ അടയ്ക്കാൻ സാധിച്ചില്ലെന്ന് പട്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

68. 1998-99 മുതൽ 2003 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ട 8,20,000 രൂപ അടയ്ക്കാതിരുന്നതും 2002 ഒക്ടോബർ മുതൽ 2004 ഡിസംബർ വരെ മണൽ വാരാതിരുന്നതുകൊണ്ട് നഷ്ടമുണ്ടായെന്നതും രണ്ടു പ്രശ്നങ്ങളാണെന്നും 8,20,000 രൂപ 2008-ൽ RMF അടച്ചിട്ടുണ്ടെന്നും എസ്.പി.എ.ഒ സമിതിയെ ധരിപ്പിച്ചു. അനുവാദം ഇല്ലാതിരുന്നതുകൊണ്ടാണ് പ്രസ്തുത കാലയളവിൽ മണൽ വാരാതിരുന്നതെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി പട്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

### നിഗമനം/ശിപാർശ

**69. ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ രേഖാമൂലവും ഗ്രാമപഞ്ചായത്ത് തെളിവെടുപ്പ് വേളയിലും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## വെൺമണി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### അനധികൃത മണൽവാരൽമൂലമുണ്ടായ നഷ്ടം

4.7 അച്ചൻകോവിൽ നദി ഏകദേശം 10 കി. മീ. ദൂരം വെൺമണി ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്നു. പഞ്ചായത്തിലെ മൂന്ന് കടവുകളിൽ നിന്നായി പ്രതിദിനം 30 ട്രക്ക് ലോഡ് മണൽ വാരുന്നുണ്ടായിരുന്നുവെന്ന്, സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) 2002 മാർച്ചിൽ ആലപ്പുഴ ജില്ലാ കളക്ടറെ അറിയിച്ചു. സെസ്സിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ നാല് കടവുകളിൽ നിന്നും (നാലാമത്തെ കടവ് പഞ്ചായത്ത് നിർണ്ണയിക്കും) പ്രതിദിനം 15 ലോഡ് മണൽ വാരുന്നതിന് കളക്ടർ വെൺമണി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി. കടവു കമ്മിറ്റി കൂടി മിനിറ്റ്സ് അയച്ചു കൊടുക്കുവാൻ കളക്ടർ 2002 ജൂണിൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ഒരു ലോഡ് മണലിന് 450 രൂപ വിലയാക്കി 2002 ഏപ്രിലിൽ പഞ്ചായത്ത് തീരുമാനമെടുത്തു. മണൽ വിലയുടെ 50 ശതമാനം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടയ്ക്കണമെന്ന് 2002 ജൂണിൽ കളക്ടറേറ്റിൽ കൂടിയ വിദഗ്ദ്ധ കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തു.

2002 ജൂണിൽ തന്നെ, കടവു കമ്മിറ്റികൾ പഞ്ചായത്ത് രൂപീകരിച്ചിരുന്നെങ്കിലും മണൽ വാരൽ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തിരുന്നില്ല. പഞ്ചായത്തിൽനിന്ന് പെർമിറ്റ് വാങ്ങി മണൽ വാരുന്നതിന് തൊഴിലാളികൾ വിമുഖരാണെന്നും എന്നാൽ അനധികൃതമായി അവർ മണൽ വാരുന്നുണ്ടെന്നും സെപ്റ്റംബർ 2002-ൽ പഞ്ചായത്തിൽ കൂടിയ അടിയന്തരയോഗം കണ്ടെത്തി. അനധികൃത മണൽവാരൽ തടയുന്നതിന് നടപടി എടുക്കാൻ ആലപ്പുഴ പോലീസ് സൂപ്രണ്ടിനോട് 2002 സെപ്റ്റംബറിൽ പഞ്ചായത്ത് ആവശ്യപ്പെട്ടു. അനധികൃത മണൽവാരുന്നത് തടയുന്നതിനും കടവ് കമ്മിറ്റികളിലൂടെ അനുവദനീയമായ അളവ് മണൽ വിൽക്കുന്നതിനും ഒരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചില്ല.

ഒക്ടോബർ 2002 മുതൽ മാർച്ച് 2005 വരെ (മൺസൂൺകാലം ഒഴികെ) നിയമാനുസൃതമായി 15 ട്രക്ക് ലോഡ് മണൽ പ്രതിദിനം വിൽക്കുന്നതിൽ വെൺമണി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം 48.60 ലക്ഷം രൂപയുടെ വരുമാന നഷ്ടം (24.30 ലക്ഷം രൂപ പഞ്ചായത്തിനും 24.30 ലക്ഷം രൂപ റിവർ മാനേജ്മെന്റ് ഫണ്ടിനും) ഉണ്ടായി. ഇക്കാര്യം 2005 ആഗസ്റ്റിൽ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല (2006 ഏപ്രിൽ).

(സി. ആന്റ് എ. ജി.യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

70. വെൺമണി ഗ്രാമപഞ്ചായത്തിലെ അനധികൃത മണൽ വാരൽ മൂലമുണ്ടായ നഷ്ടമെന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം തൃപ്തികരമായതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനം/ശിപാർശ

71. **വെൺമണി ഗ്രാമപഞ്ചായത്തിലെ അനധികൃത മണൽ വാരൽ മൂലമുണ്ടായ വരുമാന നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

# ചേർത്തല മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

## ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി 30 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകമാറ്റി ചെലവാക്കിയത്

4.8 1997-98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വൻതോതിലുള്ള ധനകൈമാറ്റം കണക്കിലെടുത്ത്, ധനവിനിയോഗം സംബന്ധിച്ച് 1997 ആഗസ്റ്റിൽ സർക്കാർ നിർദ്ദേശങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് വേണ്ടിയുള്ള എ വിഭാഗം പ്ലാൻ ഫണ്ടും സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റും പദ്ധതിയേതര മെയിന്റനൻസ് ഗ്രാന്റുമുൾപ്പെടുന്ന ബി വിഭാഗം ഫണ്ടും) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ഫണ്ട് സൂക്ഷിക്കാൻ ജനറൽ പി.ഡി. അക്കൗണ്ടും പണം ചെലവാക്കാൻ പ്ലാൻ പി.ഡി. അക്കൗണ്ടും ട്രഷറിയിൽ സൂക്ഷിക്കാൻ സർക്കാർ ഓരോ തദ്ദേശ സ്ഥാപനത്തേയും അനുവദിച്ചു. തനതു ഫണ്ടിലെ ഇടപാടുകൾക്കുവേണ്ടി മുമ്പുണ്ടായിരുന്ന പി.ഡി. അക്കൗണ്ട് തുടരാനും തദ്ദേശ സ്ഥാപനങ്ങളെ അനുവദിച്ചിരുന്നു. കാറ്റഗറി എ. യും ബി. യും ഒഴികെയുള്ള ഒരു ഫണ്ടും ജനറൽ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്നും തദ്ദേശസ്ഥാപനങ്ങൾ രൂപീകരിക്കുന്നതും ഒരു പ്രമേയത്തിലൂടെ അധികാരപ്പെടുത്തുന്നതുമായ പദ്ധതികൾക്ക മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ പണം ചെലവാക്കാവൂ എന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

1999 ഏപ്രിൽ 1-ന് ചേർത്തല മുനിസിപ്പാലിറ്റിയുടെ തനത് പി.ഡി. അക്കൗണ്ടിൽ പ്രാരംഭ ബാക്കിയായി 27,31,414 രൂപയുടെ സ്ഥാനത്ത് 56,24,644 രൂപയെന്ന് ചേർത്തല സബ്ട്രഷറി ഓഫീസർ തെറ്റായി രേഖപ്പെടുത്തി. ഇങ്ങനെ അധികമായി വരവുവച്ച തുകയിൽനിന്ന് 1999 ഏപ്രിൽ മുതൽ 2000 ഡിസംബർ വരെ തനതുഫണ്ട് ചെലവുകൾക്കുവേണ്ടി മുനിസിപ്പാലിറ്റി ചെക്കുകൾ നൽകിക്കൊണ്ടിരിക്കുകയും അവസാനം അത് 27.48 ലക്ഷം രൂപയുടെ അധിക പിൻവലിക്കലിൽ കലാശിക്കുകയും ചെയ്തു. തെറ്റ് കണ്ടുപിടിച്ചപ്പോൾ, 2001 ജനുവരിയിൽ ചേർത്തല മുനിസിപ്പാലിറ്റി സെക്രട്ടറി, 30 ലക്ഷം രൂപ അനധികൃതമായി ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച് തനതു പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചു.

ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യു രജിസ്റ്റർ, അപ്രോപ്രിയേഷൻ രജിസ്റ്റർ തുടങ്ങിയ അടിസ്ഥാനരേഖകൾ ശരിയായി സൂക്ഷിക്കാത്തതിലേക്കും ശേഷിപ്പു തുകകൾ ട്രഷറിയുമായി ഒത്തുനോക്കാത്തതിലേക്കും കൂടാതെ മുനിസിപ്പാലിറ്റിയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ബലഹീനതയിലേക്കും ഈ സംഭവം വിരൽചൂണ്ടുന്നു.

ഈ ക്രമക്കേട് 2005 ജൂലൈയിൽ സർക്കാരിനെ അറിയിച്ചിരുന്നു. പ്രതികരണം അറിവായിട്ടില്ല (2006 ഏപ്രിൽ).

(സി. ആന്റ് എ. ജി.യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

72. ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി 30 ലക്ഷം രൂപ പ്ലാൻ ഫണ്ട് വക മാറ്റി ചെലവാക്കിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് പ്ലാൻ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റിയത് തിരിച്ചെടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്നും മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക ബുദ്ധിമുട്ടുകാരണമാണ് തുക തിരിച്ചടയ്ക്കാൻ കഴിയാതിരുന്നതെന്നും തുക തിരിച്ചടയ്ക്കാൻ സാവകാശം നൽകണമെന്ന് ഗവൺമെന്റിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും ചേർത്തല മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

73. 1-4-1999-ൽ മുനിസിപ്പൽ ഫണ്ടിന്റെ ബാലൻസ് 27 ലക്ഷം എന്നുള്ളത് 56 ലക്ഷം എന്ന് ട്രഷറിയിൽ നിന്നും പാസ്സ് ബുക്കിൽ തെറ്റായി എഴുതി നൽകുകയും അതനുസരിച്ച് ചെലവെഴുതി പോയതാണെന്നും സെക്രട്ടറി വിശദീകരിച്ചു. എന്നാൽ 12/2000-ൽ ആണ് പിശക് മനസ്സിലായതെന്നും ഓഡിറ്റ് തടസ്സം വരുന്നതിന് മുമ്പ് എസിബിസി കിട്ടിയപ്പോൾ ഇതു കണ്ടുപിടിച്ചെന്നും 1/2001-ൽ പ്ലാൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് ചെക്കായിട്ട് തുക മാറ്റുകയാണുണ്ടായതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത തുക തിരിച്ചടയ്ക്കുന്ന വിഷയം കൗൺസിൽ യോഗത്തിൽ വച്ചെങ്കിലും തീരുമാനമെടുത്തിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പണം തിരിച്ചടയ്ക്കുന്നതിന് കൗൺസിലിന്റെ തീരുമാനം വേണ്ടെന്നും സർക്കാർ നിർദ്ദേശപ്രകാരം തുക അടയ്ക്കുകയാണ് വേണ്ടതെന്നും സമിതി ചൂണ്ടിക്കാണിച്ചു. മുനിസിപ്പാലിറ്റിയിലെ അക്കൗണ്ട്സ് ബുക്കുകൾ ട്രഷറിയിലെ അക്കൗണ്ടുമായി ഒത്തുനോക്കാറില്ലേയെന്ന് സമിതി ആരാഞ്ഞതിന് നേരത്തെ അപ്രകാരം ചെയ്യാറില്ലായിരുന്നെന്നും എന്നാൽ ഇപ്പോൾ കണക്കുകൾ ഒത്തുനോക്കാറുണ്ടെന്നും സെക്രട്ടറി മറുപടി പറഞ്ഞു.

74. സാധാരണ ഗതിയിൽ മൂന്ന് മാസത്തിലൊരിക്കൽ പാസ്സ് ബുക്ക് ട്രഷറി അക്കൗണ്ടുമായി ഒത്തുനോക്കേണ്ടതാണെന്നും അങ്ങനെ ചെയ്തിരുന്നെങ്കിൽ പിശക് സംഭവിക്കില്ലായിരുന്നെന്നും സമിതി ചൂണ്ടിക്കാണിച്ചു.

75. മുനിസിപ്പാലിറ്റിക്ക് ഗവൺമെന്റ് നൽകുന്ന ഫണ്ടിൽ നിന്നും പ്രസ്തുത തുക കുറവ് ചെയ്യണമെന്ന് നഗരകാര്യ ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

76. **ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി 30 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകമാറ്റി ചെലവാക്കാനിടയായത് നഗരസഭയുടെ ഓഫീസും സബ്ട്രഷറിയും യഥാസമയം കണക്കുകൾ ഒത്തുനോക്കി കൃത്യത ഉറപ്പ് വരുത്താത്തതിനാലാണെന്ന് സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി സെക്രട്ടറി ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും തനത് പി.ഡി.**

അക്കൗണ്ടിലേക്ക് അനധികൃതമായി മാറ്റിയ 30 ലക്ഷം രൂപ സർക്കാർ നിർദ്ദേശപ്രകാരം തിരികെ അടയ്ക്കുന്നതിന് അസാധാരണമായ കാലതാമസം വരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി പ്ലാൻ ഫണ്ടിൽ നിന്നും മാറ്റിയ തുക നാളിതുവരെ തിരികെ അടച്ചിട്ടില്ലാത്തപക്ഷം ടി തുക മുനിസിപ്പാലിറ്റിക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ടിൽനിന്നും കുറവ് ചെയ്യണമെന്നും ഇതിന് നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

77. ചേർത്തല മുനിസിപ്പാലിറ്റിയിലെ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, അപ്രോപ്രിയേഷൻ രജിസ്റ്റർ തുടങ്ങിയ പരമപ്രധാനരേഖകളുടെ സൂക്ഷിപ്പ്, ശേഷിപ്പ് തുകകൾ ട്രഷറിയിലെ അക്കൗണ്ടുകളുമായി ഒത്തുനോക്കൽ എന്നിവ കൃത്യമായും കാര്യക്ഷമമായും പാലിക്കപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റികളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും തുടർനിരീക്ഷണ സംവിധാനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## തിരുവനന്തപുരം കോർപ്പറേഷൻ

ഓഡിറ്റ് ഖണ്ഡിക

മുൻകൂറുകൾ തിരിച്ചുപിടിക്കാത്തത്/ക്രമീകരിക്കാത്തത് 41.14 ലക്ഷം രൂപ।

4.9 ജീവനക്കാർക്കും മറ്റുള്ളവർക്കും യാത്ര, കണ്ടിജന്റ്, മരാമത്ത്, ചികിൽസ തുടങ്ങി പല ആവശ്യങ്ങൾക്കായി തിരുവനന്തപുരം കോർപ്പറേഷൻ മുൻകൂർ തുകകൾ നൽകിയിരുന്നു. 1999-2000 മുതൽ 2003-04 വരെ നൽകിയ 253 മുൻകൂറുകൾ 2005 മാർച്ച് അവസാനം വരെ താഴെ കാണിച്ചിരിക്കുന്നതുപോലെ ക്രമീകരിക്കാതെയോ തിരിച്ചുപിടിക്കാതെയോ അവശേഷിച്ചു:

| വർഷം | മുൻകൂറുകളുടെ എണ്ണം | ക്രമീകരിക്കാതെ ശേഷിച്ച തുക (തുക രൂപയിൽ) |
|---|---|---|
| 1999-2000 | 38 | 6,23,090 |
| 2000-2001 | 40 | 7,25,937 |
| 2001-2002 | 44 | 12,94,218 |
| 2002-2003 | 50 | 3,10,110 |
| 2003-2004 | 81 | 11,60,730 |
| ആകെ | 253 | 41,14,085 |

ഒരു ഉദ്യോഗസ്ഥന് കൊടുത്ത 7 മുൻകൂറുകളും മറ്റൊരു ഉദ്യോഗസ്ഥന് കൊടുത്ത 6 മുൻകൂറുകളും ഇവയിൽപെടുന്നു.

അക്കൗണ്ട്സ് വകുപ്പ് മുൻകൂർ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ അർദ്ധ-വർഷത്തിലും അക്കൗണ്ട്സ് ഓഫീസറും കമ്മീഷണറും സാക്ഷ്യപ്പെടുത്തി രജിസ്റ്റർ ക്ലോസ് ചെയ്യേണ്ടതുമാണ്. സാധാരണഗതിയിൽ ഒരു മാസത്തിൽ കൂടുതൽ കാലവും പ്രത്യേക സാഹചര്യങ്ങളിൽ മൂന്ന് മാസത്തിൽ കൂടുതൽ കാലവും ഒരു മുൻകൂറും ക്രമീകരിക്കാതെ അവശേഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

അനുവദിച്ച കാര്യങ്ങൾക്കാണ് മുൻകൂറുകൾ ഉപയോഗിച്ചതെന്ന് ഉറപ്പുവരുത്താൻ ഒരു രേഖയും കോർപ്പറേഷൻ സൂക്ഷിച്ചിരുന്നില്ല. ദീർഘകാലം ക്രമീകരിക്കാത്ത മുൻകൂറുകൾ സർക്കാർ പണം ദുരുപയോഗം ചെയ്യാനുള്ള ദുസ്ഥിതിക്ക് കാരണമാകും.

1967-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട് ചട്ടങ്ങൾ പാലിക്കുന്നതിലുള്ള കോർപ്പറേഷന്റെ വീഴ്ച 41.14 ലക്ഷം രൂപ ക്രമീകരിക്കാതെയോ തിരിച്ചുപിടിക്കാതെയോ കിടക്കുന്നതിൽ കലാശിച്ചു.

ഇക്കാര്യം 2005 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചിരുന്നു. മറുപടി കിട്ടിയിട്ടില്ല (2006 ഏപ്രിൽ).

(സി. ആന്റ് എ. ജി. യുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.9)
ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

78. തിരുവനന്തപുരം കോർപ്പറേഷനിൽ 1999-2000 മുതൽ 2003-04 വരെയുള്ള വർഷങ്ങളിൽ നൽകിയ മുൻകൂറുകൾ തിരിച്ചുപിടിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ആകെയുള്ള 41.14 ലക്ഷം രൂപയിൽ 1,97,693 രൂപ മാത്രമേ തിരിച്ച് പിടിക്കാനുള്ളുവെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

79. ആർക്കൊക്കെ നൽകിയ മുൻകൂറുകളാണ് തിരിച്ചുപിടിക്കാനുള്ളതെന്നും അവർ ഇപ്പോഴും സർവ്വീസിലുണ്ടോയെന്നും സമിതി ആരായുകയും സർവ്വീസിലില്ലെങ്കിൽ ആർ.ആർ. നടപടി ആരംഭിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഓഡിറ്റ് തടസ്സത്തിൽ പറഞ്ഞിട്ടുള്ളത് ഒരു ഉദ്യോഗസ്ഥന് കൊടുത്ത ഏഴ് മുൻകൂറുകളും മറ്റൊരുദ്യോഗസ്ഥന് നൽകിയ ആറ് മുൻകൂറുകളുമാണ് തിരിച്ചുപിടിക്കേണ്ടതെന്നും ജയകുമാർ, മനോഹരൻതമ്പി എന്നിവരിൽ നിന്നാണ് തുക തിരിച്ചുപിടിക്കേണ്ടതെന്നും ഇതിൽ മനോഹരൻതമ്പി റിട്ടയർ ചെയ്തെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

80. ഒരു ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുമ്പോൾ ടിയാൻ മുൻകൂറായി വാങ്ങിയ പണം ഈടാക്കാതെ എൻ.എൽ.സി. നൽകുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ പ്രസ്തുത തുക കുറവുചെയ്തിട്ട് മാത്രമേ നൽകുകയുള്ളുവെന്ന് നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

81. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം സമിതിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

82. മുൻകൂർ നൽകിയ തുകയിൽ തിരിച്ചുപിടിച്ച തുകയുടെയും ഇനിയും തിരിച്ചുപിടിക്കാത്ത തുകയുടെയും വിശദാംശങ്ങൾ അറിയിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**83. ജീവനക്കാർക്കും മറ്റുള്ളവർക്കും വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ യഥാസമയം തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച 1999-2000 മുതൽ 2003-04 വരെയുള്ള കാലഘട്ടത്തിലെ 41.14 ലക്ഷം രൂപ ക്രമീകരിക്കേണ്ടതുണ്ടെന്നാണ് രേഖാമൂലം ഓഡിറ്റ് പരാമർശമെങ്കിലും പ്രസ്തുത കാലയളവിലെ 31.96 ലക്ഷം രൂപയുടെ കണക്കുകൾ മാത്രമാണ് സർക്കാർ നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. പ്രസ്തുത മറുപടി പ്രകാരം കേവലം 3.21 ലക്ഷം രൂപ മാത്രമാണ് ക്രമീകരിച്ചതായി കാണുന്നത്. എന്നാൽ 1999-2000 മുതൽ 2003-04 വരെയുള്ള വർഷങ്ങളിൽ ഒരു ഉദ്യോഗസ്ഥന് നൽകിയ ഏഴ് മുൻകൂറുകളും മറ്റൊരുദ്യോഗസ്ഥന് നൽകിയ ആറ് മുൻകൂറുകളുമടക്കം ആകെ 1,97,693 രൂപ മാത്രമാണ് ഇനി തിരിച്ചുപിടിക്കാൻ അവശേഷിക്കുന്നതെന്ന് തെളിവെടുപ്പുവേളയിൽ വ്യക്തമാക്കുകയുണ്ടായി. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ പതിനഞ്ച് ദിവസങ്ങൾക്കകം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമിതിയുടെ നിർദ്ദേശത്തിന്മേൽ സർക്കാർ യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുൻകൂറുകളിൽ തിരിച്ചുപിടിച്ച തുകയുടെയും ഇനിയും അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങളും നിലവിൽ മുൻകൂറുകൾ ചട്ടപ്രകാരം ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിവരങ്ങളും അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**84. ഓഡിറ്റ് പരാമർശമനുസരിച്ച്, ദീർഘകാലം മുൻകൂറുകൾ ക്രമീകരിക്കാതിരിക്കുന്നതുപോലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ മുൻകൂർ രജിസ്റ്റർ യഥാസമയം ക്ലോസ് ചെയ്ത് മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നതിനാവശ്യമായ കർശനനിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 36 | തദ്ദേശസ്വയംഭരണം (തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികൾ) | തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികളിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെ ത്രിഫ്റ്റ് സമാഹരണം, വായ്പാവിതരണം, വായ്പാതിരിച്ചടവ് എന്നിവ സംബന്ധിച്ച കണക്കുകളിലെ പ്രകടമായ വ്യത്യാസത്തിൽ നിന്നും പ്രസ്തുത പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ മുനിസിപ്പാലിറ്റികളിലെ ഭരണസമിതികളും ഉപദേശക സമിതികളും പരാജയപ്പെട്ടുകയായിരുന്നുവെന്ന് വ്യക്തമാകുന്നു. സി.ഡി.എസ്. രൂപീകൃതമായ 1995 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ അടൂർ നഗരസഭയിലെ സി.ഡി.എസ്. പ്രോജക്ട് ഓഫീസറും ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന കമ്മ്യൂണിറ്റി ഓർഗനൈസറും ചേർന്ന് 12.89 ലക്ഷം രൂപ അപഹരിച്ചത് മുനിസിപ്പാലിറ്റിയുടെ മേൽനോട്ടത്തിലെ അപാകത കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. ടിയാളുകൾക്കുമേൽ നിശ്ചയിച്ചിട്ടുള്ള പിഴപ്പലിശ ഉൾപ്പെടെയുള്ള ബാധ്യതയായ 17 ലക്ഷം രൂപ ഈടാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 37 | തദ്ദേശസ്വയംഭരണം (തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികൾ) & വിജിലൻസ് | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോട്ടയം വിജിലൻസ് കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 38 | തദ്ദേശസ്വയംഭരണം | 1994-ലെ കേരള മുനിസിപ്പൽ നിയമം 45 (സി) വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിരുദ്ധമായി വാർഡ് സഭയുടെ അംഗീകാരമില്ലാതെ സി.ഡി.എസ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതുകാരണം ഗുണഭോക്തൃ നിർണ്ണയത്തിൽ സുതാര്യത ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് സമിതി മനസ്സിലാക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ 1994-1995 മുതൽ 2004-2005 വരെ മൂന്ന് മുനിസിപ്പാലിറ്റികളും അവയുടെ വാർഷികവരുമാന അടങ്കലിന്റെ 2 ശതമാനം നഗരദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സി.ഡി.എസു.കൾക്ക് കൈമാറാതിരുന്നതിനാൽ പ്രവർത്തന പരിപാടികൾ എസ്.ജെ. എസ്.ആർ.വൈ.യിലും എൻ.എസ്.ഡി.പി.യിലും ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തേണ്ടി വന്നതിന്റെ ഫലമായി പ്രവർത്തനോദ്ദേശ്യം പൂർത്തീകരിക്കാൻ സാധിക്കാതെ പോയതായി സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ജനസംഖ്യ കൂടിയ നഗരസഭകളിലെ വാർഡ് സഭ ചേർന്ന് ഗുണഭോക്തൃ നിർണ്ണയം നടത്തുക എന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 39 | തദ്ദേശസ്വയംഭരണം (തിരുവല്ല, അടൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റികൾ) | നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം (DWCUA) എന്ന പദ്ധതി പ്രകാരം അടൂർ, തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികളിൽ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾ ലക്ഷ്യബോധമുള്ള സംരംഭകരെ കണ്ടെത്താൻ കഴിയാതിരുന്നതിന്റെയും സംരംഭകർക്ക് മതിയായ പരിശീലനം നൽകാത്തതിന്റെയും തുടർനിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തതയുടെയും ഫലമായി പരാജയപ്പെട്ടുവെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം ഗ്രൂപ്പ് സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിലിനാവശ്യമായ വൈദഗ്ധ്യം നേടിയവർക്ക് പ്രാമുഖ്യം നൽകണമെന്നും അല്ലെങ്കിൽ അതിനനുയോജ്യമായ പരിശീലന പരിപാടി സംഘടിപ്പിച്ച് അതിൽ വിജയിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഇത്തരം പദ്ധതികളിൽ ഫലപ്രാപ്തിക്ക് തുടർനിരീക്ഷണ സംവിധാനം ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 40 | തദ്ദേശസ്വയംഭരണം | സ്വാശ്രയസംഘങ്ങൾ എ.ഡി.എസിൽ നിന്നും ധനസഹായവും കുറഞ്ഞ പലിശയിനത്തിൽ വായ്പയും നേടിയെടുത്ത ശേഷം യൂണിറ്റ് അടച്ചുപൂട്ടുന്ന പ്രവണത ഒഴിവാക്കുന്നതിനായി പ്രോജക്ടിന് ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് നൽകുന്നതടക്കമുള്ള സഹായങ്ങളും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള പൊതു സംവിധാനവും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുടുംബശ്രീ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതും അവയുടെ വിപണനത്തിനായി ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതും ലക്ഷ്യപ്രാപ്തിക്ക് സഹായകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 6 | 41 | തദ്ദേശസ്വയംഭരണം (തിരുവല്ല മുനിസിപ്പാലിറ്റി) | 1997-1998 മുതൽ 2004-2005 വരെ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി (എസ്.ജെ.എസ്.ആർ.വൈ./എൻ.എസ്.ഡി.പി.)കൾക്കായി അനുവദിച്ച 84.64 ലക്ഷം രൂപ സി.ഡി.എസിന് കൈമാറുന്നതിന് പകരം വകമാറ്റി ചെലവഴിച്ചത് പണാപഹരണമായി കണക്കാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇതിനുത്തരവാദിയായ മുനിസിപ്പൽ കൗൺസിലിന്റെയും സെക്രട്ടറിയുടേയും പേരിൽ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത തുകയിൽ തിരിച്ചടയ്ക്കാനുള്ള ബാക്കി തുക കൂടി തിരിച്ചടപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 42 | തദ്ദേശസ്വയംഭരണം (പത്തനംതിട്ട മുനിസിപ്പാലിറ്റി) | പത്തനംതിട്ട ജില്ലയിൽ ദേശീയ ചേരി നിർമ്മാർജ്ജന പരിപാടിയുടെ കീഴിൽ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ വീടിന്റെ നിലവാരം ഉയർത്തുന്നതിന് പ്രവർത്തന പരിപാടിയും പണവും ലഭ്യമായിരുന്നിട്ടും അതിന്റെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 234 കുടുംബങ്ങൾക്ക് യഥാസമയം ലഭിക്കാതിരുന്നത് മുനിസിപ്പാലിറ്റികളുടേയും എ.ഡി.എസിന്റേയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ആനുകൂല്യം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ലഭിക്കാത്ത 234 ഗുണഭോക്താക്കൾക്ക് തുടർന്നുള്ള പദ്ധതികൾ പ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരി നിവാസികൾക്കുവേണ്ടിയുള്ള വാംബെ പാർപ്പിട പദ്ധതിയിൽ 2002-2004-ൽ അനുവദിച്ച 1075 വീടുകളിൽ പൂർത്തീകരിക്കുവാൻ അവശേഷിച്ച 427 വീടുകൾ പൂർത്തിയാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 43 | തദ്ദേശസ്വയംഭരണം | സി.ഡി.എസി.ന്റെ നിയമാവലിയിൽ നിന്നും വ്യതിചലിച്ച്, ഭരണസമിതിയും ഉപദേശക സമിതിയും യോഗം ചേരാതിരുന്നതും എ.ഡി.എസി.ന്റേയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തന പുരോഗതി നിരീക്ഷിക്കാതിരുന്നതും ഇത്തരം പദ്ധതികളിലൂടെ സ്ത്രീശാക്തീകരണം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനെ തടസ്സപ്പെടുത്തിയെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തിക്കുതകുംവിധം ജാഗ്രത പുലർത്തുന്നതിന് മുനിസിപ്പാലിറ്റികളെ പ്രത്യേകം ചുമതലപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 47 | തദ്ദേശസ്വയംഭരണം (കോട്ടയം ജില്ലാ പഞ്ചായത്ത്) | കോട്ടയം ജില്ലാ പഞ്ചായത്ത് 2002-2005 കാലയളവിൽ പട്ടികജാതി വിഭാഗത്തിന് വേണ്ടി ആവിഷ്കരിച്ച ക്ഷേമ പദ്ധതികളിൽ പലതും തൻ വർഷം നടപ്പിലാക്കാൻ |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | കഴിയാതിരുന്നതിന് കാരണം പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ദീർഘവീക്ഷണമില്ലായ്മയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ പദ്ധതിയുടേയും അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ച് പഠനമോ ആവശ്യകതയെയും സാധ്യതകളെയും സംബന്ധിച്ച വിശകലനമോ നടത്താതെയും പദ്ധതിയുടെ പ്രാരംഭദശയിൽ വേണ്ടത്ര മുൻകരുതൽ എടുക്കാതെയും പദ്ധതികൾ ആവിഷ്കരിച്ചതുകൊണ്ട് പലതും ഫലപ്രാപ്തി കൈവരിക്കാത്തതെന്ന് സമിതി വിലയിരുത്തുന്നു. കോട്ടയം ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 6.39 ശതമാനം പട്ടികജാതിക്കാരായിരിക്കെ ഗുണഭോക്താക്കളുടെ അഭാവംമൂലം പല പദ്ധതികൾക്കും സാങ്കേതികാനുമതി കിട്ടിയില്ലെന്ന അവസ്ഥ വന്നുവെന്നത് അർഹരായ ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിലുണ്ടായ വീഴ്ചകൊണ്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികളുടെ 2005-06 മുതലുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്ന് സർക്കാർ സമർപ്പിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടിക്കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് ഉൾപ്പെടുത്തിയിരുന്നില്ലെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഓഡിറ്റ് പരാമർശങ്ങൾക്കു ശേഷവും ഇത്തരം അപാകതകൾ നിലനിൽക്കുന്നുവെന്ന് സമിതി സംശയിക്കുന്നു. ടി പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിൽ നടപ്പിലാക്കിയപ്പോൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ബന്ധപ്പെട്ട സെക്ടറിൽ പണം നഷ്ടമായില്ലെങ്കിലും ജനറൽ സെക്ടറിൽ നിന്നും ടി തുക മാറ്റിവയ്ക്കേണ്ടിവന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പരാജയപ്പെട്ടുവെന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ മോണിട്ടർ ചെയ്ത് യുക്തമായ നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതിനാൽ സെക്രട്ടറിയുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 48 | തദ്ദേശസ്വയംഭരണം (കോട്ടയം ജില്ലാ പഞ്ചായത്ത്) | 2000 ഡിസംബർ മുതൽ 2002 മാർച്ചുവരെ എസ്.സി.പി.ക്ക് കീഴിൽ നടത്തിയ നാല് പ്രവൃത്തികളിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക തിരിച്ചു പിടിച്ചത് സംബന്ധിച്ചും പൂർത്തിയാക്കാത്ത രണ്ട് പ്രവൃത്തികളിൽ റവന്യൂ റിക്കവറി നടപടി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കാതിരുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശത്തോടുള്ള ഈ അലംഭാവവും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും സമിതി ഗൗരവമായി വീക്ഷിക്കുന്നു. സമിതിയുടെ നിർദ്ദേശം പാലിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത നാല് പ്രവൃത്തികളിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ് തുക തിരിച്ചുപിടിച്ചത് സംബന്ധിച്ചും മറ്റ് രണ്ട് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവൃത്തികളുടെ റവന്യൂ റിക്കവറി നടപടി സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 51 | തദ്ദേശസ്വയംഭരണം (പാലക്കാട് ജില്ലാ പഞ്ചായത്ത്) | ഉല്പാദനപരമായ പദ്ധതി എന്ന നിലയിൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ഉദ്യമം ശ്ലാഘനീയമാണെങ്കിലും മികച്ച ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനത്തിന്റെയും അഭാവത്തിൽ പദ്ധതി പൂർത്തീകരിക്കാനായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി ആസൂത്രണം ചെയ്ത സമയത്ത് പദ്ധതിക്കാവശ്യമായ ഭൂമിയുടെ ലഭ്യതയെപ്പറ്റി ആരാഞ്ഞിരുന്നില്ലെന്നും ധനസമാഹരണത്തിന്റെ മാർഗ്ഗങ്ങൾ പഠനവിധേയമാക്കിയിരുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. പദ്ധതിക്കാവശ്യമായ 1.15 ഹെക്ടർ ഭൂമി കൈമാറുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 1999 സെപ്റ്റംബർ-2000 മാർച്ചിൽ ഉത്തരവായെങ്കിലും പ്രസ്തുത ഭൂമി പദ്ധതിക്ക് വിട്ടുകിട്ടാൻ 10 വർഷമായി ശ്രമിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വലിയ അനാസ്ഥയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) നൽകിയ 3.11 കോടി രൂപ വിലയുള്ള ഇലക്ട്രിക്കൽ/മെക്കാനിക്കൽ ഉപകരണങ്ങളുടെ വിനിയോഗം പദ്ധതിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 60 | തദ്ദേശസ്വയംഭരണം (കൊല്ലം കോർപ്പറേഷൻ) | കൊല്ലം കോർപ്പറേഷൻ, വൈദ്യുത ശ്മശാനം സ്ഥാപിക്കുവാൻ ചെലവാക്കിയ തുക നിഷ്ഫലമായി എന്ന ഓഡിറ്റ് നിരീക്ഷണ ത്തോട് സമിതി യോജിക്കുന്നു. വൈദ്യുത ശ്മശാനം സ്ഥാപിച്ച് പ്രവർത്തനക്ഷമമാ ക്കുന്നതിന് കരാറിലേർപ്പെട്ട കമ്പനി നല്കിയ വൈദ്യുത-യാന്ത്രിക ഘടകങ്ങൾ കേടുള്ളവ യാണെന്ന് പരിശോധക സമിതി കാണുകയും അവ മാറ്റി നൽകണമെന്ന് ശിപാർശ നല്കുകയും ചെയ്തിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, അവ മാറ്റി വാങ്ങുന്നതിന് പകരം മാറ്റി നല്കാമെന്ന കേവല ഉറപ്പിന്മേൽ, ആദ്യം നല്കിയ 9.80 ലക്ഷം രൂപയ്ക്ക് പുറമേ, ബാങ്ക് ഗ്യാരന്റി പോലുമില്ലാതെ വീണ്ടും 6.46 ലക്ഷം രൂപ കൂടി നല്കിയത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത തുക നൽകിയത് എം.പി. ഫണ്ടിൽ നിന്നുമായ തിനാൽ മുനിസിപ്പൽ കൗൺസിലല്ല തുക നൽകാൻ തീരുമാനമെടുത്തതെന്നും പ്രത്യേത മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനും ജില്ലാ കളക്ടർ, ഫിനാൻസ് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ, കെ.എസ്.ഇ.ബി. എഞ്ചിനീയർ തുടങ്ങിയ വിദഗ്ധരടങ്ങുന്ന ഒരു സമിതിയാണ് തീരുമാനമെടുത്തതെന്നും തെളിവെടുപ്പ് വേളയിൽ കോർപ്പറേഷൻ എ.ഇ.ഇ. അറിയിക്കുകയുണ്ടായി. തുക ഏത് ഫണ്ടിൽ നിന്നും ആരുടെ തീരുമാനപ്രകാരം ഏത് ഉദ്യോഗസ്ഥനാണ് നല്കിയത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽ നിന്നും യാതൊരു മറുപടിയും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നാളിതുവരെ പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതി ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു. വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും നഷ്ടത്തിനുത്തരവാദിയായ കമ്പനിക്കെതിരെയുള്ള നിയമപരമായ നടപടി എത്രയും വേഗം പൂർത്തിയാക്കി നഷ്ടതുക പലിശ സഹിതം ഈടാക്കുവാനും അല്ലാത്തപക്ഷം ഉത്തരവാദികളായവരിൽ നിന്നും ആയത് ഈടാക്കുവാനും അവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പൂള സ്ഥാപിക്കാത്തതിനാലാണ് സിവിൽ ജോലികൾ പൂർത്തിയാക്കാനാകാത്തതെന്ന് നിർമ്മിതി കേന്ദ്രവും മറിച്ചാണെന്ന് കമ്പനിയും വാദിക്കുന്നതിൽ നിന്നും, ദിശമാറി പോയതിനാൽ ശ്മശാനം ഇനി യാഥാർത്ഥ്യമാക്കുവാൻ കഴിയില്ല എന്ന കോർപ്പറേഷന്റെ നിലപാടിൽ നിന്നും ആസൂത്രണത്തിലെയും ഏകോപനത്തിലെയും മേൽനോട്ടത്തിലെയും പോരായ്മയും വീഴ്ചയുമാണ് വ്യക്തമാകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകുന്ന ഇത്തരം വീഴ്ചയിലൂടെ എം.പി. ഫണ്ടിൽ നിന്നായാലും മറ്റേത് സ്രോതസ്സിൽ നിന്നായാലും പൊതുപണം ദുർവിനിയോഗം ചെയ്യപ്പെടുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും വീഴ്ചകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 13 | 62 | തദ്ദേശസ്വയംഭരണം (തൃശ്ശൂർ കോർപ്പറേഷൻ) | തൃശ്ശൂർ ജില്ലയിൽ കശാപ്പുശാലയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പദ്ധതിക്കായ് 1989 മാർച്ചിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചെങ്കിലും 1997-ൽ മാത്രമാണ് പണി പൂർത്തീകരിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. കശാപ്പുശാലയുടെ ആധുനികവൽക്കരണത്തിന് 21.14 ലക്ഷം രൂപയുടെ മെഷിനറി ഉൾപ്പെടെ ആകെ 1.02 കോടി രൂപ ചെലവഴിച്ചെങ്കിലും കശാപ്പുശാല തുടർന്നും പരമ്പരാഗതമായ മാർഗ്ഗം തന്നെയാണ് കശാപ്പിനായി അവലംബിച്ചതെന്ന് സമിതിക്ക് ബോധ്യമാകുന്നു. ശാസ്ത്രീയമായ പ്രവർത്തനത്തിന് വിഘാതമായി ഉയർന്ന പ്രശ്നങ്ങൾ ഉപഭോക്താക്കൾ, വെറ്ററിനറി സർജൻ, മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച ചെയ്ത് പരിഹരിക്കാത്തതിനാലാണ് പദ്ധതി പരാജയപ്പെടാൻ ഇടയായതെന്ന് സമിതി വിലയിരുത്തുന്നു. കോർപ്പറേഷൻ പരിധിയിൽ അൻപതോളം കശാപ്പ് ലൈസൻസുകളും കശാപ്പ് തൊഴിലാളികളും ഉണ്ടായിട്ടും പ്രസ്തുത ഉപഭോക്താക്കളുടെ കച്ചവടതാല്പര്യങ്ങളെ ഒരു പരിധിവരെയെങ്കിലും സംരക്ഷിക്കുകയും ആധുനിക അറവുശാലകളുടെ മേന്മയും ആവശ്യകതയും ബോധ്യപ്പെടുത്തുകയും ചെയ്യുവാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതേ കെട്ടിടവും ഉപയോഗപ്പെടുത്താവുന്ന നിലവിലുള്ള യന്ത്രസാമഗ്രികളും വിനിയോഗിച്ച് ആധുനിക രീതിയിൽതന്നെ അറവുശാല സജ്ജമാക്കുവാൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വെറ്ററിനറി കോളേജ് മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കിയ പദ്ധതിരേഖയ്ക്ക് കൗൺസിലിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളും നിലവിൽ അറവുശാലയുടെ പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തുരുമ്പെടുത്ത നിലയിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾകൂടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 66 | തദ്ദേശസ്വയംഭരണം (കൊല്ലം കോർപ്പറേഷൻ) | ഐ.ഡി.എസ്.എം.ടി. പദ്ധതിയുടെ കീഴിൽ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിൽ റെയിൽവേയുമായുള്ള കരാർ പ്രകാരമുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിവരങ്ങൾ നാളിതുവരെ സമർപ്പിക്കുകയുണ്ടായില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാത്തതിന്റെ ഫലമായി ഓഡിറ്റ് പരാമർശ വിഷയം വിശദമായി പരിശോധിക്കുവാനോ യഥാസമയം സമിതിയുടെ ശിപാർശകൾ നല്കുന്നതിനോ കഴിയാത്ത സാഹചര്യം സംജാതമാകുന്നു. ഇത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. റെയിൽവേയുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഭൂമി വിലക്കെടുത്ത് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങളും ബസ് ടെർമിനൽ നിർമ്മാണത്തിന്റെയും പൂർത്തീകരണത്തിന്റെയും ഇതിനായി ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിനിയോഗത്തിന്റെയും വിവരങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 69 | തദ്ദേശസ്വയംഭരണം (പട്ടാഴി ഗ്രാമപഞ്ചായത്ത്) | ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ മറുപടിയും ഗ്രാമപഞ്ചായത്ത് തെളിവെടുപ്പ് വേളയിലും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 71 | തദ്ദേശസ്വയംഭരണം (വെൺമണി ഗ്രാമപഞ്ചായത്ത്) | വെൺമണി ഗ്രാമപഞ്ചായത്തിലെ അനധികൃത മണൽ വാരൽമൂലമുണ്ടായ വരുമാന നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 76 | തദ്ദേശസ്വയംഭരണം (ചേർത്തല മുനിസിപ്പാലിറ്റി) | ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി 30 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകമാറ്റി ചെലവാക്കാനിടയായത് നഗരസഭയുടെ ഓഫീസും സബ്ട്രഷറിയും യഥാസമയം കണക്കുകൾ ഒത്ത് നോക്കി കൃത്യത ഉറപ്പ് വരുത്താത്തതിനാലാണെന്ന് സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി സെക്രട്ടറി ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും തനത് പി.ഡി. അക്കൗണ്ടിലേക്ക് അനധികൃതമായി മാറ്റിയ 30 ലക്ഷം രൂപ സർക്കാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിർദ്ദേശപ്രകാരം തിരികെ അടയ്ക്കുന്നതിന് അസാധാരണമായ കാലതാമസം വരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ചേർത്തല മുനിസിപ്പാലിറ്റി അനധികൃതമായി പ്ലാൻ ഫണ്ടിൽ നിന്നും മാറ്റിയ തുക നാളിതുവരെ തിരികെ അടച്ചിട്ടില്ലാത്ത പക്ഷം ടി തുക മുനിസിപ്പാലിറ്റിക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് ചെയ്യണമെന്നും ഇതിന് നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 77 | തദ്ദേശസ്വയംഭരണം (ചേർത്തല മുനിസിപ്പാലിറ്റി) | ചേർത്തല മുനിസിപ്പാലിറ്റിയിലെ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, അപ്രോപ്രിയേഷൻ രജിസ്റ്റർ തുടങ്ങിയ പരമപ്രധാനരേഖകളുടെ സൂക്ഷിപ്പ്, ശേഖരിച്ച തുകകൾ ട്രഷറിയിലെ അക്കൗണ്ടുകളുമായി ഒത്തുനോക്കൽ എന്നിവ കൃത്യമായും കാര്യക്ഷമമായും പാലിക്കപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റികളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും തുടർനിരീക്ഷണ സംവിധാനം ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 83 | തദ്ദേശസ്വയംഭരണം (തിരുവനന്തപുരം കോർപ്പറേഷൻ) | ജീവനക്കാർക്കും മറ്റുള്ളവർക്കും വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ യഥാസമയം തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച 1999-2000 മുതൽ 2003-04 വരെയുള്ള കാലഘട്ടത്തിലെ 41.14 ലക്ഷം രൂപ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ക്രമീകരിക്കേണ്ടതുണ്ടെന്നാണ് ശരാശ്ലം ഓഡിറ്റ് പരാമർശമെങ്കിലും പ്രസ്തുത കാലയളവിലെ 31.96 ലക്ഷം രൂപയുടെ കണക്കുകൾ മാത്രമാണ് സർക്കാർ നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. പ്രസ്തുത മറുപടി പ്രകാരം കേവലം 3.21 ലക്ഷം രൂപ മാത്രമാണ് ക്രമീകരിച്ചതായി കാണുന്നത്. എന്നാൽ 1999-2000 മുതൽ 2003-04 വരെയുള്ള വർഷങ്ങളിൽ ഒരു ഉദ്യോഗസ്ഥന് നൽകിയ ഏഴ് മുൻകൂറുകളും മറ്റൊരുദ്യോഗസ്ഥന് നൽകിയ ആറ് മുൻകൂറുകളുമടക്കം ആകെ 1,97,693 രൂപ മാത്രമാണ് ഇനി തിരിച്ചുപിടിക്കാൻ അവശേഷിക്കുന്നതെന്ന് തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കുകയുണ്ടായി. അതു സംബന്ധിച്ച വിശദവിവരങ്ങൾ പതിനഞ്ച് ദിവസങ്ങൾക്കകം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമിതിയുടെ നിർദ്ദേശത്തിന്മേൽ സർക്കാർ യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുൻകൂറുകളിൽ തിരിച്ചുപിടിച്ച തുകയുടെയും ഇനിയും അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങളും നിലവിൽ മുൻകൂറുകൾ ചട്ടപ്രകാരം ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിവരങ്ങളും അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | 84 | തദ്ദേശസ്വയംഭരണം | ഓഡിറ്റ് പരാമർശമനുസരിച്ച്, തീർപ്പാക്കാത്ത മുൻകൂറുകൾ ക്രമീകരിക്കാതിരിക്കുന്നതുപോലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ മുൻകൂർ രജിസ്റ്റർ യഥാസമയം ക്ലോസ് ചെയ്ത് മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നതിനാവശ്യമായ കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ C&AG റിപ്പോർട്ടിലെ 3-ാം അദ്ധ്യായത്തിലെ ഖണ്ഡിക 3.4 ന് മേലുള്ള നടപടി വിശദീകരണ പത്രിക.

| | | |
|---|---|---|
| 3.4 | | |
| 3.4.1 | | |
| 3.4.2 | | |
| 3.4.3 | | |
| 3.4.4 | | പൊതുജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി മാത്രമേ ഇത്തരം സൊസൈറ്റികൾ ഫലപ്രദമായി പ്രവർത്തിക്കൂ. പണം നിക്ഷേപിക്കുന്ന പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും ജാഗ്രതയോടുകൂടിയ സമീപനം ഉണ്ടെങ്കിലെ സാമ്പത്തിക അച്ചടക്കം സാദ്ധ്യമാകു. |
| | | ഇക്കാര്യത്തിൽ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് മുൻസിപ്പൽ അധികൃതർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| 3.4.5 | | |
| 3.4.6 | | |

| | | |
|---|---|---|
| | | |
| 3.4.7 | | 3.4.7 മുതൽ 3.4.8 വരെ<br><br>എസ്.ജെ.എസ്.ആർ.വൈ, എൻ.എസ്.ഡി.പി, വാംബേ എന്നീ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച നോഡൽ ഏജൻസി കുടുംബ ശ്രീയാണ്. നഗരസഭകൾ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുന്നുണ്ട്. തിരുവല്ല നഗരസഭയിൽ ഈ മൂന്ന് പദ്ധതികളിൽ യഥാക്രമം 81% , 91%, 95% എന്നിങ്ങനെ വിനിയോഗം നാളിതുവരെ |

| | | |
|---|---|---|
| | | യുണ്ട്. പത്തനംതിട്ട നഗരസഭയിൽ എൻ.എസ്.ഡി.പി പദ്ധതിയിൽ 6 ലക്ഷം രൂപ ഒഴികെ ബാക്കി തുകകൾ വിനിയോഗിച്ചു കഴിഞ്ഞു. മറ്റ് 3 പദ്ധതികളിൽ പത്തനംതിട്ട നഗരസഭയും നാല് പദ്ധതികളിൽ അടൂർ നഗരസഭയും ഫണ്ട് വിനിയോഗം ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. |
| 3.4.8 | | |
| 3.4.9 | | 3.4.9 മുതൽ 3.4.11വരെ<br><br>സി.ഡി.എസ്, എ.ഡി.എസ് എന്നിവരുടെ കണക്കുകൾ തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ ശ്രദ്ധചെലുത്തേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗവേണിംഗ് ബോഡികൾ തമ്മിലുള്ള സഹകരണം ഉറപ്പുവരുത്താനും ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്താനും നഗരസഭാ കൗൺസിലുകളും ശ്രദ്ധിക്കേണ്ടതുണ്ട്. |
| 3.4.10 | | |

| | | |
|---|---|---|
| | | |
| 3.4.11 | | |
| 3.4.12 | | 3.4.12 മുതൽ 3.4.15 വരെ<br><br>പണാപഹരണ വിഷയം വിജിലൻസ് വകുപ്പിലേയ്ക്ക് 2004 നവംബറിൽ റഫർ ചെയ്യുകയും അവരുടെ അന്വേഷണത്തിന്റെ അവസാന ഘട്ടത്തിൽ എത്തി നില്ക്കുകയുമാണ്.<br>കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നെടുത്ത ലോൺ ഇനത്തിൽ അടൂർ നഗരസഭ 5 ലക്ഷം രൂപ 28.3.2008-ന് തിരിച്ചടച്ചിട്ടുണ്ട്. ദിവസ വേതനക്കാരനെ പിരിച്ചയച്ചു. പ്രോജക്ട് ഓഫീസറായ ഹെൽത്ത് ഇൻസ്പെക്ടർ സർവ്വീസിൽ |

| | | |
|---|---|---|
| | | നിന്നും പിരിഞ്ഞുവെങ്കിലും ടിയാളുടെ പെൻഷൻ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും തടഞ്ഞു വച്ചിരിക്കുകയാണ്. വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ കണക്കുകൾ ശരിയായ നിലയിൽ സൂക്ഷിച്ചുവരുന്നു. 2004-05, 2005-06, 2006-07 എന്നീ വർഷങ്ങളിലെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ് വഴി ഓഡിറ്റ് ചെയ്തു കഴിഞ്ഞു. |
| 3.4.13 | | |
| 3.4.14 | | |
| 3.4.15 | | മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് പത്തനംതിട്ട നഗര സഭാ സെക്രട്ടറി മറുപടി നല്കിയിരിക്കുന്നു. ഗുണഭോക്താക്കളെ |

| | | |
|---|---|---|
| 3.4.16 | | തെരഞ്ഞെടുക്കുന്നത് അയൽക്കൂട്ടങ്ങളിൽ നിന്നും ആണെന്നും എ.ഡി.എസ് ഉം സി.ഡിഎസ് ഉം അവയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നും അന്തിമ ലിസ്റ്റ് സംസ്ഥാന കുടുംബശ്രീ മിഷൻ അംഗീകരിച്ചിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസറും സി.ഡി.എസ് ഉദ്യോഗസ്ഥരും നേരിട്ട് പരിശോധന നടത്തിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളതെന്നും അടൂർ നഗരസഭാ സെക്രട്ടറി മറുപടി നല്കിയിരിക്കുന്നു. ഭാവിയിൽ വാർഡുസഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| 3.4.17 | | അടൂർ നഗരസഭ നിശ്ചിത ശതമാനം തുക കൈമാറുന്നതിന് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. മറ്റ് രണ്ട് നഗരസഭകൾ ഫണ്ട് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| | | |
| 3.4.18 | | <u>3.4.18 മുതൽ 3.4.27 വരെ</u><br><br>ഈ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറായി വരുന്നില്ല. കൂടാതെ നിലവിൽ രൂപീകരിച്ച 9 ഗ്രൂപ്പ് സംരംഭങ്ങളിൽ 7 എണ്ണവും പ്രവർത്തിക്കുന്നില്ല. ഗ്രൂപ്പ് അംഗങ്ങൾ തമ്മിലുള്ള അഭിപ്രായ ഭിന്നതയാണ് ഗ്രൂപ്പിന്റെ പരാജയം. ഗ്രൂപ്പ് അംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് തയ്യാറാകുന്നില്ല. |
| 3.4.19 | | |
| 3.4.20 | | |
| 3.4.21 | | |

| | | |
|---|---|---|
| | | |
| 3.4.22 | | |
| 3.4.23 | | ഈ യൂണിറ്റുകൾ ആരംഭിച്ചതിൽ പ്രവർത്തനം ഇല്ലാതിരുന്ന 5 യൂണിറ്റുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും മറ്റ് യൂണിറ്റുകളുടെ വായ്പ തിരിച്ചടവ് പൂർത്തീകരിച്ചു 2 ഡയറി യൂണിറ്റുകൾ ആരംഭിച്ചതിൽ 2 യൂണിറ്റും അവരുടെ വായ്പ തിരിച്ചടവ് പൂർത്തീകരിച്ചും ഇപ്പോഴും ഈ ഗുണഭോക്താക്കൾ ഇതേ ജോലി ചെയ്ത് ഉപജീവനം നടത്തുന്നു. |
| 3.4.24 | | |

| | | |
|---|---|---|
| | | |
| 3.4.25 | | ഇപ്പോൾ ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായവും മാർഗനിർദ്ദേശവും നഗരസഭ നല്കുന്നുണ്ടെന്ന് അടൂർ നഗരസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നു.<br><br>നഗരസഭകളുടെ ഭാഗത്തുനിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ള സി.ഡി.എസ് പ്രോജക്ട് ഓഫീസർമാര ഫലപ്രദമായ നിലയിൽ പ്രവർത്തിച്ചാൽ വലിയ ഒരളവുവരെ സി.ഡി.എസ് കളുടെ പ്രവർത്തനം ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാൻ സഹായിക്കുന്നതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നഗരസഭാ സെക്രട്ടറിമാരും കൗൺസിലുകളും കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ നോഡൽ ഏജൻസിയായ കുടുംബശ്രീയും സർക്കാരും നല്കുന്നുണ്ട്. |
| 3.4.26 | | |

| | | |
|---|---|---|
| 3.4.27 | | |
| * | | |
| * | | |
| * | | |
| * | | |
| | | |
| 3.4.28 | | ഇക്കാര്യത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലാത്തതിനാൽ നഗരസഭകൾ ലോൺ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന കാര്യവും സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യവും പരിശോധിക്കുന്നില്ല. എന്നാൽ നഗരസഭകളുടെ സബ്സിഡി ഉൾപ്പെട്ടിട്ടുള്ളതാകയാൽ നഗരസഭകൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ട ബാദ്ധ്യതയുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നോഡൽ ഏജൻസിയായ കുടുംബശ്രീയും സർക്കാരും നഗരസഭകൾക്ക് നല്കുന്നുണ്ട്. |

| | | |
|---|---|---|
| | | |
| 3.4.29 | | വകമാറ്റിയ തുക ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടയ്ക്കുന്നതിനും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചുവരുന്നു. |
| 3.4.30 | | യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഭാവിയിൽ ഇത് തരണംചെയ്യുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബി.പി.എൽ സർവ്വേ കഴിയുമ്പോൾ തയ്യാറാകുന്ന ബി.പി.എൽ ലിസ്റ്റ് ഉപകരിക്കുന്നതാണ്. |
| 3.4.31 | | 3.4.31 മുതൽ 3.4.32 വരെ<br><br>പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുക എന്ന ലക്ഷ്യത്തോടെയാണ് മുനിസിപ്പാലിറ്റികൾ ഫണ്ട് നോഡൽ ഏജൻസികൾക്ക് മുൻകൂട്ടി അടച്ചത്.<br><br>തിരുവല്ല നഗരസഭയിൽ 2002-03-ൽ അനുവദിച്ച 350 വീടുകളിൽ 323ഉം പൂർത്തീകരിച്ചു. 27 എണ്ണം പുരോഗിക്കുന്നു. 2003-04-ൽ അനുവദിച്ച 230 വീടുകളിൽ 208 എണ്ണം |

പൂർത്തിയായി 22 എണ്ണം പൂർത്തീകരിച്ചുവരുന്നു. അടൂർ നഗരസഭയിൽ 567 വീടുകൾക്ക് അനുവദിച്ച ഗഡുതുകകളിൽ 98% തുകയും വിനിയോഗിച്ചുകഴിഞ്ഞു. ബാക്കി വീടുകൾ പൂർത്തീകരണ ഘട്ടങ്ങളിലാണ്.

സ്ത്രീകളുടെ പേരിൽ വസ്തു സംബന്ധിച്ച രേഖകൾ ഇല്ലാതിരുന്നതിനാലാണ് പുരുഷൻമാരുടെ പേരിൽ വീടുകൾ അനുവദിച്ചു നല്കിയത് എന്ന് തിരുവല്ല നഗരസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നു. ടി ആളുകൾ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റിന് കുടുംബശ്രീ സംസ്ഥാന മിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക മാനദണ്ഡം അടങ്ങിയ ഫോർമാറ്റ് പൂരിപ്പിച്ച് അയൽക്കൂട്ടത്തിന്റെയും എ.ഡി.എസ്സിന്റെയും ശുപാർശ സഹിതമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് തിരുവല്ല നഗരസഭ വിശദീകരിക്കുന്നു. അടൂർ നഗരസഭയിൽ ബി പി.എൽ. ലിസ്റ്റിൽ ഇല്ലാത്തവരെങ്കിലും കുടുംബശ്രീ നിശ്ചയിച്ച ക്ലേശഘടകങ്ങൾ കണക്കിലെടുത്തും റവന്യൂ അധികൃതരുടെ വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

24.08.07-ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 2325/07/തസ്വഭവ പ്രകാരം പരമാവധി തറവിസ്തീർണ്ണം 60.ച.മീ ആയി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് അടൂർ നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 3.4.32 | | |
| 3.4.33 | | |
| 3.4.34 | | അടൂർ നഗരസഭയിൽ സി.ഡി.എസ് പ്രവർത്തനങ്ങൾ ഇപ്പോൾ മുനിസിപ്പൽ ക്ഷേമകാര്യ സമിതിയുടെ മേൽനോട്ടത്തിലാണ്. ഗവേർണിംഗ് ബോഡികളും ഉപദേശകസമിതികളും വഴി സി.ഡി.എസ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മറ്റു നഗരസഭകളിൽ ഓഡിറ്റ് നിർദ്ദേശാനുസരണവും സി.ഡി.എസ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും ആവശ്യമായ രീതിയിൽ സി.ഡി.എസ് പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3.4.36 | | |

വിശദീകരണ പത്രിക

| | | |
|---|---|---|
| 4.1.1 | | 4.1.2 മുതൽ 4.1.3 വരെ |
| 4.1.2 | | എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പട്ടികജാതി ഗുണഭോക്താക്കളുടെ ലിസ്റ്റ് യഥാസമയം ലഭിക്കാതിരുന്നതിനാലാണ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ മുഴുവൻ തുകയും ചെലവഴിക്കാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 4.1.3 | | കോട്ടയം ജില്ലാപഞ്ചായത്ത് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി 2002-03 മുതൽ 2004-05 വരെ 86 പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും 35 എണ്ണം മാത്രമേ നടപ്പിലാക്കാൻ സാധിച്ചുള്ളൂ. എന്നാൽ വേണ്ടത്ര പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ എണ്ണക്കുറവുമൂലം സാമൂഹ്യവികസനം, പശ്ചാത്തലവികസനം തുടങ്ങിയ മേഖലകളിലുള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കാത്തതുമൂലമാണ് ഇങ്ങനെ സംഭവിച്ചത്. മാത്രവുമല്ല പട്ടികജാതി ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പ്രവർത്തിപൂർത്തീകരിക്കാതിരുന്നതിനാൽ പദ്ധതികൾക്ക് നീക്കിവച്ചിരുന്ന തുക പൂർണ്ണ |

| | | |
|---|---|---|
| | | മുഴുവം വിനിയോഗിക്കാൻ കഴിഞ്ഞില്ല. മുൻ കാല അനുഭവങ്ങളിലൂടെയും ഓഡിറ്റ് പരാമർശങ്ങളുടെയും വെളിച്ചത്തിൽ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി, ഫലപ്രദമായ നടപടികൾ സ്വീകരിച്ചു പോരുന്നുണ്ട്. 2005 2006 മുതൽ നാളിതുവരെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള പുരോഗതി റിപ്പോർട്ട് അറിവിലേക്കും പരിശോധനയ്ക്കുമായി ചുവടെ ചേർത്തുകൊള്ളുന്നു.<br>അനുബന്ധം A |
| 4.14 | | പട്ടികജാതിവകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തിന് കൈമാറിയ പട്ടികജാതി കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന പദ്ധതി ജില്ലാ പഞ്ചായത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ ഒഴിവാക്കുന്നതിനായി ഈ പദ്ധതി പല ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് പുതുതായി അധികാരമേറ്റ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസംനൽകുന്നതിനായി 2006-07 സാമ്പത്തിക വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നീക്കിവയ്ക്കുകയും ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടുകയും ചെയ്യു. |

| | | | |
|---|---|---|---|
| | | | 2009-2010 [illegible] 2.25.000/ രൂപ വകയിരുത്തുകയും 1,38.814/- രൂപ ചെലവഴിക്കുകയുമുണ്ടായി. ഡിപ്പാർട്ട്മെന്റ് ഫണ്ട് 50,000/- രൂപ ലഭിച്ചതിൽ 48,425/- രൂപയും ചെലവഴിച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 4.1.5 | | | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് മേസ്തിരി പരിശീലനവും ഉല്പാദനകേന്ദ്രവും എന്ന പദ്ധതിയനുസരിച്ച് 51,97,500/- രൂപാ |

| | | |
|---|---|---|
| | | ജില്ലാപഞ്ചായത്ത് സോഷ്യോ ഇക്കണോമിക് യൂണിറ്റിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കാതിരുന്നതിനാൽ കാലാവധിക്കുള്ളിൽ പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇത് കണ്ടെത്തുകയും ടി തുക എത്രയും വേഗം തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആയതനുസരിച്ച് തുക തിരിച്ചടക്കുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റിന് നിർദ്ദേശം നൽകുകയും അവർ മുതലും പലിശയും അടക്കം 58,35,807/- രൂപാ പഞ്ചായത്തിൻെറ TP A/c No. 1187-ൽ താൽക്കാലികമായി നിക്ഷേപിക്കുകയും ചെയ്തു. ഈ പണം ഏത് അക്കൗണ്ടിലാണ് അടയ്ക്കേണ്ടതെന്ന് ഗവൺമെൻറിനോട് ആരായുകയും 17-01-2006-ാം തീയതിയിലെ സർക്കാർ കത്തിൽ (No.47820/PAU/2005/LSGD)നിർദ്ദേശിച്ച പ്രകാരം 5197500/- രൂപയും പലിശ 6,38,307 രൂപയും ഉൾപ്പെടെ ആകെ 58,35,807/- രൂപാ 8448-00-109-93-01(6)അക്കൗണ്ട് ഹെഡിലേയ്ക്ക് അടയ്ക്കുകയും ചെയ്തു.<br>പിന്നീടുള്ള വർഷങ്ങളിലും ടി പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ പട്ടികജാതി വനിതകൾക്കായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് മുഖാന്തിരം പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ലെന്നുമുള്ളവിവരം ബോധിപ്പിച്ചുകൊള്ളുന്നു. |

| | | |
|---|---|---|
| 4.1.6 | | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് മിച്ചം വന്ന ഡിക്ഷനറികൾ വിതരണം ചെയ്യുന്നതിനായി സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു. |

| | | |
|---|---|---|
| 4.17 | | ...ാഴെപ്പറയുന്ന കാരണങ്ങളാലാണ് പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നത്. (1) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ നിന്ന് ഈ പ്രോജക്ടിന് അംഗീകാരം കിട്ടുന്നതിന് വന്ന കാലതാമസം (2) ജില്ലാ പഞ്ചായത്ത് പലതവണ ആവശ്യപ്പെട്ടിട്ടും ജില്ലാ കളക്ടറിൽ നിന്ന് നിശ്ചിത സമയത്തിനുള്ളിൽ അതായത് 31-3-2004-ന് മുമ്പ് ലാൻറ് വാല്യു സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല ടി സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടായി പരിഗണിച്ചുമില്ല. എന്നാൽ 2007-08-ൽ ഈ പദ്ധതിയിൻ കീഴിൽ 51 കുടുംബങ്ങൾക്കായി 22,95,000/- രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചു. 2008-09-ൽ 35 കുടുംബങ്ങൾക്കായി15,75,000/- രൂപ വകയിരുത്തിയതിൽ 15 കുടുംബങ്ങൾക്കായി 6,75,000/- രൂപയും ചിലവഴിക്കുകയുണ്ടായി. 2009-2010-ൽ ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനാൽ പട്ടികജാതിയിൽപ്പെട്ട |

| | | |
|---|---|---|
| | | കുന്നതിനാൽ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമ്മാണം എന്ന പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ലാത്തതുമാണ്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് ഇതു സംബന്ധമായ ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇക്കൊല്ലം 102 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിനുവേണ്ടി 20 ലക്ഷം രൂപ നീക്കിവെച്ചിട്ടുള്ളതും പ്രസ്തുത പ്രോജക്ട് പുരോഗതിയിലുമാണ്. |
| 4.1.8 | | 4.1.8 മുതൽ 4.1.9 വരെ<br><br>പത്രമാധ്യമം, പഞ്ചായത്ത് മെമ്പർമാർ, ICDS, മേൽ പദ്ധതി നടപ്പിലാക്കിയിരുന്നതിന് മതിയായ സമയം ഇല്ലാതിരുന്നതിനാൽ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ ICDS പ്രോഗ്രാം ഓഫീസർ, ബ്ലോക്കുകൾ, കളക്ടറേറ്റ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയിലൂടെ വേണ്ടത്ര പരസ്യം നടത്തിയതിന് ശേഷം കൂടിക്കാഴ്ച നടത്തിയാണ് പട്ടികജാതിക്കാരായ വികലാംഗ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.<br>ഓഡിറ്റിലെ പരാമർശങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ ജില്ലാ പഞ്ചായത്ത് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 1994-ലെ പഞ്ചായത്ത്രാജ് ആക്ട് ലെ സെക്ഷൻ 3A യിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ്. |

| | | | |
|---|---|---|---|
| 4.1.9 | | | |
| 4.1.10 | | | പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത് നിർവ്വഹണോദ്യോഗസ്ഥയായ ജില്ലാ വനിതാ ക്ഷേമ ഓഫീസറായിരുന്നു. എന്നാൽ 2004-05 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള SGRY പദ്ധതി SGRY നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ റിപ്പോർട്ട് |

| | | |
|---|---|---|
| | | പ്പെടുത്തിയിട്ടുണ്ട് |
| 4.1.11 | | ഈ പ്രോജക്റ്റിന്റെ നിർവ്വഹണോദ്യോഗസ്ഥനായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഡയറക്ടർ ചിലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ കിടന്ന 4.61 ലക്ഷം രൂപയും പലിശയും ഉൾ |

| | | | |
|---|---|---|---|
| | | | ള്പ്പെടെ 4,92,516/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ അടയ്ക്കുകയും ടി തുക ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട് |
| 4.1.12 | | | സംസ്ഥാനത്ത് ആകെ 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഉള്ളതെങ്കിലും ഒന്നും തന്നെ ജില്ലാ പഞ്ചായത്തിനോ, മുനിസിപ്പാലിറ്റികൾക്കോ നാളിതുവരെയും കൈമാറിയിട്ടില്ലന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഒരു തീരുമാനം ഉണ്ടാകേണ്ടതാണ്. |

933/2016.

| | | |
|---|---|---|
| | | |
| 4 1.13 | | താഴെപ്പറയുന്ന 4 പ്രവൃത്തികൾക്ക് 12/2000 മുതൽ 3/2002 വരെയുള്ള കാലയളവുകളിലായി ഗുണഭോക്തൃസമിതി കൺവീനർമാർക്ക് മുൻകൂറായി 3.99 ലക്ഷം രൂപാ നൽകിയിരുന്നു.<br>(1) കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ നിർമ്മിതി SC കോളനി സാംസ്കാരിക നിലയം നിർമ്മാണം Rs.99,000/-<br>(2) മഞ്ഞപ്പള്ളിക്കുന്ന് SC കോളനി സാംസ്കാരിക നിലയം, നിർമ്മാണം Rs.1,00,000/-<br>(3) പൂർണികാവ് ഹരിജൻകോളനി സാംസ്കാരിക നിലയം നിർമ്മാണം Rs.1,00,000/-<br>(4) ഏലക്കാട് ഹരിജൻ കോളനി റോഡ് പുനരുദ്ധാരണം Rs.1,00,000/-<br>ഒന്നും രണ്ടും വർക്കുകൾ പണി പൂർത്തീകരിക്കുന്നതിന് കൺവീനർമാർക്ക് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ നോട്ടീസ് നൽകിയിട്ടും പണി തുടങ്ങാത്തതിനാൽ ടിയാളുകൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു കഴിഞ്ഞു.<br>മേൽ മറുപടികൾ സ്വീകരിച്ച് ഓഡിറ്റ് |

| | | |
|---|---|---|
| | | പരാമർശം അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു |
| 4.1.14 | ശുപാർശകൾ | |
| | | ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ശുപാർശകൾ യഥാവിധി ഭാവിയിൽ പാലിച്ചുകൊള്ളാമെന്ന് ഇതിനാൽ അറിയിക്കുന്നു. |
| * | | |
| * | | |
| * | | |

| | | |
|---|---|---|
| 4.2 | | |
| | | |
| | | 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തുകൾ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടത്താൻ വ്യവസ്ഥയുണ്ട്. അതുപ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് മീൻവല്ലം ജലവൈദ്യുത പദ്ധതിക്കു വേണ്ടി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ ഊർജ്ജലഭ്യത ഉറപ്പുവരുത്തുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾ കൊണ്ട് സാധിക്കുമെന്ന കാഴ്ചപ്പാടോടുകൂടിയാണ് പാലക്കാട് ജില്ലാ പഞ്ചായത്ത് മീൻവല്ലാ ചെറുകിട ജലവൈദ്യുത പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കാൻ തീരുമാനിച്ചത്. ഗവൺമെൻറ് പവർ<br>വകുപ്പ് ഉത്തരവ് നമ്പർ.G.O(MS)No. 15/98/PD തീയതി 22-4-1998 അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് പാലക്കാട് ജില്ലാ |

പഞ്ചായത്തിനെ അധികാരപ്പെടുത്തി. കേരള ഗവൺമെൻറ് കത്ത് നമ്പർ 45776/ Q2/96 LAD തീയ്യതി 20-8-1997-ലെ നിർദ്ദേശം അനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 20-1-1999 ൽ "പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി (PSHC) " രൂപീകരിച്ചു.

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ കരിമ്പ പഞ്ചായത്തിൽ തൂതപ്പുഴയുടെ കൈവഴിയായ തുപ്പനാട് പുഴയിൽ മീൻവല്ലത്ത് ഒരു തടയണകെട്ടി 3MW ശേഷിയും പ്രതിവർഷം 84 ലക്ഷം യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കാൻ കഴിയുന്നതുമായ ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പരിസ്ഥിതിയിലുള്ള കോട്ടവും പദ്ധതിചെലവും പരാമവധി കുറച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പാലക്കാട് മുണ്ടൂരിലുള്ള ഐ.ആർ.ടി.സി. എന്ന സ്ഥാപനത്തെ സാങ്കേതിക ഉപദേഷ്ടാക്കളായി നിയമിച്ചു. ഐ.ആർ.ടിസി വിശദമായ ഒരു പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ഗവൺമെൻറ് നിയമിച്ച ഒരു കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനകാ

| | | |
|---|---|---|
| | | ലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം 3000 ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണ് കരിമ്പ പഞ്ചായത്തിന്റെ ആകെ വൈദ്യുതി ആവശ്യമായ 3MW ഈ പദ്ധതി കൊണ്ട് ഉല്പാദിപ്പിക്കാൻ സാധിക്കും. കരിമ്പ പഞ്ചായത്തിലേയും അയൽ പഞ്ചായത്തുകളായ തച്ചമ്പാറ, മുണ്ടൂർ,പുതുപ്പരിയാരം, കൊങ്ങാട്, കടമ്പഴിപ്പുറം, കാരാക്കുറുശ്ശി പഞ്ചായത്തുകളിലേയും വോൾട്ടേജ് വർദ്ധിപ്പിക്കാനും ഒരു വർഷം ഏകദേശം 30 ലക്ഷം രൂപാ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാനും ഈ പദ്ധതികൊണ്ട് സാധിക്കും. ഇവിടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ കേരള ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിക്കാമെന്ന് സമ്മതിച്ച് പവർ പർച്ചേസ് എഗ്രിമെന്റ് (PPA)2007 ജനുവരി 23 ന് ഒപ്പു വെച്ചിട്ടുണ്ട്. ആദ്യത്തെ 5 വർഷം യൂണിറ്റ് ഒന്നിന് 2 രൂപ 50 പൈസാ നിരക്കിലും അടുത്ത 20 വർഷം 2 രൂപ 12 പൈസ നിരക്കിലും ആണ് വില നിശ്ചയിച്ചിട്ടുള്ളത്.<br>PSHC യുടെ ഭരണനിർവ്വഹണം, കമ്പനിയുടെ ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. കമ്പനിയുടെ നിലവിലുള്ള ഡയറക്ടർ ബോർഡിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു. |

| | | |
|---|---|---|
| | | 1. ശ്രീമതി.സുബൈദ ഇസ്ഹാക്ക്, ചെയർമാൻ (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)<br>2. ശ്രീ.ആർ.ചിന്നക്കുട്ടൻ , ഡയറക്ടർ (ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)<br>3. ശ്രീ.ടി.എൻ.കണ്ടമുത്തൻ, ഡയറക്ടർ, (പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)<br>4. ശ്രീ.കെ.വി.ഇബ്രാഹിം, ഡയറക്ടർ (വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)<br>5. ശ്രീ.അബ്ദുൾ സമദ്, ഡയറക്ടർ (മെമ്പർ, ജില്ലാ പഞ്ചായത്ത് സമിതി)<br>6. ഡോ.ആർ.വി.ജി.മേനോൻ, ഡയറക്ടർ (ഐ.ആർ.ടി.സി നോമിനി)<br>ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ KSEB പാലക്കാട് , സെക്രട്ടറി പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവരെ ഡയറക്ടർ ബോർഡ് മെമ്പർമാരാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.<br>മീൻവെല്ലം പദ്ധതി പൂർത്തീകരിക്കുന്നതിന് ആകെ ചിലവ് 10.86 കോടി രൂപയാണ് ഇതിൽ 2.71 കോടി രൂപ ഓഹരി മൂലധനമായും ബാക്കിയുള്ള തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായും സ്വരൂപിക്കാ |

| | | |
|---|---|---|
| | | നാണ് ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലാ പഞ്ചായത്ത് 1998-99-ൽ 81 ലക്ഷം രൂപയും 1999-2000-ൽ 102.88 ലക്ഷം രൂപയും (മൊത്തം 183.88 ലക്ഷം രൂപ) പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിക്ക് ഓഹരിയിനത്തിൽ നൽകിയിട്ടുണ്ട്. ജില്ലയിലെ നാല് ബ്ലോക്ക് പഞ്ചായത്തുകളും പന്ത്രണ്ട് ഗ്രാമ പഞ്ചായത്തുകളും ഓരോ ലക്ഷം രൂപ വീതം ഓഹരിയിനത്തിൽ നൽകിയിട്ടുണ്ട്.<br>പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 1.15 ഹെക്ടർ വനഭൂമി കൈമാറുന്നതിന് കേന്ദ്ര ഗവൺമെന്റ് വനം, പരിസ്ഥിതി വകുപ്പ് കത്ത് നം.ഇ(സി)എ/11.2/കെ.ഇ.ആർ/85/ഐ.പി തീയതി 21.09.1999 പ്രകാരം അനുവാദം നൽകി. തുടർന്ന് കേരള ഗവൺമെന്റ് ജി.ഒ (ആർ.ടി) നം.128/2000/എഫ്.ആന്റ് .ഡബ്ല്യൂ.എൽ.ഡി തീയതി 23.03.2000 പ്രകാരം 1.15 ഹെക്ടർ വനഭൂമി അനുവദിച്ച് ഉത്തരവായി. മണ്ണാർക്കാട് ഡി.എഫ്.ഒ പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ടിരിക്കുകയാണ്. 1.15 ഹെക്ടർ വനഭൂമി ജില്ലാ പഞ്ചായത്തിന് പാട്ടത്തിനു നൽകുന്നതിനായ എഗ്രിമെന്റിന്റെ കരട് രേഖ തിരുവനന്തപുരത്തുള്ള |

| | | |
|---|---|---|
| | | ഫോറസ്റ്റ് സെക്രട്ടറിക്ക് അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. അപ്രൂവൽ കിട്ടിയിട്ടില്ല.<br>പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടേൺകീ അടിസ്ഥാനത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (Silk) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുകയാണ്. Silk നൽകിയ ഓർഡറിന്റെ അടിസ്ഥാനത്തിൽ പെൻ സ്റ്റോക്കു പൈപ്പുകളും, ജനറേറ്ററുകളും എന്താനും മെഷിനറിയും എത്തിയിട്ടുണ്ട്. മെഷിനറി വാങ്ങുന്നതിലേക്കായി 1.07 കോടി രൂപ പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി Silk -ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്കുള്ള മൂന്ന് കിലോമീറ്റർ റോഡിന്റെ പണിയും ആവശ്യമായ വൈദ്യുതി ലൈനിന്റെ പണിയും പൂർത്തിയായിട്ടുണ്ട്.<br>NABARD ന്റെ RIDF സ്കീമിൽപ്പെടുത്തി ഈ പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിന് 2004 നവംബറിൽ അപേക്ഷ സമർപ്പിച്ചു. NABARD-ന്റെ പ്രതിനിധികൾ 18.07.2006-ന് പദ്ധതി പ്രദേശം സന്ദർശിക്കുകയുണ്ടായി NABARD 7.7932 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. അതിൽ 155.86 ലക്ഷം രൂപ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | ആവശ്യമായ ഭൂമി ലഭിച്ചു കഴിഞ്ഞാൽ 18 മാസങ്ങൾക്കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |
| 4.3 | | |
| | | |
| | | ജില്ലാ കളക്ടർ ചെയർമാനായുള്ള വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കു വിധേയമായാണ് കൽക്കട്ട കമ്പനിക്കു കരാർ നൽകിയത്. എം.പി. ഫണ്ടിൽ നിന്നുമാണ് 9.8 ലക്ഷം രൂപാ നൽകിയത്. ജില്ലാ കളക്ടർ ചെയർമാനായ നിർമ്മിതി കേന്ദ്രമാണ് സിവിൽ ജോലികൾ നടത്തിയത്. കമ്പനി സപ്ലൈ ചെയ്ത ഉപകരണങ്ങളിലെ അപാകതകൾ സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൂടി വിദഗ്ദ്ധ സമിതി ചർച്ച ചെയ്യുകയും ടി കമ്മിറ്റിയുടെ തീരുമാന പ്രകാരം ബാങ്ക് ഗ്യാരൻറി പുതുക്കാതെ 6.46 ലക്ഷം രൂപാ വീണ്ടും നൽകി. തുക കൈപ്പറ്റിയ ശേഷം കമ്പനി ഇറക്ഷൻ ജോലികൾ ഭാഗികമായി പൂർത്തീകരിച്ചു. സിവിൽ ജോലികൾ പൂർ |

| | | |
|---|---|---|
| | | ത്തീകരിക്കാത്തതു കൊണ്ടാണ് ഫർണസ് ഇറക്ഷൻ പൂർത്തിയാക്കാത്തതെന്ന് കാരണം പറഞ്ഞ് പണി തുടർന്നില്ല. സിവിൽ ജോലികളിൽ വൈദ്യുതീകരണം , ജലവിതരണം, പെയിൻറിങ്ങ് എന്നിവയൊഴികെ ബാക്കി പ്രവൃത്തികൾ 15 ലക്ഷം രൂപ ചെലവിൽ നിർമ്മിതി കേന്ദ്രം പൂർത്തിയാക്കിയിട്ടുണ്ട്. 31/11/2000-ൽ കമ്പനിക്കും നിർമ്മിതി കേന്ദ്രത്തിനും പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകി. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിവിൽ ജോലികൾ പൂർത്തീകരിക്കാമെന്ന് നിർമ്മിതി കേന്ദ്രം സമ്മതിച്ചെങ്കിലും പ്രാവർത്തികമായില്ല. 2001 ഒക്ടോബറിൽ നടന്ന മറ്റൊരു യോഗത്തിൽ കൽക്കട്ട കമ്പനി പ്രതിനിധികൾ പങ്കെടുക്കുകയും പണി തുടരാമെന്ന് സമ്മതിക്കുകയും ചെയ്തുവെങ്കിലും അതും പ്രാവർത്തികമായില്ല. 2003 ജൂലായിൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ കോർപ്പറേഷൻ വക്കീലിനെ ചുമതലപ്പെടുത്തി. 2004 ഒക്ടോബറിൽ വക്കീൽ നോട്ടീസ് അയച്ചു. കമ്പനി നൽകിയ മറുപടിയിൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കാത്തത് ചൂണ്ടിക്കാണിക്കുകയും കാലതാമസം മൂലം വില വർദ്ധനവ് സംഭവിച്ചതി |

| | | |
|---|---|---|
| | | നാൽ ഉടമ്പടി നിരക്കിൽ വേല പൂർത്തീകരിക്കാൻ കഴിയില്ലെന്നും നെഗോഷ്യേറ്റ് ചെയ്ത് കരാർ പുതുക്കി പണി പൂർത്തീകരിക്കാൻ തയ്യാറാണെന്നും കമ്പനി വ്യക്തമാക്കി. 02-10-2005-ൽ പുതിയ നഗരസഭാകൗൺസിൽ നിലവിൽ വരികയും തുടർന്ന് നടത്തിയ ചർച്ചകളിൽ ക്രമറ്റോറിയത്തിന്റെ ദിശ മാറ്റുന്നതിനും ബാക്കി പണികൾക്ക് 6.35 ലക്ഷം രൂപ വേണമെന്നും കമ്പനി ആവശ്യപ്പെട്ടു. തുടർ ചർച്ചകളിൽ 6.3 ലക്ഷം എന്നത് 3.25 ലക്ഷം രൂപ എന്നാക്കി ചുരുക്കിയെങ്കിലും ആയതിന് ബാങ്ക് ഗ്യാരന്റി വേണമെന്ന വ്യവസ്ഥ കമ്പനി അംഗീകരിച്ചില്ല. തുടർന്ന് കമ്പനിക്കെതിരെ നോട്ടീസ് നൽകി. ബാങ്ക് ഗ്യാരൻറിയുടെ അടിസ്ഥാനത്തിൽ അഡ്വാൻസ് വാങ്ങാൻ കമ്പനി തയ്യാറായെങ്കിലും തുടർന്ന് ഫണ്ടുകൾ കമ്പനിക്കു നൽകുവാൻ നാളിതുവരെ നടത്തിയ പണികൾ ഫലപ്രദമാകാത്തതിനാൽ പണി ആരംഭിച്ച് പുരോഗതിയുമായി ബന്ധപ്പെടുത്തി മാത്രമേ അഡ്വാൻസ് നൽകുകയുള്ളുവെന്ന് നഗരസഭ തീരുമാനിച്ചു. 12-6-2008-ലെ കൗൺസിൽ തീരുമാനപ്രകാരം ഉടമ്പടി റദ്ദുചെയ്യും കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റി ടെണ്ടർ |

| | | |
|---|---|---|
| | | ചെയ്യുന്നതിനും നഗരസഭയുടെ നഷ്ടം കമ്പനിയിൽ നിന്ന് ഈടാക്കാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്. നിയമ നടപടികൾ സ്വീകരിക്കുന്നതിന് 25-07-08 ൽ . കോർപ്പറേഷൻ വക്കീലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| | | |

| | | |
|---|---|---|
| | | |
| 4.4. | | |
| | | കോർപ്പറേഷൻ പരിധിയിലെ 50 ഓളം കശാപ്പു ലൈസൻസുകളും കശാപ്പ് തൊഴിലാളികളു മാണ് പ്രധാന ഉപയോക്താക്കൾ. പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് അവർ യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ വന്നതിനാൽ കാലോചിതമായി കേടുപാടുകൾ സംഭവിച്ച് |

പ്രായോഗിക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആധുനിക രീതിയിൽ ഒരു മാടിനെ കശാപ്പുചെയ്ത് സംസ്കരിക്കാൻ അരമണിക്കൂർ വേണ്ടപ്പോൾ പഴയ രീതിക്ക് 10 മിനിറ്റു മതി.

(2) കച്ചവട താൽപ്പര്യാർത്ഥം വരുന്ന ഉപയോക്താക്കൾ ഒരേ സമയം കശാപ്പു നടത്തി വില്പനയ്ക്കായി കൊണ്ടുപോകണമെന്ന ആവശ്യം ആധുനിക രീതിയിൽ സാധ്യമല്ല.

(3) ആധുനിക രീതിയിൽ മാംസം സംസ്ക്കരണം പൂർത്തിയാക്കാൻ 6-8 ഘട്ടങ്ങൾ വേണം. ഓരോ ഘട്ടത്തിലും വിദഗ്ദ്ധരായ തൊഴിലാളികളെ ആവശ്യമുണ്ട്. ഇതുമൂലം നിലവിൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സാദ്ധ്യത കുറയും.

ഈ സാഹചര്യത്തിൽ പൊതുജനാരോഗ്യം കണക്കിലെടുത്ത് അനധികൃത കശാപ്പു തടയുന്നതിന് ആധുനിക അറവുശാലാ കെട്ടിടം തന്നെ പഴയരീതിയിലുള്ള കശാപ്പിനായി ഉപയോഗിക്കുകയാണ് ചെയ്തിട്ടു

ള്ളത്. അതിനായി താഴെക്കാണിക്കുന്ന സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്.

1) ഗുണനിലവാര പരിശോധന നടത്തുന്നതിന് വെറ്റിനറി സർജൻ ക്ലീനിംഗ് പ്രവർത്തികൾക്ക് ഹെൽത്ത് ഇൻസ്പെക്ടർമാർ ആവശ്യമായ തൊഴിലാളികൾ എന്നിവരെ നിയമിച്ചു.
2) ജലം, വൈദ്യുതി എന്നിവ ലഭ്യമാണ്.
3) ആൻറിമോർട്ടം ഇൻസ്പെക്ഷൻ ആവശ്യമായ മൃഗങ്ങളെ സൂക്ഷിക്കുന്ന ലെയ്റേജ് , മൃഗങ്ങളെ സുരക്ഷിതമായി ഇറക്കുന്നതിനുള്ള റാമ്പ്, കുടിവെള്ള സൗകര്യം എന്നിവ സജ്ജമാണ്.
4) തൊഴിലാളികൾക്കായി സാനിറ്റേഷൻ സൗകര്യങ്ങളും, ഡ്രസ്സിംഗ് റൂമും തയ്യാറാക്കിയിട്ടുണ്ട്.
5) കൂടാതെ ഇതേ കെട്ടിടവും ഉപയോഗപ്പെടുത്താവുന്ന നിലവിലുള്ള യന്ത്രസാമഗ്രികളും വിനിയോഗിച്ച് ആധുനിക രീതിയിൽ തന്നെ അറവുശാല സജ്ജമാ

| | | |
|---|---|---|
| | | ക്കുവാൻ വെറ്ററിനറി കോളേജ് മീറ്റ് ടെക്നോളജി വിഭാഗം അദ്ധ്യക്ഷൻ തയ്യാറാക്കിയ പദ്ധതി രേഖയ്ക്ക് കൗൺസിൽ അംഗീകാരം നൽകുകയും അത് നടപ്പാക്കുന്നതിന് നടപടികൾ ചെയ്തു വരികയും ചെയ്യുന്നു.<br>പരിസരമലിനീകരണം നിയന്ത്രിക്കുവാൻ താഴെപ്പറയുന്ന സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.<br>1) ഖരമാലിന്യ സംസ്കരണത്തിന് ആധുനിക ബയോഗ്യാസ് പ്ലാൻറ് 2007-ൽ സ്ഥാപിച്ചു.<br>2) സ്വീവേജ് ട്രീറ്റ്മെൻറിന് നിലവിലുള്ള ട്രീറ്റ്മെൻറ് പ്ലാൻറിൻെറ നവീകരണം, റിപ്പയർ എന്നീ പണികൾ പൂർത്തിയായി വരുന്നു.<br>3) അറവുചാണകം സൂക്ഷിക്കുന്നതിന് വലുപ്പമേറിയ ഡങ്ങ്പിറ്റ് സ്ഥാപിച്ചിട്ടുണ്ട്.<br>4) അനൈറോബിക് ഡൈജഷൻ പ്ലാൻറിലെ മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നു. |

| | | |
|---|---|---|
| | | മേൽസംവിധാനങ്ങൾ പരിശോധിച്ച് തൃപ്തികരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അറവുശാലയ്ക്ക് ലൈസൻസ് നൽകുന്നതിന്വേണ്ട ഫീസ് അടയ്ക്കുന്നതിന് അനുമതി നൽകുകയും ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 4.5 | | |
| | | |
| | | ഈ പദ്ധതിക്ക് വടക്കേവിള വില്ലേജിൽ സർവ്വേ നമ്പർ 155- പാർട്ടിലെ 56.88 ആർ സ്ഥലം അക്വയർ ചെയ്ത് റെയിൽവെയ്ക്ക് നൽകുന്നതിന് സർക്കാരിന്റെ അനുമതിയും സർട്ടിഫിക്കറ്റും |

| | | |
|---|---|---|
| | | ലഭിച്ചിട്ടുള്ളതാണ്. റവന്യൂ അധികൃതർ 21-7-98-ൽ നിർദ്ദേശിച്ചതനുസരിച്ച് സർവ്വെ നമ്പരിലും അളവിലും ആണ് മേൽ പറയുന്ന ഭൂമി. 17-7-99-ൽ റവന്യൂ അധികൃതർ അറിയിച്ചതനുസരിച്ച് സർവ്വെ നമ്പരിലും ഭൂമിയുടെ വിസ്തീർണ്ണത്തിലും (റീ- സർവ്വെ 155.9 പാർട്ട്, 155.10-55.59 ആർ) വ്യത്യാസമുള്ളതിനാൽ പുതിയ അപേക്ഷ ആവശ്യമാണ് എന്നറിയിച്ചതനുസരിച്ച് ടി ഭൂമി അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് 30-07-99-ലെ കൗൺസിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുപാതത്തിന് അപേക്ഷ സമർപ്പിച്ച് സ്ഥലമേറ്റെടുക്കുന്നതിന് സർക്കാരിന്റെ ഉത്തരവും സർട്ടിഫിക്കറ്റും ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവും ലഭിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ട്. 1.13 കോട് രൂപ റവന്യൂ വകുപ്പിൽ അടച്ചിട്ടുണ്ട്.<br>റെയിൽവെയ്ക്ക് ഭൂമി അക്വയർ ചെയ്ത് നൽകാൻ കഴിയുന്നതാണെന്ന ധാരണയിൽ റെയിൽവേ ക്വാർട്ടേഴ്സുകൾ മാറ്റി പണിയുന്നതിന് ആണ് നഗരസഭ 46.44 ലക്ഷം രൂപ നൽകിയത്. |

| | | |
|---|---|---|
| 4.6 | | |
| | | പട്ടാഴി ഗ്രാമ പഞ്ചായത്തിൻെറ ധനസ്ഥിതി 1997-98 മുതൽ 2004-05 വരെ വളരെ മോശമായിരുന്നു. മൈനസ് ഫണ്ട് ആയതിനാൽ അനിവാര്യ ചുമതലകൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിവർ മാനേജ്മെൻറ് ഫണ്ടും യഥാസമയം ഒടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 30-06-02-ൽ മണൽ വാരലിനുള്ള അനുവാദം ജില്ലാകളക്ടർ പിൻവലിച്ചു. മണൽവാരൽ പുനസ്ഥാപിക്കുവാൻ പഞ്ചായത്ത് അപേക്ഷ നൽകി. നിജസ്ഥിതി ബോദ്ധ്യപ്പെടുത്തിയതിൻെറ അടിസ്ഥാനത്തിൽ 27-12-2004-ൽ മണൽ വാരൽ പുനസ്ഥാപിക്കുന്നതിന് കളക്ടർ അനുമതി നൽകുകയും കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുവാനും ഉത്തരവു നൽകി. ടി കുടിശ്ശിക തുക 12/2008-ൽ പൂർണ്ണമായും ഒടുക്കുകയുണ്ടായി. |
| | | |

| | | |
|---|---|---|
| 4.7 | | |
| | | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് റിപ്പോർട്ടിൽ അനധികൃത മണൽ വാരൽ മൂലമുണ്ടായ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ 25/4/2009-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി വിശദമായ ചർച്ച ചെയ്ത് എടുത്ത 12-ാം നമ്പർ തീരുമാനം ചുവടെ ചേർക്കുന്നു.<br>വെൺമണി ഗ്രാമപഞ്ചായത്തിൽ മണൽ വാരുന്നതിന് 2002 ഒക്ടോബർ മുതൽ 2005 മാർച്ച് വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ നിന്നും പാസ്സുകൾ നൽകാതിരുന്നതു മൂലം പഞ്ചായത്തിനും സർക്കാരിനും 48.50 ലക്ഷം രൂപയുടെ വരുമാനനഷ്ടം ഉണ്ടായതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു. ടി കാലയളവിൽ പഞ്ചായത്തിലെ അംഗീകൃത കടവുകളിൽ നിലനിന്നിരുന്ന തൊഴിൽ തർക്കങ്ങളും ഒരു ലോഡ് മണലിന് പഞ്ചായത്ത് ഏർപ്പെടുത്തിയിരുന്ന മണൽ പാസ്സിൻെറ വിലയായ 450/- രൂപ വളരെ കൂടുതലാണെന്നുള്ള ഒരു വിഭാഗം തൊഴിലാളികളുടെ പ്രതിഷേധവും മൂലം മണൽ വാരി വിൽക്കുന്നതിന് ടി |

കാലയളവിൽ പഞ്ചായത്തിനു കഴിഞ്ഞിരുന്നില്ല.

അനധികൃത മണൽവാരൽ നടക്കുന്നുണ്ടെന്നും കടവു കമ്മിറ്റി മാത്രം ബന്ധപ്പെട്ടാൽ ഇതു തടയുന്നതിന് സാധിക്കുകയില്ല എന്ന് പഞ്ചായത്തിനു ബോധ്യപ്പെട്ടതിൻെറ വെളിച്ചത്തിൽ ഇത് തടയുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിനോട് 08/09/2002-ൽ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ളതും കടവുകളിലേക്കുള്ള വഴി താഴിട്ടുപൂട്ടിയതടക്കമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതുമാണ്.

തുടർന്ന് തൊഴിൽതർക്കങ്ങളും മറ്റും പരിഹരിച്ചതിനെ തുടർന്ന് 2005-06 വർഷത്തിൽ 133 ദിവസവും 2007-08 വർഷത്തിൽ 67 ദിവസവും മണൽ വാരൽ നടത്തിയിട്ടുള്ളതുമാണ്. 2005-06,2006-07, 2007-08 എന്നീ വർഷങ്ങളിലെ മണൽ വാരാൻ കഴിഞ്ഞ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 48.50 ലക്ഷം രൂപയുടെ വരുമാനനഷ്ടം ഉണ്ടായി എന്നതു അനുമാനം മാത്രമാണെന്ന് പഞ്ചായത്തിന് ഉത്തമബോധ്യം വന്നിട്ടുള്ളതുമാണ്. മാത്രമല്ല

| | | |
|---|---|---|
| | | മണൽ വാരാൻ കഴിയാത്ത കാലയളവിൽ അനധികൃതമണൽ വാരൽ തടയുന്നതിന് പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br>2002 ഒക്ടോബർ മുതൽ 2005 മാർച്ച് വരെ മണൽ വാരാൻ കഴിയാതിരുന്നത് തൊഴിൽ തർക്കം മൂലമാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ ഭാഗത്തുനിന്നും വീഴ്ച ഒന്നും ഉണ്ടായിട്ടില്ലായെന്നും പഞ്ചായത്തു കമ്മിറ്റിക്കു ഉത്തമ ബോധ്യം വന്നിട്ടുള്ളതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. അക്കൗണ്ടൻറ് ജനറലിനോട് അഭ്യർത്ഥിക്കുകയും ആയതിൻെറ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തീരുമാനം സഹിതം അക്കൗണ്ടൻറ് ജനറലിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| 4.8 | | |
| | | |

| | | |
|---|---|---|
| | | ചേർത്തല നഗരസഭയുടെ പദ്ധതി തുകയും കൈമാറി തന്ന വകുപ്പുകൾക്കുള്ള തുകയും ഒരുമിച്ച് നഗരസഭയുടെ ജനറൽ പി.ഡി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. 1999-2000 ലാണ് ജനറൽ പി ഡി അക്കൗണ്ടിലെ നീക്കിയിരിപ്പ് 01-4-1999-ൽ 2731414 രൂപ ആയിരുന്നത് 5624644 രൂപ എന്ന് തെറ്റായി ട്രഷറി അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി 27 ലക്ഷത്തോളം രൂപ കൂടുതലായി ചെലവഴിക്കുകയാണുണ്ടായത്. അധികാരവികേന്ദ്രീകരണം മൂലം വർദ്ധിച്ചുവരുന്ന ജോലി ഭാരം മൂലം നഗരസഭാ ഓഫീസിലും സബ് ട്രഷറിയിലും യഥാസമയം കണക്കുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിരുന്നില്ല എന്ന് കാണുന്നു. ആയതിനാലാണ് ഈ തെറ്റുകൾ കണ്ടുപിടിക്കാൻ കഴിയാതെ പോയത്. എന്നാൽ തെറ്റുകൾ മനസ്സിലാക്കിയപ്പോൾ എം.എഫ്. പി.ഡി. അക്കൗണ്ടിലേയ്ക്ക് 30 ലക്ഷം രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടി വന്നു. മറ്റുവരുമാനസ്രോതസ്സുകൾ ഒന്നുംതന്നെ |

ഇല്ലായിരുന്നതിനാലാണ് ജനറൽ പി ഡി അക്കൗണ്ടിൽ നിന്നും തുക മാറിയത്. നഗരസഭയിലെ സ്ക്കൂളുകൾ, ഭവനപദ്ധതികൾ, റോഡ് പണികൾ, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം തുടങ്ങിയവ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്.

എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടു മൂലം ടി തുക തിരികെ ജനറൽ പി ഡി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു സാധിച്ചിട്ടില്ല. മറുപടി പരിഗണിച്ച് ടി തുക തിരികെ അടയ്ക്കുന്നതിന് സാവകാശം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ട് 24-01-08-ലെ ഇതേ നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഗവൺമെൻറ് സെക്രട്ടേറിയറ്റ് കത്ത് എഴുതിയിട്ടുള്ളതാണ്. മുനിസിപ്പൽ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ തിരികെ അടയ്ക്കുന്നതിനായി കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത വിവരം 5.2.09-ലെ പി.ഡബ്ല്യു3/9097/2007 നമ്പർ കത്ത് പ്രകാരം അക്കൗണ്ടൻറ് ജനറലിന് മറുപടി അയച്ചിട്ടുള്ളതാണ്. ആയതിൻപ്രകാരം 08-04-2009-ലെ അക്കൗണ്ടൻറ് ജനറലിൻെറ LBA (MQ)IV/8 A-423/08-09 നമ്പർ കത്തിൽ

| | | |
|---|---|---|
| | | പ്രസ്തുത വിഷയം സംബന്ധിച്ച കൗൺസിൽ തീരുമാനം അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| 4.9 | | |
| | | |
| | | തിരുവനന്തപുരം നഗരസഭ നൽകിയ മറുപടി പ്രകാരം തുകകൾ കൈപ്പറ്റി പ്രവർത്തി നടത്തിയശേഷം തുകകൾ ക്രമവൽക്കരിക്കാത്ത ബന്ധപ്പെട്ട ജീവനക്കാർക്ക് മെമ്മോ നൽകുകയും, മെമ്മോ കൈപ്പറ്റിയശേഷവും ക്രമവൽക്കരിക്കാത്ത ജീവനക്കാർക്ക് അവരുടെ ശമ്പളത്തിൽ നിന്നും 18% പലിശയുൾപ്പെടെ ഈടാക്കുന്നതിന് വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിൻമേലുള്ള അനന്തരനടപടികൾ തുടർന്നുവരുന്നു.<br>ക്രമവൽക്കരിക്കപ്പെട്ട തുകകളുടെ കണക്ക് താഴെക്കൊടുക്കുന്നു.<br>2002-03-(1999 മുതൽ കാരി ഓവർ ചെയ്യു |

ത് 2.34 ലക്ഷം ബാക്കി നിൽക്കുന്നത് 18.95 ലക്ഷം

2003-04 ക്രമവൽക്കരിച്ചത്- 0.87 ലക്ഷം ബാക്കി -9.80 ലക്ഷം.
2004-05- ക്രമവൽക്കരിച്ചത് 1.15 ലക്ഷം ബാക്കി- 2.54 ലക്ഷം.
2005-06- ക്രമവൽക്കരിച്ചത് 0.36 ലക്ഷം ബാക്കി 49.49 ലക്ഷം

2006-07 ക്രമവൽക്കരിച്ചത്-0.09 ലക്ഷം ബാക്കി 9.18 ലക്ഷം.
2007-08- ക്രമവൽക്കരിച്ചത് 10.55 ലക്ഷം ബാക്കി 11.10 ലക്ഷം
2008-09- ക്രമവൽക്കരിച്ചത് 13.45 ലക്ഷം ബാക്കി- 18.57 ലക്ഷം

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.